അധികാരം ജനങ്ങളിലേക്ക്



# നടത്തറ ഗ്രാമപഞ്ചായത്ത്
# ജനകീയ ആസൂത്രണം

# ഗ്രാമവികസന രേഖ '96

2

# ഒമ്പതാംപദ്ധതി ജനകീയ പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

# ഗ്രാമവികസന രേഖ

## നടത്തറ ഗ്രാമപഞ്ചായത്ത്

**1996**



എഡിറ്റർ
**എ.ആർ.രവി**

പത്രാധിപസമിതി
**പി.രാധാകൃഷ്ണൻ**
**സി.കെ.രാമചന്ദ്രൻ**
**കെ.എൻ.വിജയകുമാർ**
**പി.ഒ.ദേവസ്സി**
**ടി.ജെ.ബാബു**

ടൈപ്പ് സെറ്റിങ്ങ്
**വേഡ്, തൃശൂർ, ഫോൺ: 26433**

പ്രിന്റിങ്ങ്
**വെസ്റ്റ്ഫോർട്ട് ഓഫ്സെറ്റ് പ്രിന്റേഴ്സ്, തൃശൂർ**



# മുഖവുര

ശ്രീധരൻ കാട്ടുങ്ങൽ
പ്രസിഡന്റ്
നടത്തറ പഞ്ചായത്ത്

1961 ൽ നിലവിലുള്ള പുത്തൂർ പഞ്ചായത്തിൽനിന്നും, വേർതിരിച്ച് രൂപംകൊണ്ടതാണ് നടത്തറ പഞ്ചായത്ത്. നടത്തറ, കൊഴുക്കുള്ളി, മുളയം എന്നീ റവന്യൂ വില്ലേജുകൾ ഉൾക്കൊണ്ടതാണ് ഈ പഞ്ചായത്ത്. സാധാരണ കർഷകരും കർഷക തൊഴിലാളികളും ആണ് അധികവും ജനസംഖ്യയിൽ ഒരു സമ്മിശ്ര സമ്പദ് ഘടനയാണ് പഞ്ചായത്തിലെ ജനങ്ങളുടേത്.

തൃശൂർ പട്ടണത്തിന്റെ തൊട്ടു കിടക്കുന്നതും പകുതിയോളം ഭൂപ്രദേശങ്ങളും, ജനസംഖ്യയും ഒരു പട്ടണസാദൃശ്യം പുലർത്തുന്നതും ആണ്.

പുരാതന ചരിത്രം പരിശോധിച്ചാൽ, ഈ പഞ്ചായത്തിലെ ജനങ്ങൾ, പണ്ടത്തെ കൊച്ചിരാജ്യത്ത് തന്നെ മുൻപന്തിയിൽ നിൽക്കുന്ന പലതിന്റേയും മുൻപന്തിക്കാരാണ്.

തച്ച്ശാസ്ത്രം, കവിത, വേദം, ശാസ്ത്രം, ഉപനിഷത്തുക്കൾ എന്നിവയിലെ നിപുണന്മാരും കരകൗശലക്കാർ കഠിനാദ്ധ്വാനികൾ, എന്നുവേണ്ട എല്ലാതരത്തിലും വിദഗ്ധർ താമസിക്കുന്ന ഒരു പ്രദേശമാണ് നടത്തറ. 1963 ഡിസംബർ 18മുതൽ ശ്രീ എൻ.എസ്. ഉണ്ണികൃഷ്ണൻ മാസ്റ്ററുടെയും1965 നവമ്പർ 12 മുതൽ 87 വരെ ശ്രീ. ടി.ആർ ഗോവിന്ദൻ കുട്ടിയുടേയും നേതൃത്വത്തിലും, തുടർന്ന് 1988 ഫെബ്രു. 9 മുതൽ ശ്രീധരൻ കാട്ടുങ്ങലിന്റെ അദ്ധ്യക്ഷതയിലും, പഞ്ചായത്ത് ഭരണം നടന്നുവരുന്നു.

വികസന കാര്യത്തിൽ പഞ്ചായത്ത് ഭരണത്തിൽ ഒരിക്കലും, രാഷ്ട്രീയ അഭിപ്രായവ്യത്യാസം ഇല്ലാതെ കൂട്ടായ്മയിൽ പ്രവർത്തിക്കുന്നതാണ് ഈ പഞ്ചായത്തിന്റെ ഇന്നുള്ള പല ഉയർച്ചക്കും കാരണം.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന പഞ്ചായത്താണെങ്കിലും കേന്ദ്ര സർക്കാരിന്റേയും, സംസ്ഥാനസർക്കാരിന്റേയും, അതാത് കാലത്ത് ഉണ്ടാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിൽ ഈ പഞ്ചായത്ത് ഒരിക്കലും പറുകോട്ട് പോയിട്ടില്ല.

ബൽവന്ത് റായ് കമ്മറ്റിയുടേയും, അശോക മേത്ത കമ്മറ്റിയുടേയും കാലം തൊട്ട് പദ്ധതി ആസൂത്രണം, മുകൾതട്ടിൽ നടക്കുന്നതിന് പകരം, അടിത്തട്ടിൽനിന്നുവേണം എന്ന് ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിച്ചതാണ്.

73-74-ാം ഭരണ ഘടന ഭേദഗതിയോടെ പഞ്ചായത്ത്കൾക്ക് കൂടുതൽ അധികാരങ്ങൾ കിട്ടുകയും, സംസ്ഥാന സർക്കാരിന്റെ 1995 ലെ പഞ്ചായത്ത് രാജ് നിയമം, ജനങ്ങളുടെ ആഗ്രഹം സഫലമാക്കുകയും ചെയ്തിരിക്കയാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത കമ്മറ്റിയാണ് 1995 ഒക്ടോബർ 2-നു അധികാരം എറ്റെടുത്ത് ഭരണം കയ്യാളുന്നത്.

1997 ഏപ്രിൽ 1-ാംനു മുതൽ ആരംഭിക്കുന്ന 9-ാം പഞ്ചവത്സരപദ്ധതിക്കു അടിത്തട്ടിൽനിന്ന് വികസന ആസൂത്രണം നടത്തികൊണ്ടിരിക്കയാണ്.

ഈ പദ്ധതിയിൽ നടത്തറ പഞ്ചായത്തിന്റെ വികസനത്തിനും സാമ്പത്തികവും, സാമൂഹ്യവും ആയ അസമത്വം ഇല്ലായ്മ ചെയ്യുന്നതിന്നും, നാനാവിധത്തിലുള്ള ജനങ്ങളുടെ, ജീവിതത്തിന്റെ വളർച്ചക്കും ഉതകുന്ന പദ്ധതികളും ആയി ഈ ആമുഖ റിപ്പോർട്ട് നിങ്ങളുടെ മുൻപാകെ സമർപിച്ച് കൊള്ളട്ടെ.


NADATHARA PANCHAYAT
ADMINISTRATIVE MAP
DISTRICT: TRISSUR
OLLUKARA PANCHAYAT
CHALAMPADAM
CHAVARAMPADOM
PANANCHERRY PANCHAYAT
KOZHUKKULI
NELLANI
PAYYANAM
KECHERI
NADATHARA
PANCHAYAT OFFICE
PUTTUR PANCHAYAT
ASARIKADAM
IRAVIMANGALAM
OLLUR
PANCHAYAT
INDEX
Tar road
Puzha
Panchayat boundary

# പഞ്ചായത്ത് - പൊതുവിവരണം

| | | |
|---|---|---|
| 1. പഞ്ചായത്തിന്റെ പേര് | - | നടത്തറ ഗ്രാമപഞ്ചായത്ത് |
| 2. ഉൾപ്പെടുന്ന വില്ലേജുകൾ | - | നടത്തറ, കൊഴുക്കുള്ളി, മുളയം |
| 3. താലൂക്ക് | - | തൃശൂർ |
| 4. ബ്ലോക്ക് പഞ്ചായത്ത് | - | ഒല്ലൂക്കര |
| 5. ജില്ല | - | തൃശൂർ |
| 6. അസംബ്ലി മണ്ഡലം | - | ഒല്ലൂർ |
| 7. വിസ്തീർണ്ണം | - | 7.48 ച.മൈൽ |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | പാണഞ്ചേരി, ഒല്ലൂക്കര പഞ്ചായത്തുകൾ |
| കിഴക്ക് | - | പാണഞ്ചേരി, പുത്തൂർ പഞ്ചായത്തുകൾ |
| തെക്ക് | - | പുത്തൂർ, ഒല്ലൂർ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | - | തൃശൂർ മുനിസിപ്പാലിറ്റി, ഒല്ലൂർ, ഒല്ലൂക്കര പഞ്ചായത്തുകൾ |

| | | |
|---|---|---|
| ജനസംഖ്യ | - | 31857 (91 സെൻസസ് അനുസരിച്ച്) |
| വാർഡുകളുടെ എണ്ണം | - | 12 |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | - | ശ്രീ. ശ്രീധരൻ കാട്ടുങ്ങൽ |
| വൈസ് പ്രസിഡന്റ് | - | ശ്രീ. കെ.രാമനാഥൻ മാസ്റ്റർ |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | - | ശ്രീ. കെ.എൻ.വിജയകുമാർ |

## മുൻ പ്രസിഡന്റുമാർ



ശ്രീ.എൻ.എസ്.ഉണ്ണികൃഷ്ണൻ മാസ്റ്റർ



ശ്രീ. ടി.ആർ.ഗോവിന്ദൻകുട്ടി



ശ്രീ.ശ്രീധരൻ കാട്ടുങ്ങൽ
പ്രസിഡന്റ്



ശ്രീ.കെ.രാമനാഥൻമാസ്റ്റർ
വൈസ് പ്രസിഡന്റ്



ശ്രീ.കെ.എൻ.വിജയകുമാർ
സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ


NADATHARA PANCHAYAT OFFICE

# വാർഡ് മെമ്പർമാർ



ശ്രീ.ജോസ് തോമസ്



ശ്രീമതി. ടി.ആർ.മീര



കുമാരി. ടി.വി .ഓമന



ശ്രീ.സുബ്രഹ്മണ്യൻ മങ്ങാട്



ശ്രീ.ടി.ജെ.ബാബു



കുമാരി.വിലാസിനി ഇക്കണ്ടൻ



ശ്രീ.ടി.കെ.മാധവൻ



ശ്രീ.പി.ഒ.ദേവസ്സി



ശ്രീമതി. ശോഭനാ അർജ്ജുനൻ

# ബ്ലോക്ക് മെമ്പർമാർ



ശ്രീ.സി.കെ.വിജയൻ



ശ്രീ.വി.ടി.ആന്റണി



പഞ്ചായത്ത് ജീവനക്കാർ



പത്രാധിപസമിതി

# നടത്തറയെ ധന്യമാക്കിയ ബഹുമുഖ പ്രതിഭകൾ

| | |
|---|---|
| ● കെ.കെ.രാജ – | കവി, സാഹിത്യകാരൻ |
| ● ഡോ.കെ.കുഞ്ചുണ്ണിരാജാ – | സാഹിത്യകാരനും ബഹുഭാഷാപണ്ഡിതനും |
| ● ടി.എസ്.നായർ – | പ്രസിഡന്റിന്റെ വിശിഷ്ട സേവാമെഡൽ നേടിയ വ്യക്തി. |
| ● പി.ആർ. കൃഷ്ണൻമാസറ്റർ – | (എക്സ് M.L.A) സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനം. സ്വാതന്ത്ര്യ സമരസേനാനി. |
| ● ടി.എ. ബാലൻ – | ഗ്രാമോദ്ധാരണം സാമൂഹ്യ പ്രവർത്തനം, പത്രപ്രവർത്തനം |
| ● മുണ്ടോളി പുഷ്പകത്ത് നീലകണ്ഠൻമാസ്റ്റർ – | കലാ–സാംസ്ക്കാരിക പ്രവർത്തകൻ. മൂർക്കനിക്കര സ്കൂളിലെ ആദ്യത്തെ പ്രധാനാദ്ധ്യാപകൻ |
| ● കെ.ഒ. റപ്പായി – | കലാ സാംസ്കാരിക സാമൂഹ്യ പ്രവർത്തനങ്ങൾ |
| ● കെ.ടി.ജോൺമാസ്റ്റർ – | സാമൂഹ്യപ്രവർത്തനങ്ങൾ |
| ● കൈതാരത്ത് ദേവസ്സിമാസ്റ്റർ – | കലാ–സാംസ്കാരിക സാമൂഹ്യപ്രവർത്തനങ്ങൾ |
| ● ആനാംപറമ്പ് അച്ചുതൻ നമ്പൂതിരി – | സാമൂഹ്യസേവനം |
| ● ഇക്കണ്ടൻ എഴുത്തശ്ശൻ പി.കെ. – | സഹകാരി, പൊതുപ്രവർത്തനം |
| ● ഹരിഹര അയ്യർ – | സഹകാരി |
| ● റവ.ഫാദർ ജോൺ പാലോക്കാരൻ – | വിദ്യാഭ്യാസം |
| ● ടി.ആർ. കൃഷ്ണൻ മാസ്റ്റർ – | സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകൻ |
| ● എടത്തറ തങ്കപ്പൻ – | സ്വാതന്ത്ര്യ സമര പ്രവർത്തനം |
| ● മൂത്തേരി അയ്യപ്പൻ കുട്ടി – | സാമൂഹ്യസേവനം |
| ● പി.സി.റപ്പായി – | സഹകരണമേഖല |
| ● കുരിയാക്കോസ് – | സഹകരണം |
| ● കെ.ശങ്കരൻ കുട്ടിവാരിയർ – | പൊതുപ്രവർത്തനം |
| ● വി.എ.ഗോവിന്ദൻഎഴുത്തശ്ശൻ – | അദ്ധ്യാപകൻ, സാമൂഹ്യപ്രവർത്തകൻ |
| ● ടി.ജി.ഗോവിന്ദൻ എഴുത്തശ്ശൻ (തുപ്പാളിമാസ്റ്റർ) – | അദ്ധ്യാപകൻ, സാമൂഹ്യപ്രവർത്തകൻ |

*ഈ ലിസ്റ്റ് അപൂർണ്ണമാണെന്ന് ഞങ്ങളോർക്കുന്നു. പ്രത്യേകിച്ചും ജീവിച്ചിരിക്കുന്നവരും അല്ലാത്തവരുമായ നിരവധി മുൻ പഞ്ചായത്ത് മെമ്പർമാരടക്കം സാമൂഹ്യ–സാംസ്കാരിക കലാ–കായിക രംഗങ്ങളിൽ നടത്തറയുടെ യശഃസ്സുയർത്തിയവർ നിരവധിയാണ്. അവരെയും സാദരം സ്മരിക്കുന്നു.*

# ഉള്ളടക്കം

## ഭാഗം I

ആമുഖം

പഞ്ചായത്ത് പൊതുവിവരണം

ചരിത്രം

ഭൂപ്രകൃതി

## ഭാഗം II

സാമൂഹ്യ സാമ്പത്തിക മേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5. വിദ്യാഭ്യാസം
6. ആരോഗ്യം കുടിവെള്ളം
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം.

# ഭാഗം ഒന്ന്

## ആമുഖം

## ചരിത്ര പശ്ചാത്തലം

## ഭൂപ്രകൃതി


NADATHARA PANCHAYAT
ENVIRONMENTAL APPRAISAL
125 0 125 250 375 500m
INDEX
Ridge crest
Hill crest
Side slope, gentle
Side slope, moderate
Side slope, moderately steep
Side slope, steep
Side slope, very steep
Foot slope
Valley floor
Flood plain
Levees
Terraces
Riverine alluvium
Laterite soil
Rock exposure
Reclaimed land
Clay mine
Tar road
Panchayat office

## ആമുഖം

# I. ജനകീയാസൂത്രണ പ്രസ്ഥാനം

### (a) വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രസക്തി

ഒരു പൊതു നിർവചനത്തിൽ ഒതുക്കി നിർത്താവുന്ന പദമല്ല "വികസനം". എങ്കിലും "ഗ്രാമത്തിന്റെ വികസനം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പൊതുവെ മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം, എന്നിവയടക്കമുള്ള ഭൗതിക പുരോഗതിതന്നെയാണ്. ഇതിൽ കാർഷിക വ്യാവസായിക രംഗത്ത് ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിക്കണം. സാമ്പത്തിക നേട്ടങ്ങൾ ജനങ്ങൾക്ക് നീതിപൂർവ്വം സ്ഥിരമായി ലഭ്യമാക്കണം. ചുരുക്കത്തിൽ സ്ഥായിയായതും, ദ്രുതഗതിയിലുള്ളതും, നീതിപൂർവ്വവുമായ ഒരു സാമ്പത്തിക വളർച്ചയാണ് വികസനം എന്നതുകൊണ്ട് പ്രധാനമായും നാം വിവക്ഷിക്കുന്നത്. വിദ്യാഭ്യാസപരവും, സാംസ്കാരികവും, മാനസികവുമായ ഉയർച്ച, ശാസ്ത്രസാമ്പത്തിക നേട്ടം, തുടങ്ങിയവ കൂടി കൂടിച്ചേർന്നാലേ വികസനം പൂർണ്ണമാവുകയുള്ളൂ.

ദീർഘകാലത്തെ ബോധപൂർവ്വമായ പരിശ്രമഫലംകൊണ്ട് കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരമുയർത്താൻ നമുക്കു സാധിച്ചിട്ടുണ്ട്. സാക്ഷരത, ആരോഗ്യം, പൊതുവിതരണസമ്പ്രദായം ഭൂനിയമം നടപ്പാക്കൽ എന്നിവയിൽ കേരളം മുൻപന്തിയിലുമാണ്. എന്നാൽ വ്യവസായം – ഉല്പാദനം – സാമ്പത്തികം എന്നീ മേഖലകളിൽ കേരളത്തിന്റെ സ്ഥാനം വളരെ പുറകിലാണ്. ആളോഹരി വരുമാനം, ആളോഹരി ഭൂസ്വത്ത്, തൊഴിൽ ലഭ്യത എന്നിവ കണക്കിലെടുക്കുമ്പോൾ നമ്മുടെ സ്ഥിതി ഒട്ടും അഭിമാനകരമല്ലെന്നു മാത്രമല്ല ആശങ്കാകുലമാണുതാനും. വ്യാവസായികരംഗത്ത്, പ്രത്യേകിച്ച് പരമ്പരാഗത വ്യവസായങ്ങൾക്ക് ഉണ്ടായിട്ടുള്ള മുരടിപ്പ് ഇതിനൊരു കാരണായി പറയപ്പെടുന്നു. കൃഷി പ്രത്യേകിച്ചും നെൽകൃഷി – ഒരു നഷ്ടക്കച്ചവടമായതുകൊണ്ട് ആർക്കും താല്പര്യമില്ലാത്ത അവസ്ഥയിലാണിന്ന്. ഭക്ഷണ കാര്യത്തിൽ അന്യസംസ്ഥാനങ്ങളെ ആശ്രിയിക്കേണ്ട ഗതികേട് "ദൈവത്തിന്റെ നാട്" എന്ന് ഉൽഘോഷിക്കുന്ന ഈ സസ്യ ശ്യാമള കോമളമായ കേരള നാടിന്ന് വന്നുചേർന്നിരിക്കുന്നു. തൊഴിലില്ലാത്തവർ പെരുകമ്പോഴും ഉല്പാദനമേഖലയിൽ അദ്ധ്വാനിക്കാൻ ആളില്ലാത്ത അവസ്ഥ ഇന്നുണ്ട്. ഇത് ഒട്ടും അഭികാമ്യമല്ല. അനിയന്ത്രിതമായി പ്രകൃതിയെ ചൂഷണം ചെയ്ത് ചെയ്ത് കാലാവസ്ഥപോലും പ്രവചനാതീതമായിരിക്കുന്നു. പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഫലമായി (കേന്ദ്രനയം) ഉണ്ടാകേണ്ട വ്യവസായ നിക്ഷേപ സാദ്ധ്യത ഉപയോഗപ്പെടുത്താൻ കേരളത്തിൽ ആരും ധൈര്യപ്പെടുന്നില്ല. മറിച്ച്, സ്വതന്ത്ര കമ്പോള വ്യവസ്ഥയിലെ മാത്സര്യവും, വിലക്കയറ്റവും, തൊഴിലില്ലായ്മയും നമ്മുടെ നാട്ടിൽ കടുത്ത പ്രതിസന്ധിതന്നെയാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. ഈ സ്ഥിതിവിശേഷം എങ്ങിനെ തരണം ചെയ്യാം എന്നതാണ് നമുക്ക് അഭിമുഖീകരിക്കേണ്ട പ്രധാന പ്രശ്നം.

രാജ്യത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് വിവിധ മേഖലകൾക്ക് മുൻഗണന നല്കിക്കൊണ്ട് സർക്കാർ പഞ്ചവത്സര പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിയത്. ഇത് കൂടാതെ മാറിമാറിവന്ന കേന്ദ്ര–സംസ്ഥാനസർക്കാരുകളും മറ്റു സ്വയംഭരണ ഏജൻസികളും സാമൂഹ്യ പരിഷകരണത്തിനും ജനക്ഷേമത്തിനും വേണ്ടി നിരവധി പദ്ധതികളും പരിപാടികളും നമ്മുടെ രാജ്യത്ത് നടപ്പാക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ നേട്ടങ്ങൾ ഇന്ന് നാം അനുഭവിക്കുന്നുമുണ്ട്. പക്ഷെ നാം ഉദ്ദേശിച്ച രീതിയിലും, വേഗത

## തൃശ്ശൂർജില്ലയുടെ ഭൂപടം



യിലും, പണച്ചെലവിലും ആണോ നമുക്കീ നേട്ട ങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് എന്ന് ചിന്തിക്കു മ്പോഴാണ് പദ്ധതികളിലും അവയുടെ നടത്തി പ്പിലും സംഭവിച്ചുപോയ പാളിച്ചകളെക്കുറിച്ച് നാം ബോധവാന്മാരാകുന്നതും, പുതിയൊരു ആസൂ ത്രണ തന്ത്രത്തിന്റെ ആവശ്യകത ബോദ്ധ്യമാവു ന്നതും. മുൻ പദ്ധതികളുടെ ആസൂത്രണത്തിന്റെ പ്രധാന പോരായ്മയായി വിദഗ്ധർ ചൂണ്ടിക്കാട്ടു ന്നത് ഇവയൊക്കെയാണ്.

1. പ്രാദേശിക വിഭവങ്ങളും, പ്രാദേശിക ആവ ശ്യങ്ങളും കണക്കിലെടുക്കാതെ "മുകളിൽ നിന്നും താഴോട്ട്" എന്ന രീതിയിലുള്ള കേന്ദ്രീകൃത ആസൂ ത്രണത്തിന്റെ ഫലമായി പദ്ധതി നടത്തിപ്പിൽ ജന ങ്ങൾക്കുണ്ടായ പങ്കാളിത്തക്കുറവ്.

2. ഇടത്തട്ടുകാരുടെ ചൂഷണവും, നീതികരിക്കാ നാവാത്ത് കാലതാമസവും.

3. പദ്ധതി നടത്തിപ്പിൽ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമില്ലാത്തതുകൊണ്ടും, ഒരേ ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ട്മെന്റ്കളുടെ ഒറ്റതിരിഞ്ഞ ഏകോപനമി ല്ലാത്ത പ്രവർത്തനംകൊണ്ടും ഉണ്ടായ പ്രശ്ന ങ്ങൾ.

4. പദ്ധതിനടത്തിപ്പിന്റെ ഫലം വിലയിരുത്തുന്ന തിന്നും തെറ്റുകൾ തിരുത്തി മുന്നോട്ട് പോകുന്ന തിനും ഉദ്യോഗസ്ഥ - രാഷ്ട്രീയ മേധാവികൾ അനുവർത്തിച്ച ഉദാസീനത.

മേൽപറഞ്ഞ പോരായ്മകൾ ഒരു പരിധിവരേ ക്കെങ്കിലും തടഞ്ഞുനിർത്തുന്നതിനും, കൂടുതൽ ലക്ഷ്യബോധത്തോടെ, ജനങ്ങളുടെ പ്രാദേശിക മായ ആശയാഭിലാഷങ്ങളും, നിർദ്ദേശങ്ങളും കണ ക്കിലെടുത്തുകൊണ്ട്, പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന്നുംവേണ്ടിയാണ് "വികേന്ദ്രീകൃ താസൂത്രണത്തിന്ന് 9–ാം പഞ്ചവത്സര പദ്ധതിയിൽ ഊന്നൽ നല്കിയിട്ടുള്ളത്. ഇക്കാര്യത്തിലും കേരളം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകാൻ വഴിയുണ്ട്.

**വികേന്ദ്രീകൃതാസൂത്രണം**

ഓരോ ഗ്രാമവും അതിന്റെ വിഭവശേഷിയും പ്രത്യേകതകളും, ആവശ്യങ്ങളും മുൻകൂട്ടികണ്ടു കൊണ്ട് വികസനപദ്ധതികൾ ആവിഷ്ക്കരിച്ച് നട പ്പാക്കാൻ ശ്രമിക്കുക. സ്വയം ചെയ്യാൻ കഴിയാ ത്തവ മാത്രം മുകൾത്തട്ടിലേക്ക് (ബ്ലോക്ക്/ജില്ലാ/ സംസ്ഥാനതലങ്ങൾ) നിർദ്ദേശിച്ച് നടപ്പാക്കിക്കുക. അധികാര വികേന്ദ്രീകരണത്തിന്റെ കാതലായ വശം ഇതാണ്. ചുരുക്കത്തിൽ ഗാന്ധിയൻ സ്വപ്ന മായ സ്വാശ്രയ ഗ്രാമം (ഗ്രാമസ്വരാജ്) എന്ന ലക്ഷ്യ ത്തിലേക്കുള്ള പ്രയാണത്തിന്റെ തുടക്കമാണിത്.

സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം കേന്ദ്ര-സംസ്ഥാന തലത്തിൽ ജനാധിപത്യം ശക്തി പ്രാപിച്ചുവെങ്കിലും അതിനുതാഴെയുള്ള ജില്ല/ പ്രാദേശിക തലങ്ങളിൽ ജനാധിപത്യത്തിന് അർഹ മായ അംഗീകാരം ലഭിച്ചില്ല. പ്രാദേശിക ഭരണകൂ ടങ്ങൾക്ക് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി) നിയമപ രമായി നിലനില്പു ഉറപ്പുവരുത്തുന്ന 73,74 ഭരണ ഘടനാഭേദഗതികളും 1995 ലെ കേരളാ പഞ്ചായത്ത് രാജ് നിയമവും ഇക്കാരയ്ത്തിൽ ശ്രദ്ധേയമായ ചുവടുവെപ്പുകളാണ്. 9–ാം പഞ്ചവത്സരപദ്ധതിക്കു വേണ്ടിയാണ് കേരളത്തിൽ ഗ്രാമതല ചർച്ചകൾ നടത്തി വികസന റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാ റാക്കി സമർപ്പിക്കുന്നതിന് ഒരു സമയ ബന്ധിത പരി പാടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചത്. ഇത നുസരിച്ചുള്ള കർമ്മപരിപാടികൾ ഈ പഞ്ചായ ത്തിലും ആവിഷ്ക്കരിച്ച് നടപ്പാക്കുകയുണ്ടി. പഞ്ചാ യത്ത് സമിതി ഇക്കാര്യത്തിൽ ഏകകണ്ഠമായ തീരുമാനമാണ് എടുത്തിട്ടുള്ളത്.

ഈ പഞ്ചായത്ത് സമിതി അധികാരമേറ്റ ഉടൻതന്നെ ഗ്രാമസഭകളുടെ പ്രഥമ യോഗങ്ങൾ വിളിച്ചുചേർക്കുകയും പ്രസിഡന്റും സഹപ്രവർത്ത കരും ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ടുമനസ്സിലാ ക്കുകയും ചെയ്തിട്ടുണ്ട്.

**പരിശീലനം/പ്രത്യേക ഗ്രാമസഭായോഗങ്ങൾ**

ജില്ലാ/പ്രാദേശിക തലത്തിൽ നടത്തിയ എല്ലാ പരിശീലന പരിപാടികളിലും പഞ്ചായത്ത് പ്രസി ഡന്റും, മെമ്പർമാരും പങ്കെടുക്കുകയുണ്ടായി. അത നുസരിച്ച് പഞ്ചായത്ത്തല ശില്പശാല 1996 സെപ്തംബർ 14–ാം തിയതി മൂർക്കനിക്കര ഗവ:സ്കൂളിൽവെച്ച് 150 ഓളം ഗ്രാമതല റിസോഴ്സ് പേഴ്സൺമാരെ പങ്കെടുപ്പിച്ച നടത്തുകയും ഗ്രാമ സഭയിൽ ചർച്ചകൾക്ക് നേതൃത്വം നല്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്തു. പഞ്ചായത്ത് പ്രസി ഡന്റ് ശ്രീ.ശ്രീധരൻ കാട്ടുങ്ങൽ അദ്ധ്യക്ഷം വഹി ച്ചയോഗം ഉൽഘാടനം ചെയ്തത് സ്ഥലം എം.എൽ.എ.ശ്രീ സി.എൻ.ജയദേവനാണ്. മുൻ പ്രസിഡന്റ് ശ്രീ.ടി.ആർ ഗോവിന്ദൻകുട്ടി, ശ്രീ.എം.പി.വർക്കി, നടത്തറ ഫാർമേഴ്സ ബാങ്ക് പ്രസിഡന്റ് എന്നിവർ ആശംസകളും ശ്രീമതി. ടി.വി.ഓമന പഞ്ചായത്ത് മെമ്പർ നന്ദിപ്രകടനവും നടത്തിയതോടെ ഉദ്ഘാടനയോഗം പര്യവസാനി ച്ചു. പിന്നീട്വ വിവിധ വിഷയങ്ങളെ ആസ്പദ

മാക്കി ശ്രീ.ടി.പീതാംബരൻ മാസ്റ്റർ, പ്രൊഫ.രഘു നന്ദനൻ, ശ്രീ.എ.ആർ.രവി എന്നിവർ ക്ലാസുകളെടുത്തു.

വിവിധ വാർഡുകളിൽ നടത്തിയ വിശേഷാൽ ഗ്രാമസഭകളുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഇതു കൂടാതെ വികസന റിപ്പോർട്ടിന്റെ ആമുഖം, ചരിത്രപശ്ചാത്തലം എന്നിവ തയ്യാറാക്കുന്നതിന് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രത്യേക സമിതിയെ ചുമതലപ്പെടുത്തി.

പ്രസ്തുത യോഗങ്ങളിൽ അതത് വാർഡ് മെമ്പർമാർക്കുപുറമേ, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികളും പരിശീലകരും മററു പ്രമുഖരും പങ്കെടുത്തു.

| വാർഡ് നമ്പർ | വാർഡ് പേര് | യോഗം നടന്ന സ്ഥലം | തിയ്യതി | പങ്കെടുത്തവർ | |
|---|---|---|---|---|---|
| | | | | സ്ത്രീ. | പു |
| 1 | വലക്കാവ് | ഗവ.യൂ.പി.സ്കൂൾ, ആശാരിക്കാട് | 28.9.96 | 11 | 197 |
| 2 | മുളയം | എസ്.ഒ.എസ്, മുളയം | 16.9.96 | 17 | 64 |
| 3 | വിംമ്പ് | ഗവ.യു.പി.സ്കൂൾ, മൂർക്കനിക്കര | 15.9.96 | 10 | 59 |
| 4 | മൂർക്കനിക്കര | ഗവ.യൂപി.സ്കൂൾ, മൂർക്കനിക്കര | 15.9.96 | 6 | 65 |
| 5 | കൊഴുക്കുള്ളി | എസ്.യു.പി.സ്കൂൾ, കൊഴുക്കുള്ളി | 17.9.96 | 65 | 76 |
| 6 | പൂച്ചട്ടി | കർഷകസേവനകേന്ദ്രം, പൂച്ചട്ടി | 25.9.96 | 36 | 93 |
| 7 | കാച്ചേരി | മഡോണാഹാൾ, പൂച്ചട്ടി | 29.9.96 | 22 | 64 |
| 8 | അഞ്ചേരി | സി.എസ്.ഐ. ക്രഷ് ആമോസ് കോർണർ | 24.9.96 | 54 | 37 |
| 9 | എരവിമനഗലം | എ.എൽ.പി.സ്കൂൾ എരവിമംഗലം | 20.9.96 | 14 | 65 |
| 10 | പോലൂക്കര | എ.കെ.എം.എച്ച്എസ്. പൂച്ചട്ടി | 21.9.96 | 20 | 92 |
| 11 | നടത്തറ | മരിയൻസെന്റർ നേഴ്സറി, മൈനർറോഡ് | 22.9.96 | 12 | 81 |
| 12 | കൃഷ്ണാപുരം | ഫൊണെറ്റിക് ഐ.റ്റി.സി.നടത്തറ | 23.9.96 | 26 | 48 |

**വികസന റിപ്പോർട്ട് തയ്യാറാക്കൽ**

വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഉദ്ദേശം 150 പേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ഏകദിന പഠനക്യാമ്പ് 2.11.96 ൽ മൂർക്കനിക്കര ഗവ.യു.പി.സ്കൂളിൽവെച്ച് ചേരുകയും പ്രവർത്തകരെ 12 ഗ്രൂപ്പുകളായി തിരിച്ച് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തു. ഓരോഗ്രൂപ്പിന്റേയും പ്രധാനചുമതലക്കാർ താഴെ പറയുന്നവരായിരുന്നു. (അടുത്ത പേജിലെ പട്ടിക)

ഗ്രാമസഭായോഗം 5 ഗ്രൂപ്പ്കളായി തിരിഞ്ഞ് സജീവ ചർച്ചകൾ നടത്തി നല്കിയ റിപ്പോർട്ടുകൾ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന്നുതകുന്ന നിരവധി നിർദ്ദേശങ്ങൾ പഠിക്കുന്നതിലും ചർച്ചചെയ്യുന്നതിലും അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ നല്കുന്നതിലും ജനങ്ങൾ സജീവമായ താല്പര്യമാണ് കാണിച്ചത്. എങ്കിലും പ്രശ്ന പരിഹാരങ്ങൾക്ക് ഇത് എത്രമാത്രം ഫലപ്രദമായിത്തീരും എന്ന ആശങ്കയുണർത്തിയവരും ഉണ്ടാ

| നമ്പർ | ഗ്രൂപ്പ് വിഷയം | ഗ്രൂപ്പ് ചെയർമാൻ | ഗ്രൂപ്പ് കൺവീനർ |
|---|---|---|---|
| 1 | കൃഷി,ജലസേചനം | ശ്രീ.ടി.കെ.മാധവൻ | ശ്രീമതി.സുജാത, കൃഷിഓഫീസർ |
| 2 | മൃഗസംരക്ഷണം, മത്സ്യബന്ധനം | ശ്രീ.കെ.രാമനാഥൻമാസ്റ്റർ | ഡോ.ശ്രീനിവാസൻ വെറ്ററിനറി ഡോക്ടർ |
| 3 | വിദ്യാഭ്യാസം | ശ്രീമതി.ടി.ആർ.മീര | ശ്രീ. കുട്ടപ്പൻ മാസ്റ്റർ ഹെഡ്മാസ്റ്റർ |
| 4 | ആരോഗ്യം കുടിനീർ, പരിസരശുചീകരണം | ശ്രീ.പി.ഒ.ദേവസ്സി | ഡോ.മോഹനൻ<br>ഡോ.ഫ്രാൻസിസ് സേവ്യർ |
| 5 | വ്യവസായം | ശ്രീ.ജോസ്തോമസ് | ശ്രീ.പി.രാധാകൃഷ്ണൻ ഖാദിഗ്രാവ്യവസായകമ്മീഷൻ |
| 6 | ഗതാഗതം, ഊർജ്ജം | ശ്രീ.കെ.എൻ.വിജയകുമാർ | ശ്രീ പി.കെ.കൊച്ചുഗോവിന്ദൻ |
| 7 | ഭവനനിർമാണം, സാമൂഹ്യക്ഷേമം | ശ്രീമതി.ശോഭനാ അർജ്ജുനൻ | ശ്രീ.എം.ആർ.ദേവദാസ്, വി.ഇ.ഒ. |
| 8 | സംസ്ക്കാരം | ശ്രീ.ടി.ജെ.ബാബു | ശ്രീ.സി.കെ.രാമചന്ദ്രൻ |
| 9 | വനിതാക്ഷേമം | ശ്രീമതി.വിലാസിനി ഇക്കണ്ടൻ | ശ്രീമതി.ആനി പൗലോസ് |
| 10 | പട്ടികജാതി പട്ടികവർഗ്ഗവികസനം | ശ്രീ.സുബ്രഹ്മണ്യൻമങ്ങാട്ട് | ശ്രീമതി.ഷീല. വി.ഇ.ഒ |
| 11 | സഹകരണം | ശ്രീമതി. ടി.വി.ഓമന | ശ്രീ.ആന്റോ നെല്ലിശ്ശേരി<br>ശ്രീ.കെ.കെ.വിജയൻ |
| 12 | വിഭവസമാഹരണം | ശ്രീ.ശ്രീധരൻ കാട്ടുങ്ങൽ | ശ്രീ.എ.എസ്.മോഹനൻ |

യിരുന്നു. എങ്കിലും ജനങ്ങളും ഭരണാധികാരികളും ഉദ്യോഗസ്ഥരുമായുള്ള ഈ മുഖാമുഖ ചർച്ചയുടെ പുതിയ സാധ്യതകൾ ജനങ്ങൾക്ക് ഒരു നവോന്മേഷം പകർന്നിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. ഇത് അവരുടെ പ്രതീക്ഷകൾക്കൊത്ത് നടപ്പാക്കുന്നതിലാണ് പദ്ധതിയുടെ അന്തിമ വിജയം.

**രണ്ടാം ഘട്ട പ്രവർത്തനം**

രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഒല്ലൂക്കര പഞ്ചായത്ത് ഹാളിൽ നടത്തിയ ചർച്ചായോഗത്തിലും വെറ്റിനറി കോളേജിൽ വെച്ച് ഒക്ടോബർ 25,26,27 തിയ്യതികളിൽ നടത്തിയ പരിശീലന പരിപാടികളിലും പഞ്ചായത്ത് ഭരണസമിതി അംഗങ്ങളും, ഉദ്യോഗസ്ഥരും, മറ്റു പ്രവർത്തകരും സജീവമായി പങ്കെടുത്തു. ●



# സാമൂഹിക സാംസ്കാരിക ചരിത്രം

നാളെകളുടെ ആസൂത്രണം ചിന്താവിധേയമാകുമ്പോൾ തീർച്ചയായും ഇന്നലെയുടെ തുടിപ്പും, ഇന്നലെകളുടെ ചരിത്രവും വർത്തമാനകാലയാഥാർത്ഥ്യത്തിനു മുന്നിലുള്ള നിലപാടുതറതന്നെയാണ്.

നാട്ടിൽ ജനജീവിതം വേരോടുന്നതോടെ ആ നാടിന്റെ മനുഷ്യചരിത്രമാരംഭിക്കുന്നു. നാടിന്റെ ചരിത്രം നാട്ടുകാരുടെയും അവർ സ്നേഹിച്ച മണ്ണിന്റെയും ജീവികളുടെയും ചരിത്രമാണ്. ആരാധിച്ച ദൈവങ്ങളുടെയും ആദരിച്ച പരിഷികാർത്താക്കളുടെയും ചരിത്രം കൂടിയാണത്. ചരിത്രം ഭൂതകാലത്തിന്റെ പൊങ്ങച്ചമോ, തിരസ്കരണമൊ ആയിക്കൂടാ.

നടത്തറ എന്ന കൊച്ചു ഗ്രാമത്തിനും സവിശേഷമായൊരു ചരിത്ര പശ്ചാത്തലമുണ്ട്. അവയെ വർത്തമാനത്തിൽ സജീവമാക്കുന്നത് സ്മാരകങ്ങളും ചരിത്രരേഖകളും, ആരാധനാലയങ്ങളും, ശിലാരേഖകളും, ജീവിച്ചിരിക്കുന്ന പഴയ തലമുറയിലെ കാരണവന്മാരുമാണ്. നാടൻപാട്ടുകളിലും, ഐതിഹ്യങ്ങളിലും ഭൂതകാലത്തിന്റെ രണാംഗിത കഥകളുണ്ട്.

നടത്തറ – 'നടുത്തറ' യായിരുന്നെന്നും 'നാടിത്ര' ആയിരുന്നെന്നും രണ്ടഭിപ്രായമുണ്ട്. നടത്തറ, കൊഴുക്കുള്ളി, മുളയം എന്നീ വില്ലേജുകൾ ഉൾപ്പെട്ട പ്രദേശമാണ് നടത്തറ പഞ്ചായത്ത്. പണ്ട് പറവട്ടാനി(പ്രവൃത്തിയിൽ) വില്ലേജ് പ്രദേശമായിരുന്നു. തൃശിവപേരൂർ നഗരാതൃത്തിയിൽ നിന്നാരംഭിച്ച് പട്ടിക്കാട് പീച്ചി റോഡുവരെ കിഴക്കോട്ട് വ്യാപിച്ചു കിടക്കുകയാണ് ജനസാന്ദ്രവും ഫലഭൂവിഷ്ടവുമായ ഈ പ്രദേശം. തെക്ക് തൃശൂർ പുത്തൂർ റോഡിന്റെ അതിർത്തിവരെ പഞ്ചായത്ത് വ്യാപിച്ചുകിടക്കുന്നു. ചുരുക്കത്തിൽ നെല്ലിക്കുന്ന് അഞ്ചേരി, കാച്ചേരി, നടത്തറ, കൃഷ്ണാപുരം, പൂച്ചട്ടി, എരവിമംഗലം, കൊഴുക്കുള്ളി, മുളയം, കൂട്ടാല, പോലൂക്കര, മൂർക്കനിക്കര വലക്കാവ്, ചേരുകുഴി എന്നീ സ്ഥലനാമങ്ങളിൽ അറിയപ്പെടുന്ന പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. അറിയപ്പെടുന്ന ചിലപേരുകൾ മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

### നടത്തറ

തൃശിവപേരൂർ വടക്കുംനാഥക്ഷേത്രത്തിൽനിന്നും ആരംഭിച്ച് മൂർക്കനിക്കര തേരോത്ത് ശിവക്ഷേത്രംവരെയും, കുതിരാൻ–പട്ടിക്കാട്–ഒല്ലൂക്കരവഴി എടക്കുന്നി–ഒല്ലൂർക്കും പോകുന്ന പഴയ രണ്ടു നാട്ടുപാതകളെ ബന്ധിപ്പിക്കുന്ന നാലും കൂടിയ വഴിയാണ് 'നടുത്തറ' – അഥവാ നടത്തറ വഴിയാത്രക്കാരുടെ വിശ്രമ സങ്കേതങ്ങളായ ക്ഷേത്രങ്ങളും അവയോടുചേർന്നുള്ള, കുളം, അരയാൽത്തറ, അരുവികൾ അത്താണികൾ എന്നിവയും ആയിരിക്കാം ഈ സ്ഥലത്തെ യാത്രക്കാരുടെ ഇടത്താവളമാക്കി മാറ്റിയത്.

നടത്തറയിൽ അടുത്തകാലംവരെ ഒരു പരിശോധനാകേന്ദ്രം(ചെക്ക്പോസ്റ്റ്) ഉണ്ടായിരുന്നു. ഇതും നടത്തറയെ അറിയപ്പെടുന്ന താവളമാക്കിമാറ്റാൻ സഹായിച്ചിരിക്കാം. തേക്കിൻ കാടുവരെ വനമായിരുന്ന കാലഘട്ടത്തിൽ 'നാടിത്ര' എന്ന പഴമൊഴിയിൽ നിന്നാണ് നടത്തറ എന്ന നാമത്തിന്റെ പരിണാമം എന്ന മറ്റൊരു വാദംകൂടി നിലവിലുണ്ട്. 1920ൽ ഒല്ലൂരിൽനിന്നും വേർപെട്ട് നടത്തറയിൽ ഒരു പള്ളി സ്ഥാപിക്കപ്പെട്ടതോടെ നടത്തറ പഞ്ചായത്തിലെ കൃസ്ത്യാനികളുടെ സമസ്തമേഖലകളെയും നിയന്ത്രിക്കുന്ന ഒരു ആദ്ധ്യാത്മിക കേന്ദ്രം കൂടിയായി നടത്തറ അറിയപ്പെട്ടുതുടങ്ങി.

ദീർഘകാലം ഈ പ്രദേശത്തിന്റെ ഭരണാധികാരികളായിരുന്ന കുമരപുരം സ്വരൂപക്കാർ ഇവിടെ ആവാസമുറപ്പിച്ചതോടെയാണ് നടത്തറയുടെ ആധുനിക ചരിത്രം ആരംഭിക്കുന്നത് എന്നു പറയാം. തലപ്പിള്ളി രാജവംശത്തിൽപെട്ട ആയിനിക്കൂറു(അനിയൻകൂറ്) സ്വരൂപത്തിൽപെട്ട ഇവർ നടത്തറയിൽ വന്നശേഷം കുമരപുരത്ത് താമസമാക്കു

ക്യാണ് ഉണ്ടായതത്രേ.

1691 നവബർ 16–ാം തിയതി സാമൂതിരിയും ലന്ത ക്കാരുംകൂടി എഴുതിയ ഉടമ്പടി അനുസരിച്ച് കമ്പ നിയുടെ ശത്രുവായ അയിനിക്കൂറ് നമ്പിടിയോട്, പിടിച്ചടക്കിയ ചെറളയത്ത് കോട്ടയും, നാടുകളും, അടിയാന്മാരും, കോയ്മസ്ഥാനവും സാമൂതിരിക്ക് സ്ഥിരമായി കൊടുക്കുന്നതായി ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രേറിയിൽ പൊൻതകിടിൽ മലയാ ളത്തിൽ എഴുതിവച്ചിട്ടുള്ളതായി ഡോ:കുഞ്ഞുണ്ണി രാജ സാക്ഷ്യപ്പെടുത്തുന്നു. ലന്തക്കാരുമായുള്ള യുദ്ധകാലത്തായിരിക്കാം ഈ കുടുംബതായ് വഴി ക്കാർ നടത്തറയിൽ ആവാസമുറപ്പിച്ചതും പിന്നീട് കൊച്ചി രാജാവിന്റെ സഹായത്തോടെ നാടുവാഴി കളായി തീർന്നതും. പെരുവനം ദേവസ്വ ത്തിൽനിന്നും തൃശൂരിന്റെ കിഴക്കൻ പ്രദേശത്ത് 36 കാതം മല പാട്ടമായി ലഭിച്ചു എന്ന് പറയപ്പെ ടുന്നു. പിന്നീട് എടക്കുന്നിവാരിയത്തെ ദിവാൻ ശങ്കരവാരിയർ ഈ ഭൂമിയുടെ ഉടമയായി. മലയാള കഴിതയിലെ 'മണ്ണും വിണ്ണും' കണ്ട് 'വെള്ളിത്തോ ണിയിലേറി നടന്ന കവിരാജനായ കെ.കെ.രാജ ഈ സ്വരൂപത്തിന്റെ സന്താനമായിരുന്നു.

"മൂവായിരം നായരുടുത്തുകെട്ടി
കൈവാളരക്കെട്ടിലൊതുക്കിയൊപ്പം
നിവർന്നുകുമ്പിട്ട പെരുമ്പടപ്പിൻ
ജയക്കൊടിക്കൂറ പറന്നതെങ്ങൊ"

എന്ന് കെ.കെ.രാജ പാടിയിരിക്കുന്നു. ക്ഷേത്ര കലകളെ സജീവമാക്കിയ നിരവധി പ്രമുഖർ ഈ നാടിന്റെ കലാസപര്യക്ക് നേതൃത്വം നൽകിയിട്ടുണ്ട്.

ദ്രാവിഢ സംസ്കാരത്തിന്റെ മൂർത്തീഭാവമായ മഠപതി സങ്കേതമാണ് എരവിമംഗലത്തെ പെരുമ ണ്ണാൻ സമുദായക്കാരുടെ സഹസ്രാബ്ദങ്ങൾ പഴ ക്കമുള്ള പാലയും മുല്ലത്തറയും. എരവിമംഗലം, പോഴിച്ചൂര്, മങ്ങാട് എന്നീ മനക്കാർ ഇവിടത്തെ ആദ്യകാല അന്തേവാസികളായിരുന്നു എന്നു പറ യപ്പെടുന്നു.

എരവിമംഗലം പ്രദേശത്ത് കൈത്തൊഴിലിൽ പ്രാവീണ്യം നേടിയവർ, സുകുമാരകലകളിൽ വൈദഗ്ദ്യം നേടിയവർ തുടങ്ങിയവരെ കൊണ്ട്, സമ്പന്നമായിരുന്നു. ബാലവൈദ്യം, വിഷവൈദ്യം എന്നിവയിൽ പ്രഗത്ഭരായവർ ഇവിടെയുണ്ടായി രുന്നു. ഉത്തമബ്രാഹ്മണകുടുംബങ്ങളായ "തത്ത നാരി" "ചെറുകുളങ്ങര" "ആനാംപറമ്പ്" ഇല്ലക്കാ രുടെ ജന്മമായിരുന്നു അടുത്തകാലംവരെയും ഇവി ടത്തെ ഭൂപ്രദേശങ്ങൾ. പാലത്തും നലയ്ക്കൻ ഇക്ക ണ്ടപൂജാരി എന്ന മുരുകഭക്തൻ സ്ഥാപിച്ച അമ്പ ലവും എരവിമംഗലം ഷഷ്ഠിയും പ്രസിദ്ധമാണ്.

കുശവസമുദായക്കാരായ കുംഭാരന്മാരുടെ കർമ്മഭൂമിയുമായിരുന്നു 'നടത്തറ' മണ്ണിൽനിന്നും കനകം വിളയിക്കുന്ന കൃഷിവലന്മാർക്കു നടുവിൽ മൺപാത്രങ്ങളുടെ അമൂല്യ ശൃംഖല തീർത്ത ഇവർക്ക് കാടും അന്യമായിരുന്നില്ല.

അദ്ധ്വാനശീലരും കർമ്മകുശലരുമായ കൃഷിവ ലന്മാരുടെ നാടാണ് പണ്ടുമുതൽക്കെ മൂർക്കനിക്ക രയും സമീപപ്രദേശങ്ങളും. ഈ പ്രദേശങ്ങൾ സമ്പൽ സമൃദ്ധവും, കാർഷിക വിളകളുടെ കേന്ദ്ര വുമായിരുന്നു. മണലിപുഴയുടെ വരദാനമാണ് ഇവി ടത്തെ സമ്പൽസമൃദ്ധി. കൈതൊഴിലുകളിൽ ഉയർന്ന നിലവാരം പുലർത്തുന്നവർകൂടി ഈ പ്രദേശത്തിന്റെ സമ്പത്താണ്. ഉന്നത വിദ്യാഭ്യാസ രംഗത്തും, വൈദ്യരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ച നിരവധിപേർ ഇവിടെ ധന്യമാക്കിയിട്ടുണ്ട്. കലാ സാംസ്കാരികരംഗത്ത് തനതായ ഒരു പാര മ്പര്യം മൂർക്കനിക്കരയ്ക്കുണ്ട്. തൊട്ടടുത്ത 3 ക്ഷേത്രങ്ങളിൽ മൂന്നുസമയത്തായി ഭേദപ്പെട്ട രീതി യിലുള്ള ഉത്സവം നടക്കുന്ന മൂർക്കനിക്കരയിൽ കലാസദസ്സുകൾ നിത്യങ്ങളാണ്.

സമീപപ്രദേശങ്ങളായ കൊഴു ക്കുള്ളി-മുളയം-പ്രദേശങ്ങളും ചരിത്രപരമായി പ്രാധാന്യം അർഹിക്കുന്നവതന്നെയാണ്. വലക്കാവ് ഒരു കുടിയേറ്റ മേഖലയാണ്. ഒരു കാലത്ത് നട ത്തറയിലെ ഒരു പ്രധാന വ്യാപാര കേന്ദ്രമായിരുന്ന "പൂച്ചട്ടിപ്പാറ" ഗ്രാമോദ്ധാരണ കേന്ദ്രം, നെല്ലുകു ത്തുശാല, മദ്യഷാപ്പ്, എന്നിവ "പൂച്ചട്ടി" പ്രസിദ്ധ മാക്കി. ദേശീയ പ്രസ്ഥാനത്തിന്റെ ജന്മനാളുക ളിൽതന്നെ അതിന്റെ അനുരണനങ്ങൾ പൂച്ചട്ടിയി ലുണ്ടായി. ഖാദിപ്രസ്ഥാനം, അയിത്തോച്ചാടനം തുടങ്ങിയുള്ള പുരോഗമന പ്രവർത്തനങ്ങളുടെ ഈറ്റില്ലമായിരുന്നു പൂച്ചട്ടി പ്രദേശം

സമരങ്ങൾക്ക് നെടുനായകത്വം വഹിച്ചിരുന്നത് പി.ആർ.കൃഷ്ണൻ മാസ്റ്ററായിരുന്നു. മത്തായി മാഞ്ഞൂരാന്റെ ഒളിസങ്കേതമായിരുന്നു ഒരുകാലം പൂച്ചട്ടി പ്രദേശം. പ്രസിദ്ധമായ നെല്ലുവണ്ടിതടയൽ സമരം പാവപ്പെട്ടവർക്ക് ദേശീയ പ്രസ്ഥാനത്തി നോട് അനുഭാവമുണ്ടാക്കിയതിന് ഗണനീയ സ്ഥാനം വഹിക്കുന്നു. സർവ്വശ്രീ. കെ.ടി.ദേവസ്സി മാസ്റ്റർ, കെ.ഒ.റപ്പായി, ടി.എ.ബാലൻ, കെ.ടി.ജോൺമാസ്റ്റർ, അളഗിരി തുടങ്ങിയവർ സാമൂഹ്യ പരിഷ്കർത്താക്കളും, സാമൂഹ്യ പ്രവർത്തകരിൽ എടുത്തു പറയാവുന്ന വ്യക്തിത്വ

ത്തിനുടമകളുമായിരുന്നു.

പഞ്ചായത്തിൽ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം വളരെ മുമ്പേ പ്രകടമായിരുന്നു. എഴുത്താശ്ശാൻമാർ അടക്കി വാണിരുന്ന വിദ്യാഭ്യാസരംഗത്തേക്ക് 1920 കളിൽ തന്നെ പള്ളികൂടങ്ങൾ കടന്നുവന്നു. സാക്ഷരതാ നിലവാരത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന പഞ്ചായത്തിലെ ആദ്യ ബിരുദധാരി വി.കെ ഹരിഹരയ്യരായിരുന്നു. മതനിരപേക്ഷ പാരമ്പര്യത്തിന് കളങ്കംചാർത്തുന്ന യാതൊന്നും നമ്മുടെ പഞ്ചായത്തിന്റെ പഴം കാലത്തിലില്ല.

വർദ്ധിച്ച വെല്ലുവിളികളെ നേരിടാൻ പഴംകാലത്തിന്റെ ഇത്രയും പൈതൃകം നമ്മെ സഹായിക്കുകതന്നെചെയ്യും. ഐക്യകേരളപ്പിറവിവരെയുള്ള ചരിത്രമാണ് നാം അന്വേഷിച്ചത്. അതിനുശേഷമുള്ള സംഭവങ്ങൾ വർത്തമാനസാക്ഷ്യങ്ങളാണ്.

നല്ലൊരു നാളെയുടെ സൂര്യോദയം കാത്ത് പ്രവർത്തിച്ചു കടന്നുപോയ ജ്ഞാതരും, അജ്ഞാതരുമായ സാമൂഹ്യ പരിഷ്കർത്താക്കൾക്കുമുന്നിൽ പ്രണാമം......



# ഭൂപ്രകൃതി

തൃശ്ശിവപേരൂർ നഗരത്തിന്റെ ഹൃദയഭാഗത്തു നിന്നു അഞ്ചു കിലോമീറ്റർ കിഴക്കുമാറി മലകളും കുന്നിൻചെരിവുകളും താഴ്‌വാരങ്ങളും കുത്തനെയുള്ള ചിരവുകൾ സമതലങ്ങളും ചെറിയ ജലാശയങ്ങളുമടങ്ങുന്ന ഗ്രാമീണ തുടിപ്പുകളുൾക്കൊള്ളുന്ന പ്രദേശമാണ് നടത്തറ പഞ്ചായത്ത്.

വടക്ക് പാണഞ്ചേരി ഒല്ലൂക്കര പഞ്ചായത്തുകളും തെക്ക് പുത്തൂർ ഒല്ലൂർ പഞ്ചായത്തുകളും, പടിഞ്ഞാറ് തൃശൂർ മുനിസിപ്പാലിറ്റി ഒല്ലൂക്കര ഒല്ലൂർ പഞ്ചായത്തുകളും, കിഴക്ക് പുത്തൂർ പാണഞ്ചേരി പഞ്ചായത്തുകളുമാണ് നടത്തറയുടെ നാലതിരുകൾ. ഈ പഞ്ചായത്തുപ്രദേശം മൂന്നു വ്യത്യസ്ത സ്വഭാവരീതികളിൽ സ്ഥിതിചെയ്യുന്നു. 7,8,12 വാർഡുകൾ ഏതാണ്ട് പട്ടണപ്രതീതിയുളവാക്കുന്നവയാണ്. 2,3,4,5,6,9,10,11 വാർഡുകളാകട്ടെ നെൽപാടങ്ങൾ, തോട്ടവിളകൾ എന്നിവ കൃഷിചെയ്യുന്നതും കർഷകരും കർഷകതൊഴിലാളികളും, സാധാരണക്കാരും താമസിക്കുന്ന കാർഷിക പ്രാധാന്യം ഉൾക്കൊള്ളുന്ന പ്രദേശങ്ങളാണ്. ഇതിൽനിന്നെല്ലാം വ്യത്യസ്തമായി പഞ്ചായത്തിന്റെ ഒന്നാം നിയോജകമണ്ഡലം മലകളും, ചെറുകുന്നുകളും നിറഞ്ഞതും കുത്തനെ ചെരിഞ്ഞവയും കയറ്റവും ഇറക്കവും ഉൾക്കൊള്ളുന്നതുമായ ഭൂപ്രദേശമാണ്. ഈ പ്രദേശം കുടിയേറ്റ മേഖല കൂടിയാണ്. കാർഷിക പരിസ്ഥിതി തരംതിരവുപ്രകാരം നടത്തറ പഞ്ചായത്ത് മധ്യമേഖലയിലെ ഉത്തംഗ-സമതല-അതിവരപാത ഉപമേഖലയിലാണ് ഉൾപ്പെടുന്നത്.

**മൺതരം**

പഞ്ചായത്തിന്റെ കിഴക്കൻ മേഖല മലകളും, കുന്നിൻചെരിവുകളും, കുത്തനെയുള്ള ചെരിവുകളും സമതലങ്ങളുമടിങ്ങിയ ഭൂമിയാണ്. ഈ പ്രദേശത്ത് ലാറ്ററൈറ്റ് മണ്ണ്, പാറകൾ ചെമ്മണ്ണ് തുടങ്ങിയ മൺതരങ്ങൾ കാണപ്പെടുന്നു. മധ്യമേഖലയിലേയും പടിഞ്ഞാറൻ പ്രദേശങ്ങളിലേയും പാടശേഖരങ്ങളിൽ കളിമണ്ണും മണലും കലർന്ന പശ്ചിമരാശി മൺതരവും കരപ്രദേശങ്ങളിൽ ചെമ്മണ്ണും കാണപ്പെടുന്നു.

കാലാവസ്ഥ

കേരളത്തെ 13 കാർഷിക മേഖലകളാക്കി തരംതിരിച്ചിട്ടുണ്ട്. ഇതിൽ നടത്തറ പഞ്ചായത്ത് ഉത്തുംഗ-സമതല അതിവർഷ പാത ഉപമേഖലയിലാണ് സ്ഥിതിചെയ്യുന്നത്. അന്തരീക്ഷ ഊഷ്മാവിൽ വ്യതിയാനം സംഭവിക്കാറുണ്ട്. എന്നാൽ ഈ താപവ്യതിയാനം കൃഷിയെസാരമായി ബാധിക്കുന്നില്ല. വർഷപാതത്തെ ആശ്രയിച്ചാണ് മുഖ്യവിളകളുടേയും നിലനില്പ്. ജൂൺ മുതൽ ഒക്ടോബർവരെയുള്ള മാസങ്ങളിലാണ് മഴയേറെയും ലഭിക്കുന്നത്. ഡിസംബർ, ജനുവരി ഫെബ്രുവരി മാർച്ച് മാസങ്ങളിലാകട്ടെ ഏറ്റവും കുറവ് മഴ ലഭിക്കുന്നു. ഏപ്രിൽ - മെയ് മാസങ്ങളിൽ ചൂടുള്ള കാലാവസ്ഥയാണ്. ഏറ്റവും ഉയർന്ന ഉഷ്മാവ് ശാരാശരി 30C മുതൽ 33C വരെയും കുറഞ്ഞ ഉഷ്മാവ് 21C മുതൽ 25C വരെയുമാണ്. ചൂടിൽ നാമമാത്രമായ വ്യതിയാനം അനുഭവപ്പെടുന്നു.

**ജലലഭ്യത**

നടത്തറ പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി പീച്ചിഡാം സെറ്റിൽനിന്നും മണലിപ്പുഴ ഒഴുകുന്നു. ഈ പുഴയാണ് പഞ്ചായത്തിന്റെ കാർഷികമേഖലയുടെ ജീവനാഡി. മണലിപ്പുഴയെ കേന്ദ്രീകരിച്ച് പല ചെറുതോടുകളിലായി നൂറിൽപ്പരം തടയണകൾ പഞ്ചായത്തിലുണ്ട്. ഇവയാണ് പഞ്ചായത്തിലെ കാർഷിക ജലസേചന നാഡീഞരമ്പുകൾ. ഇതുകൂടാതെ ആയിരത്തിൽപ്പരം കിണറുകൾ, അമ്പതിൽപ്പരം കുളങ്ങൾ, നൂറിൽപ്പരം കുഴൽകിണറുകൾ നാലായിരത്തോളം പമ്പുസെറ്റുകൾ തുടങ്ങിയവ പഞ്ചായത്തിൽ ജലസേചനത്തിനായുപയോഗിക്കുന്നു.

പഞ്ചായത്തിന്റെ കാർഷികാഭിവൃദ്ധിയുടെ

നെടുംതൂണായ ഭൂഗർഭജലസമ്പത്ത് പഞ്ചായത്തിന്റെ കിഴക്കൻമേഖലകളിൽ പരിമിതമാണ്. ഇത് കൃഷിയെ സാരമായി ബാധിക്കുന്നു. മഴയെമാത്രം ആശ്രയിച്ചുള്ള കൃഷിരീതിയാണ് ഈ പ്രദേശത്ത് അവലംബിക്കുന്നത്. ഈ കിഴക്കൻ മേഖല "വാട്ടർഷെഡ്" പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ 1792 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തുവരുന്നു. പഞ്ചായത്തിലെ മുഖ്യ കാർഷിക വിളകൾ നെല്ല്, തെങ്ങ്, റബ്ബർ, വാഴ, കവുങ്ങ്, കുരുമുളക്, കശുമാവ് മുതലായവയാണ്. വീട്ടുവളപ്പുകളിൽ ഇടവിളകളുമുണ്ട്. പച്ചക്കറികൃഷി ഇവയിൽ പ്രധാനപ്പെട്ടവയാണ്. നൂറിൽ താഴെ ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷിചെയ്യുന്നുണ്ട്. പഞ്ചായത്തിലെ ഒന്നാംവാർഡ് പ്രദേശം തീർത്തും കാർഷികമേഖലയാണ്. ഇവിടെ തെങ്ങ്, റബ്ബർ, കുരുമുളക്, മരച്ചീനി, പച്ചക്കറികൾ എന്നിവ വൻതോതിൽ കൃഷിചെയ്യുന്നു. എന്നാൽ 7,8,12 വാർഡുകളിൽ കൃഷിതീരെയില്ലെന്നുതന്നെ പറയാം.

പഞ്ചായത്തിലെ പ്രധാനവിളകളുടെ വിസ്തൃതി കൃഷിയോടനുബന്ധിച്ച പേജുകളിൽ പട്ടികയായി ചേർത്തിട്ടുണ്ട്.

**ജൈവസമ്പത്ത്**

ജൈവസമ്പത്തിന്റെ കാര്യത്തിൽ അനുഗൃഹീതമായ പ്രദേശമാണ് നടത്തറ പഞ്ചായത്ത്. കാർഷികമേഖലയുടെ വിലമതിക്കാനാകാത്ത സമ്പത്തായി ഇവ നിലനില്ക്കുന്നു. ജൈവവൈവിധ്യത്തിനുതകുന്ന ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തിൽ നിലനിൽക്കുന്നു. പഞ്ചായത്തിലെ കിഴക്കുപ്രദേശങ്ങളിലാണ് ജൈവസമ്പത്തിന്റെ കേന്ദ്രീകരണം. വിവിധതരം സസ്യവർഗ്ഗങ്ങൾ, ധാന്യവർഗ്ഗങ്ങൾ കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, ഔഷധ സുഗന്ധ സസ്യങ്ങൾ തുടങ്ങി വിവിധതരം വളർത്തുമൃഗങ്ങൾ, പക്ഷിവർഗ്ഗങ്ങൾ തുടങ്ങിയവ ഈ പ്രദേശത്ത് കണ്ടുവരുന്നു.

ജൈവവൈവിധ്യം സംരക്ഷിക്കേണ്ടത് പരിസ്ഥിതിയുടെ സംതുലനാവസ്ഥയ്ക്ക് അത്യന്താപേക്ഷിതമാണ്. ആധുനിക ശാസ്ത്രത്തിന്റെ പുത്തൻ സങ്കേതങ്ങളുപയോഗപ്പെടുത്തി ജൈവസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തണം. ●



# ഭാഗം രണ്ട്

## സാമൂഹ്യ സാമ്പത്തിക മേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
3. വ്യവസായം
4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
5. വിദ്യാഭ്യാസം
6. ആരോഗ്യം കുടിവെള്ളം
7. പാർപ്പിടവും സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിതാക്ഷേമം
10. സഹകരണം
11. പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം
12. വിഭവസമാഹരണം.


NADATHARA PANCHAYAT
LANDUSE
INDEX
MC - Mixed crops
MT - Mixed trees
PLR - Rubber
T - Tapioca
CO - Coconut
An - Arecanut
Veg - Vegetables
P1,P2P3 - Paddy single, two & three crops
- Clay mine
- Tar road
Panchayat office

# കൃഷിയും ജലസേചനവും

**ആമുഖം**

നടത്തറ പഞ്ചായത്തിന്റെ മൊത്തം കൃഷിസ്ഥലവിസ്തീർണ്ണം 1792 ഹെക്ടർ ആണ്.

നടത്തറപഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ഒട്ടുമിക്ക പ്രധാന വിളകളും ആദ്യകാലം മുതലേ കൃഷിചെയ്ത് വരുന്നു. എന്നാൽ പലകൃഷിരീതികളും, ഇന്ന് മാറികൊണ്ടിരിക്കുകയാണ്. പഴയവിത്തിനങ്ങൾ ഇന്ന് പലതും നാമവശേഷമാവുകയും പുതിയവ സ്ഥാനംപിടിക്കുകയും ചെയ്തു. കഞ്ഞിപ്പുല്ല്, ചാമ, തെന, മുതിര എന്നിവ ആരും കൃഷി ചെയ്യാതെയായി. വളപ്രയോഗത്തിലും വളരെയേറെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഒരുകാലത്ത് രാസവളങ്ങൾ ഉപയോഗിക്കാൻ മടിച്ചിരുന്ന കർഷകർ ഇന്ന് രാസവളങ്ങൾ കൂടുതലായി ഉപയോഗിച്ചുവരുന്നു. ട്രാക്ടർ, ട്രില്ലർ എന്നിവയുടെ ആവിർഭാവം കന്നുകാലിസമ്പത്ത് ഒരു കടംകഥയാക്കി മാറ്റി, ഈ മാറ്റങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ നിരവധികാരണങ്ങളുണ്ട്. കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറയുന്നതും ഒരു കാരണമാണ്. കൂട്ടുകുടുംബവ്യവസ്ഥ തകർന്നതോടെ കൃഷിപ്പണിക്ക് താല്പര്യമുള്ളവർ കുറഞ്ഞു. ഉല്പാദനചിലവിന് അനുസരിച്ച് ഉല്പന്നങ്ങൾക്ക് ന്യാമയമായ വില കിട്ടാത്ത അവസ്ഥ, മറ്റ് തൊഴിലുകളിൽ ഏർപ്പെടുന്ന വ്യക്തികൾക്ക് ലഭിക്കുന്ന മാന്യത, സാമ്പത്തികലാഭം എന്നിവ മൂലം കൃഷിപ്പണിയിൽ പൊതുവേ ജനങ്ങൾ വിമുഖത കാണിക്കുന്നു. ഇത്തരം പ്രശ്നങ്ങളെല്ലാം ഉണ്ടെങ്കിലും നൂതനകാർഷികരീതികൾ ഉപയോഗിച്ച് കാർഷികമേഖലയിൽ ഉറച്ച്നിന്ന് ഉപജീവനം കഴിക്കുന്ന വളരെയധികം കർഷകർ ഇവിടെ ഉണ്ട്. സംസ്ഥാനതലത്തിൽ തന്നെ കർഷകശ്രീ അവാർഡ് ലഭിച്ച അന്തരിച്ച കർഷകശ്രീ വേലായുധനെപ്പോലെ പ്രസിദ്ധരായ കർഷകർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്.

സമഗ്രവും ആസൂത്രിതവുമായ കർമ്മപദ്ധതികൾ ഉണ്ടെങ്കിൽ ഈ രംഗത്ത് ഇനിയും അത്ഭുതങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയും

എല്ലാവിധകാർഷികവിളകളും സമൃദ്ധിയായി വിളയുന്നതിന് അനുയോജ്യമായ ഭൂപ്രകൃതിയാണ് നടത്തറ പഞ്ചായത്തിൽ ഉള്ളത്. അതുകൊണ്ട് എല്ലാവിളകളുടേയും വികസനത്തിന് ആവശ്യമായ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. മലമ്പ്രദേശങ്ങൾ തട്ടായി തിരിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും കർഷകർക്ക് സാമ്പത്തികലാഭം ഉണ്ടാക്കുന്നതുമായ കാർഷികവിളകളെ പ്രോത്സാഹിപ്പിക്കുന്നതിന്നു വേണ്ട പദ്ധതികൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്. കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നതുകൊണ്ട് ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട പദ്ധതികൾ നടപ്പിലാക്കണം.

കാർഷിക ഉല്പന്നങ്ങളെ സംസ്കരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനും മറ്റ് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും ചെറിയ വ്യവസായയൂണിറ്റുകൾ ആരംഭിക്കുകയാണെങ്കിൽ കർഷകർക്ക് ന്യായമായവില ലഭിക്കുന്നതിന് സഹായിക്കും. ഉദാഹരണമായി കൊപ്ര, ജാം, ജല്ലി, സ്ക്വാഷ് നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

കൃഷിയിടങ്ങളിൽ തേനീച്ചവളർത്തൽ പദ്ധതികൾ വ്യാപകമായി നടപ്പിലാക്കുന്നത് നന്നായിരിക്കും.

പഞ്ചായത്തിലെ കാർഷികമേഖലയെക്കുറിച്ചുള്ള ചിലവിവരങ്ങൾ അനുബന്ധമായി താഴെ കൊടുക്കുന്നു.



NADATHARA PANCHAYAT
LANDFORM
Panchayat office
INDEX
Ridge crest
Hill crest
Side slope, gentle
Side slope, moderate
Side-slope moderately steep
Side slope, steep
Side slope, very steep
Valley floor
Flood plain
Levees
Terraces
Foot slope
Tar road

| ഇന്നത്തെ വിളചേരുവ | | |
|---|---|---|
| ഇനം | | കൃഷിസ്ഥലവിസ്തീർണ്ണം |
| നെല്ല്- | വിരിപ്പ് | 300 Ha |
| | മുണ്ടകൻ | 410 Ha |
| | പുഞ്ച | 50 Ha. |
| തെങ്ങ് | | 382 Ha |
| കമുക് | | 100 Ha |
| നേന്ത്രവാഴ | | 125 Ha |
| കുരുമുളക് | | 50 Ha |
| മരച്ചീനി | | 10 Ha |
| പയർവർഗ്ഗങ്ങൾ | | 40 Ha |
| കിഴങ്ങ് വർഗ്ഗങ്ങൾ | | 10 Ha |
| ഫലവൃക്ഷങ്ങൾ | | 30 Ha |
| കശുമാവ് | | 20 Ha |
| ജാതി | | 10 Ha |
| ഗ്രാമ്പൂ | | 10 Ha |
| റബ്ബർ | | 550 Ha |
| ഔഷധചെടി | | 10 Ha |

**ഉത്പാദനക്ഷമത**

ഇവിടെ വിവിധ വിളകളുടെ ഉല്പാദനക്ഷമത സ്റ്റേറ്റ് ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെകൂടുതലാണ്. തെങ്ങ്, കവുങ്ങ് മുതലായ വിളകളുടെ ജലസേചനസൗകര്യം വർദ്ധിപ്പിക്കുകയാണെങ്കിൽ ഉല്പാദനക്ഷമത കൂടുതൽ വർദ്ധിക്കുന്നതാരിക്കും.

**ഉല്പാദനക്ഷമത.**

| | | |
|---|---|---|
| 1. നെല്ല് | ഒന്നാംവിള. | 1900 kg/Ha |
| | രണ്ടാംവിള. | 200 kg/Ha |
| | മൂന്നാംവിള | 2100 kg/Ha |
| 2. പയർ | | 2200 kg/Ha |
| 3. പച്ചക്കറി | | 5000 kg/Ha |
| 4. തെങ്ങ് | 70 എണ്ണം / തെങ്ങ് / year. | |
| 5. നേന്ത്രവാഴ | | 2,000 kg/Ha |
| 6. മരച്ചീനി | | 20,000 kg/Ha |
| 7. കുരുമുളക് | | 8800 kg/Ha |
| 8. പ്ലാവ് | | 9000 kg/Ha |
| 9. കശുമാവ് | | 2800 kg/Ha |
| 10. മാവ് | | 7000 kg/Ha |
| 11. കവുങ്ങ് | 200 എണ്ണം/കവുങ്ങ്/year. | |
| 12. റബ്ബർ | | 3 ടൺ /Ha/year. |

**ഉല്പന്നങ്ങളുടെ വിപണനം**

പഞ്ചായത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പ്രധാന ഉല്പന്നങ്ങളായ നെല്ല്, മരച്ചീനി, പച്ചക്കറികൾ, നാണ്യവിളകൾ എന്നിവയുടെ ഉല്പാദന ചിലവുമായി താരതമ്യപ്പെടുത്തിയാൽ ഉല്പന്നങ്ങൾക്ക് ലഭിക്കുന്നവില തുഛമാണ്. ഇത് കാർഷകരിൽ അസംതൃപ്തിയും നിരാശയുമുളവാക്കുന്നു. തൃശൂർ മാർക്കറ്റ്, സ്വകാര്യകച്ചവടക്കാർ, സ്ഥാപനങ്ങൾ, സൊസൈറ്റികൾ, പരസ്പരകൈമാറ്റം എന്നിവയിലൂടെയാണ് പ്രധാനമായും ഉല്പനങ്ങൾ വിപണനംചെയ്യുന്നത്.

ആദ്യകാലങ്ങളിൽ തേങ്ങ സംഭരിക്കുന്നതിനും വിൽക്കുന്നതിനും സഹകരണസംഘങ്ങൾ മുൻകൈ എടുത്തിരുന്നു. എന്നാൽ ഇന്ന് ആ പ്രവർത്തനവും ഇല്ല. അടയ്ക്കാസൊസൈറ്റികളിൽ മതിയായ വില ലഭിക്കുന്നില്ല.

കാർഷികഉൽപ്പന്നങ്ങൾ തൃശ്ശൂർ മാർക്കറ്റിൽ വിൽക്കുമ്പോൾ ഇറക്കുകൂലി, കയറ്റകൂലി, ചരക്ക് ഗതാഗതം, ഇടത്തട്ടുകാർ എന്നിവമൂലം കർഷകർക്ക് വളരെയധികം നഷ്ടം സംഭവിക്കുന്നുണ്ട്.

**കാർഷികബന്ധങ്ങൾ**

8000 കുടുംബങ്ങൾ ഉള്ളതിൽ പകുതിയിലധികം കുടുംബങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. 4000ത്തോളം കുടുംബങ്ങൾ ഏക്കറിൽ താഴെമാത്രം കൃഷിഭൂമിയുള്ളവരാണ്. ഇതിൽ കർഷക തൊഴിലാളികുടുംബങ്ങളിൽ പെട്ടവരും ഉൾപ്പെടുന്നു.

**സേവനവേതനവ്യവസ്ഥകൾ**

| ക്രമനമ്പർ | പണിയുടെ വിവരങ്ങൾ | കൂലി. | സമയം. |
|---|---|---|---|
| 1. | നാടൻഉഴവ് (കന്നുപൂട്ട്) | 175 | 1/2 ദിവസം |
| 2. | ട്രാക്ടർ | 17 | മണിക്കൂർ |
| 3. | ട്രില്ലർ | 115 | മണിക്കൂർ |
| 4. | ഞാറ്നടീൽ; കളപറിയ്ക്കൽ സ്ത്രീതൊഴിലാളി | 60 | ദിവസം |
| 5. | കൊയ്ത്ത്; മെതി | 100 | ദിവസം |
| 6. | തേങ്ങയിടൽ | 3/1 | |
| 7. | റബ്ബർവെട്ട് | 25/100 | പാൽ എടുത്ത് ഷീറ്റ് അടിക്കുന്നതുവരെ. |
| 8. | കീടനാശിനിപ്രയോഗം | 100 | ദിവസം. |
| 9. | കിളയ്ക്കുന്നതിന് | 100 | ദിവസം. |

**തെങ്ങ്കൃഷി സംബന്ധിച്ച വിവരം**

| വാർഡ് നമ്പർ | തെങ്ങ്കൃഷി വിസ്തീർണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ചവ | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | കാറ്റ് വീഴ്ച | ഓലചീയൽ | കൂമ്പ് ചീയൽ | ചെള്ള് | മറ്റുള്ളവ | ആകെ |
| 1 | 200.31 | 9585 | 26471 | 36056 | 65 | – | 5 | 10 | 35976 | 36056 |
| 2 | 140.59 | 5500 | 19820 | 25307 | 54 | – | 2 | 12 | 25239 | 25307 |
| 3 | 53.13 | 15122 | 8052 | 9564 | – | – | 6 | 10 | 9548 | 9564 |
| 4 | 37.888 | 32200 | 3619 | 6819 | – | – | 3 | 5 | 6811 | 6819 |
| 5 | 533.23 | 2300 | 7282 | 9582 | – | – | 6 | 12 | 9564 | 9582 |
| 6 | 48.92 | 2316 | 6490 | 8806 | – | – | 8 | 13 | 8785 | 8806 |
| 7 | 22.47 | 1312 | 2734 | 4046 | – | – | 2 | 3 | 4041 | 4046 |
| 8 | 11.68 | 356 | 1747 | 2103 | – | – | 4 | 1 | 2098 | 2103 |
| 9 | 62.10 | 3358 | 7827 | 11179 | – | – | 8 | 14 | 11157 | 11179 |
| 10 | 46.82 | 2460 | 5968 | 8428 | – | – | 5 | 3 | 8420 | 8428 |
| 11 | 39.90 | 2007 | 5176 | 7183 | 15 | – | 13 | 5 | 7150 | 7183 |
| 12 | 0.22 | 1022 | 3919 | 4941 | – | – | 5 | 3 | 4933 | 4941 |

**പ്രധാനവളവില്പനകേന്ദ്രങ്ങൾ**

സഹകരണമേഖല

1. സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് മൂർക്കനിക്കര.
2. ഫാർമ്മേഴ്സ് സഹകരണബാങ്ക്
   a. പൂച്ചെട്ടി. (ബ്രാഞ്ചുകൾ)
   b. വലക്കാവ്.
   c. ചേരുംകുഴി.
   d. കൂട്ടാല.

**രോഗങ്ങൾ**

| വിള | രോഗങ്ങൾ | കീടങ്ങൾ |
|---|---|---|
| നെല്ല് | പുള്ളികുത്ത് രോഗം<br>കരിച്ചിൽ | മുഞ്ഞ<br>തണ്ടുതുരപ്പൻ |
| തെങ്ങ് | കൂമ്പ്ചീയൽ<br>(ബഡ്റോട്ട്) | കൊമ്പൻചെല്ലി,<br>ചെമ്പൻചെല്ലി. |
| റബർ | പട്ടമരപ്പ്<br>പട്ടചീയൽ<br>ഇലയിൽപുള്ളിരോഗം | |
| കുരുമുളക് | ദ്രുതവാട്ടം<br>സാവധാനവാട്ടം | |
| കമുക് | മഹാളി, ചെല്ലക്കേട് | |
| നേന്ത്രവാഴ | പട്ടചീയൽ,<br>പുള്ളികുത്ത് രോഗം<br>കൂമ്പടപ്പ് | ചെള്ള്കുത്ത്. |
| പച്ചക്കറി | മഞ്ഞളിപ്പ്, മൊസൈക്ക്,<br>കായ്ചീയൽ, പ്രാണിശല്യം<br>പുഴുശല്യം | |

**വായ്പാസൗകര്യങ്ങൾ**

സഹകരണസംഘങ്ങൾ

1. SCB –മൂർക്കനിക്കര.
2. FSCB –നടത്തറ

ശാഖകൾ a, നടത്തറ
b, വലക്കാവ്.

3.പഞ്ചാബ് നാഷണൽ ബാങ്ക്

4. SBT തൃശ്ശൂർ

പൊതുമേഖലാ സഹകരണ ധനകാര്യസ്ഥാപനങ്ങളിൽനിന്നും പണം ലഭിക്കുന്നതിനുള്ള പ്രായോഗികബുദ്ധിമുട്ടുകൾ കാരണം കർഷകർ സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളിൽനിന്നും അമിതപലിശയ്ക്ക് പണം കടം എടുക്കേണ്ടതായി വരുന്നു.

## കാർഷികവികസന പ്രവർത്തനങ്ങൾ

കൃഷിഭവനിൽകൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

**I നെല്ല്**

1. ഉല്പാദനബോണസ്സ് ഒരു ഹെക്ടറിന് 250 രൂപ വെച്ച് പാടശേഖലങ്ങൾമുഖേന കർഷകർക്ക് വിതരണംചെയ്യുന്നു.

2. ട്രാക്ടർ, ടില്ലർ, മെതിയന്ത്രം മുതലായവ 50% സബ്സിഡി നിരക്കിൽ പാടശേഖരങ്ങൾക്ക് വിത

രണം ചെയ്യുന്നു.

3. നെൽപ്പാടത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

4. ജൈവകീടനിയന്ത്രണത്തിനായി കർഷകർക്ക് പരിശീലനപരിപാടി.

5. വിത്ത് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ.

**II. തെങ്ങ്**

1. കിണർ, പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 33% സബ്സിഡി നൽകുന്നു. ഒരു കിണറിന് ഏറ്റവും കൂടിയത് 2500 രൂപയും കിണറും പമ്പ്സെറ്റും കൂടി ഒരു കർഷകന് 5000 രൂപ സബ്സിഡി നൽകുന്നതാണ്.

2. ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നു.

3. തെങ്ങ് കയറ്റയന്ത്രം, ചവിട്ട് പമ്പ് എന്നിവ സബ്സിഡിനിരക്കിൽ വിതരണം ചെയ്യുന്നു.

4. കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുന്നു.

**III. കമുക്.**

1. മഹാളിസ്പ്രയിങ്ങിന് ആവശ്യമായ തുരിശ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

2. കിണർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന്.

**IV പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള പദ്ധതികൾ**

1. കിണർ പമ്പ് സെറ്റ് സ്ഥാപിക്കുകന്നതിന് പദ്ധതികൾ.

2. കയ്യാല കെട്ടുന്നതിനുള്ള പദ്ധതികൾ.

3. വിത്ത്, വളം, കീടനാശിനി എന്നിവ സൗജന്യമായി വിതരണംചെയ്യുന്നു.

**V. സുഗന്ധദ്രവ്യവിളകളുടെ വികസനത്തിനുള്ള പദ്ധതികൾ.**

*കുരുമുളക് :-*

1 മാതൃകാകൃഷിതോട്ടം ഉണ്ടാക്കൽ

2. കുരുമുളക് ഇടവിള പ്രോത്സാഹിപ്പിക്കുന്നതിന് വള്ളികൾ വിതരണം ചെയ്യുക.

3. കുരുമുളകിന്റെ കൃഷിവർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കൽ.

*ഇഞ്ചി*

1. ഇഞ്ചി മാതൃകാതോട്ടം.

2. ഇഞ്ചി കൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.

*മഞ്ഞൾ*

1. മഞ്ഞൾ മാതൃകാതോട്ടം.

2. മഞ്ഞൾ കൃഷി വികസനത്തിനുള്ള പദ്ധതികൾ.

3. ജാതി, ഗ്രാമ്പു എന്നീ വിളകളുടെ വികസനത്തിനുള്ള പദ്ധതികൾ.

*കൊക്കൊ*

കൊക്കൊ കൃഷിക്ക് വ്യാപ്തി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

**VI. ജൈവവളം- ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

**VII. വളക്കുഴികൾ എടുക്കുന്ന കർഷകർക്ക് സബ്സിഡി നൽകുന്നു.**

**VII. പയർവർഗവിളകൾ പ്രോത്സാഹനം**

1. പയർവിത്തുകൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

2. കൃഷിക്ക് ആവശ്യമായ കീടനാശിനികൾ സബ്സിഡിനിരക്കിൽ വിതരണംചെയ്യും.

**IX. കശുമാവ്**

1. കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒട്ടു തൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു.

2. കുഴികൾ എടുക്കുന്നതിന് സബ്സിഡി നൽകുന്നു.

**X. ബയോഗ്യാസ്**

ബയോഗ്യാസ് സ്ഥാപിക്കുന്നതിന് കർഷകർക്ക് സബ്സിഡി നൽകുന്നു.

**XI. പ്രകൃതിക്ഷോഭം**

1. പ്രകൃതിഷോഭം മൂലം വിളനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നു.

2. ഇൻഷൂർ ചെയ്ത കർഷകർക്കും ഇൻഷൂർ ഇല്ലാത്തവർക്കും നഷ്ടപരിഹാരം നൽകുന്നു.

**XII ഒരുലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ തൊഴിൽ.**

വിവിധതരം കൃഷികളും കാർഷികതൊഴിലുകളും ചെയ്യുന്നതിന് താല്പരരായ 105 യുവജന കർഷകർ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്. കൂൺകൃഷി, കുറ്റിമുല്ലകൃഷി. പ്രോസസിംഗ് യൂണിറ്റ് (മുളക്, മല്ലി എന്നിവ പൊടിച്ച് പാക്ക് ചെയ്ത്) നൽകുന്നതിനും കൊപ്ര യൂണിറ്റ് എന്നിവ തുടങ്ങുന്നതിനും തല്പരരായ കർഷകർ ഈ കൂട്ടത്തിലുണ്ട്.

**13. കീടനാശിനി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ.**

*ഔഷധച്ചെടി:-*

ഔഷധചെടികളുടെ കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ

*കർഷകസംരംഭങ്ങൾ*

ഈ പഞ്ചായത്തിൽ 9 പാടശേഖരസമിതികൾ ഉണ്ട്.

1. കൊഴുക്കുള്ളി പാടശേഖരസമിതി
2. മൂർക്കനിക്കര പാടശേഖരസമിതി
3. മുളയം പാടശേഖരസമിതി
4. കൂട്ടാല പാടശേഖരസമിതി
5. നെല്ലാനി പാടശേഖരസമിതി
6. ഇരവിമംഗലം പാടശേഖരസമിതി
7. ചവറാംപാടം പാടശേഖരസമിതി
8. പയ്യനം പാടശേഖരസമിതി
9. നടത്തറ പാടശേഖരസമിതി

ഇതുകൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കേരവികസനസമിതിയും നിലവിലുണ്ട്.

**പ്രശ്നങ്ങൾ**

1. ജലസേചനസൗകര്യത്തിന്റെ അപര്യാപ്തത.
2. തൊഴിലാളികളുടെ ദൗർലഭ്യം.
3. മലമ്പ്രദേശങ്ങളിലെ മണ്ണൊലിപ്പ്.
4. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടേയും. നടീൽ വസ്തുക്കളുടേയും അപര്യാപ്തത.
5. വളം, കീടനാശിനി എന്നിവയുടെ വില വർദ്ധന.
6. ഉൽപ്പന്നത്തിന്റെ വിലക്കുറവ്.
7. പ്രകൃതിക്ഷോഭം, കീടരോഗബാധ എന്നിവ മൂലം ഉണ്ടാകുന്ന കൃഷിനാശം.
8. കൃഷിരീതികളിൽ ആധുനിക സാങ്കേതികവിദ്യയുടെ അപര്യാപ്തത.
9. ജൈവവളങ്ങളുടെ ലഭ്യതകുറവ്.
10. മലയോര കർഷകരുടെ പട്ടയപ്രശ്നം.
11. കർഷകന്റെ സാമൂഹിക പ്രശ്നങ്ങൾ.
12. കൃഷിഭവന്റെ പ്രവർത്തനങ്ങളിലെ പോരായ്മ.
13. ഇടവിള കൃഷികൾ ചെയ്യായ്ക.
14. നൂതന കൃഷിരീതിയുടെ അഭാവം.
15. വിവിധ പദ്ധതികളുടെ ഏകീകരണം, നടപ്പാക്കൽ എന്നിവയിലെ പോരായ്മകൾ.

**പരിഹാരങ്ങൾ**

I

a. നിലവിലുള്ള കുളങ്ങളും തോടുകളും സംരക്ഷിച്ച് തടയണകൾ നിർമ്മിച്ച് ജലസേചനം വർദ്ധിപ്പിക്കുക.

b. പുതിയ കിണറുകളും, കുളങ്ങളും കുഴിക്കുന്നതിന് ധനസഹായം നൽകുക.

c. പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ധനസഹായം നൽകുക.

d. കൃഷിക്ക് ആവശ്യമായ വൈദ്യുതി കണക്ഷന് മുൻഗണന നൽകുക.

e. കൃഷിക്ക് ആവശ്യമായ വൈദ്യുതി സൗജന്യമായി നൽകുക.

f. വൻകിട ജലസേചന പദ്ധതിയായ പീച്ചികനാൽ മുഖേന തക്കസമയത്ത് ജലം ലഭ്യമാക്കണം.

g. നിലവിലുള്ള കൃഷിഭൂമിയുടെ പരിസ്ഥിതി നിലനിർത്തുക.

h. കാലവർഷത്തിൽ ലഭിക്കുന്ന മഴവെള്ളം കെട്ടിനിർത്തി കൃഷിയ്ക്ക് അനുയോജ്യമായ വിധത്തിൽ ഉപയോഗിക്കുന്ന പദ്ധതികൾ നടപ്പിലാക്കണം.

i. നീർമറി പ്രദേശത്തെ ജലസംഭരണത്തിന് വേണ്ടി പ്രത്യേകപദ്ധതികൾ നടപ്പിലാക്കണം.

j. ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

II

a. ആധുനികയന്ത്രവൽക്കരമം നടപ്പിലാക്കുക.

b. എല്ലാ മേഖലകളിലും തൊഴിലാളികൾക്കു വേണ്ട പരിശീലനം നൽകുക.

c. തൊഴിലാളികളെ പഞ്ചായത്തടിസ്ഥാനത്തിൽ സംഘടിപ്പിച്ച് തൊഴിൽ നൽകുക.

d. കാർഷികമേഖലയിലെ തൊഴിലാളികൾക്ക് ഇൻഷുറൻസ്, പെൻഷൻ മുതലായ മറ്റ് അനുകൂല്യങ്ങൾ നടപ്പിലാക്കാൻ പദ്ധതികൾ ഉണ്ടായിരിക്കണം.

e. വ്യത്യസ്തമായ കൂലിനിരക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ഏകീകരിക്കണം.

III

a. ചരിവുള്ള ഭൂമികൾ തട്ടായിതിരിച്ച് കല്ലുപയോഗിച്ച് കയ്യാല കെട്ടുക.

b. നിരപ്പായ സ്ഥലങ്ങളിൽ ട്രേഞ്ചസ് (ചാലുകൾ) എടുത്ത് ജലം സംഭരിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

c. കയ്യാലകളിൽ പുല്ല്, ആവരണവിള, പൈനാപ്പിൾ, ഔഷധച്ചെടി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

IV

a. നല്ലയിനം വിത്തിനങ്ങൾ പ്രാദേശികമായിത്തന്നെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാനുള്ള പദ്ധതി നടപ്പിലാക്കുക.

b. മണ്ണിനും കാലാവസ്ഥയ്ക്കും അനുസൃതമായി പുതിയഇനം വിത്തിനങ്ങൾ ഉത്പാദിപ്പിക്കുക.

V.

a. വളം, കീടനാശിനി എന്നിവ മിതമായ വിലയ്ക്ക് ലഭ്യമാക്കണം.

VI.

a. ഉത്പാദന ചിലവിന് അനുസൃതമായി ഉത്പ്പന്നങ്ങൾക്ക് വില ലഭ്യമാക്കണം.

b. മധ്യവർത്തികളെ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

c. ഉത്പന്നങ്ങൾ പഞ്ചായത്ത് തലത്തിൽ തന്നെ വിറ്റഴിക്കുന്നതിനുള്ള വിപണനസൗകര്യങ്ങൾ ഏർപ്പെടുത്തണം. ഇതിനുവേണ്ടി 'ആഴ്ച ചന്തകളോ' 'അന്തിചന്തകളോ' നടപ്പിലാക്കണം.

VII

a. കർഷകനെയും, കാർഷികവിളകളെയും സർക്കാർ ചിലവിൽ ഇൻഷൂർ ചെയ്യുക.

b. ഇൻഷൂർ ചെയ്ത വിളകൾക്ക് നാശം സംഭവിക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരം ഉടൻ നൽകുക.

c. വീണ്ടും വിളയിറക്കുന്നതിനുള്ള സാമ്പത്തികസഹായം കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കണം.

d. കാറ്റുവീഴ്ചയ്ക്കും മറ്റുരോഗകീടബാധമൂലം ഉണ്ടാകുന്ന കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുക.

VIII

a. കർഷകർക്ക് കാലാകാലങ്ങളിൽ കൃഷിരീതികളെക്കുറിച്ച് പരിശീലനം നൽകുക.

b. മണ്ണ് പരിശോധിച്ച് വളം ചേർക്കുക, കീടനാശിനി പ്രയോഗങ്ങളെക്കുറിച്ച് പരിശീലനം നൽകുക.

IX

a. ജൈവവളങ്ങളുടെ ഉപയോഗത്തിന്റെ പ്രാധാന്യം കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുക.

b. കുറഞ്ഞനിരക്കിൽ ജൈവവളങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

c. പച്ചിലവളവിത്തുകൾ ലഭ്യമാക്കുക.

d. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

X

a പട്ടയം ഉടൻ നൽകാനുള്ള നടപടികൾ ഉണ്ടാകണം.

b. പട്ടയം ഇല്ലാത്ത കർഷകർക്കും ഗവൺമെന്റ് ആനുകൂല്യങ്ങളും വായ്പാ സൗകര്യങ്ങളും ലഭ്യമാക്കുക.

XI

a. കർഷകർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം നൽകി ആദരിക്കുക.

b. കർഷകന് ഭവനനിർമ്മാണവായ്പകൾ ലഭ്യമാക്കുക.

c. കർഷകന്റെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് മുൻഗണന നൽകുക. മറ്റ് ആനുകൂല്യങ്ങൾ നൽകുക.

XII

a. കൃഷിഭവന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും എത്തിക്കുക.

b. പഞ്ചായത്തിന്റെ വിസ്തൃതി അനുസരിച്ച് കൃഷിഭവൻ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുക.

c. കൃഷിഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. വിത്ത്, വളം, കീടനാശിനികൾ എന്നിവ സ്റ്റോക്ക് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക. നടീൽ വസ്തുക്കൾ ഇറക്കിവയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

d. വാഹനസൗകര്യം , ഫോൺ ഏർപ്പെടുത്തുക.

XIII

a. ഇടവിളകളായി കൃഷിചെയ്യാവുന്ന വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കുക.

XIV

a. നൂതന കൃഷി രീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.

b. കൃഷി ചെയ്യുന്നതിനുള്ള സാങ്കേതികവും, സാമ്പത്തികവുമായ സഹായം നൽകുക.

**ജലസേചനസൗകര്യങ്ങൾ**

ഈ പഞ്ചായത്തിൽ ഏകദേശം 8000 കിണറുകളും, 50 പരം കുളങ്ങളും 100 ൽ താഴെ കുഴൽകിണറുകളും, 4000 പമ്പ്സെറ്റുകളും ഉണ്ട്. എന്നാൽ വലിയ പ്രധാന തടയണകൾ രണ്ടെണ്ണം മനേലി പുഴയിൽ നിലവിലുണ്ട്.

1. മുളയം പണ്ടാരച്ചിറ വർഷാവർഷങ്ങളിൽ താൽക്കാലിത തടയണകൾ കെട്ടിവരുന്നു.

2. കൈന്നൂർ ചിറ:- ഇത് ഒരു സ്ഥിരം ചിറയായി കെട്ടിയിട്ടുണ്ട്.

ഇത് കൂടാതെ അതാത് മേഖലകളിലെ കർഷകർ ചെറിയതോടുകളിൽ ചിറകെട്ടി ജലസേചനത്തിന് ഉപയോഗിക്കുന്നു.

**ചെറുകിട ജലസേചന പദ്ധതികൾ**

1. കൂട്ടാല ലിഫ്റ്റ് ഇറിഗേഷൻ.

2. എരവി മംഗലം ലിഫ്റ്റ് ഇറിഗേഷൻ

**വൻകിട ജലസേചന പദ്ധതികൾ**

പീച്ചി ഇറിഗേഷൻ പദ്ധതിയുടെ കനാൽ, പാണഞ്ചേരി പഞ്ചായത്തിൽകൂടി ഇടത്കരകനാൽ ഒന്നാംവാർഡിൽ പ്രവേശിക്കുന്നു. ഒല്ലൂക്കര പഞ്ചായത്ത് വഴി വലത്ത് കര; കനാൽ നടത്തറ പഞ്ചായത്തിൽ പ്രവേശിച്ച് വിവിധ ഭാഗങ്ങളിൽ കൂടി ഒഴുകുന്നു.

മണലി പുഴയിൽ കൈനൂർ ചിറയുടെ ഭാഗത്ത് ഷട്ടറുകൾ ശരിയായ വിധത്തിൽ നിയന്ത്രിച്ച് ആദ്യകാലങ്ങളിൽ കൃഷിക്ക് ജലം ലഭ്യമാക്കിയിരുന്നു. എന്നാൽ ഇന്ന് അത് വേണ്ടവിധത്തിൽ സംരക്ഷിക്കാത്തതുകൊണ്ട് സമൃദ്ധിയായി ജലം ലഭ്യമല്ല. ഇരവിമംഗലം കൊഴുക്കുള്ളി പാടശേഖരത്തിന്റെ ഉയർന്ന ഭാഗത്ത് മഴവെള്ളം കെട്ടിനിർത്തി മുണ്ടകൻ കൃഷിക്ക് ഉപയുക്തമാക്കിയിരുന്നു. എന്നാൽ ആ ഭാഗങ്ങൾ നിരത്തി തെങ്ങും മറ്റ് കൃഷികളും ആയതുകൊണ്ട് താഴത്തെ നിലങ്ങളിൽ ജലസേചനം താതമ്യേന കുറഞ്ഞുവരുന്നു.

**നടത്തറപഞ്ചായത്തിലെ ജലസേചനം വർദ്ധപ്പിക്കുന്നതിനുള്ള പദ്ധതികൾ:-**

Ward I.

1. അച്ചൻകുഞ്ഞ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിനടപ്പിലാക്കുകയും വട്ടപ്പാറ ചേരുംകുഴി, മരിക്കുംകുണ്ട്, ആശാരിക്കാട് പ്രദേശങ്ങൾക്ക് ജലം എത്തിക്കുന്നതിനും ഉള്ള പദ്ധതികൾ നടപ്പിലാക്കുക.

2. വലക്കാവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

3. പയ്യനം, മുരുക്കംകുഴി പ്രദേശത്ത് പൊതുകുളം നിർമ്മിക്കുക.

4. മണലിപ്പുഴയ്ക്കു കുറുകെ എല്ലാവർഷവും നിർമ്മിക്കുന്ന പണ്ടാരച്ചിറ സ്ഥിരം ചിറയായി നിർമ്മിക്കുക.

Ward II.

1. പണ്ടാരച്ചിറ സ്ഥിരം ചിറയായി സ്ഥാപിക്കുക.

2. മുളയം ഇറിഗേഷൻ കനാലിലേക്ക് പണ്ടാരച്ചിറയിൽനിന്ന് വെള്ളം പമ്പ് ചെയ്ത് കോക്കാൻകുന്ന് ലിഫ്ട് ഇറിഗേഷൻ നടപ്പാക്കുകയാണെങ്കിൽ 2,5,6 എന്നീ വാർഡുകളിൽ ഉപയോഗിക്കാവുന്നതാണ്.

Ward III.

1. കൈനൂർ ചിറയ്ക്ക് ഷട്ടർ സ്ഥാപിക്കണം.

2. ആര്യൻ പാടത്ത് കൂറ്റനാൽ മുതൽ പഞ്ചായത്താഫീസ് വരെ തോട് നിർമ്മിച്ച്, തോട് പുഴയിലേക്ക് ചേരുന്ന ഭാഗത്ത് റെഗുലേറ്റർ സ്ഥാപിക്കണം.


NADATHARA PANCHAYAT
WATER AVAILABILITY
INDEX
Low
Medium
High
Tar road
Panchayat boundary
Panchayat office

3. മണലിപ്പുഴയിൽ തോപ്പുകടവ് പാലത്തിനുസമീപം പമ്പ് സ്ഥാപിച്ച് ചേരി പറമ്പ് പ്രദേശത്തേക്ക് വെള്ളം പമ്പ് ചെയ്യണം.

Ward IV.

1. മൂർത്തനികുന്ന് ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

മണലിപ്പുഴയിൽ ചാമക്കുണ്ട് പ്രദേശത്ത് പമ്പ് സ്ഥാപിച്ച് മൂർക്കൻകുന്ന് പ്രദേശത്തേക്ക് വെള്ളം പമ്പ് ചെയ്യണം.

2. പടിഞ്ഞാറൻതോട് സൈഡ് കെട്ടി തടയണകൾ ഉണ്ടാക്കുകയും ഓരത്തകൂടി ഫാം റോഡും നിർമ്മിക്കയും ചെയ്യണം.

Ward V.

1. മൂർക്കനിക്കരയിൽ പഞ്ചായത്താഫീസിന് സമീപം 150 H.P പമ്പ് സ്ഥാപിച്ച് കൊഴുക്കുള്ളി ബ്രാഞ്ച് കനാലിലേക്ക് വെള്ളം പമ്പ് ചെയ്ത് 4 ,5,6 എന്നീ വാർഡുകളിലേക്ക് ആവശ്യമായ ജലസേചനം നടത്താവുന്നതാണ്.

2. കൈനൂർ ചിറ ഷട്ടറിട്ട് ഉറപ്പുവരുത്തണം.

Ward VI.

1. തോടുകളിൽ തടയണകൾ സ്ഥാപിക്കണം.

2. മുരിമ്പൻകുന്ന് പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം.

Ward IX.

1.എരവിമംഗലം ലിഫ്റ്റ് ഇറിഗേഷനോടനുബന്ധിച്ച് 100 HP പമ്പ് സ്ഥാപിക്കുക.

2. എരവിമംഗലം വെട്ടംതോട് വശം കെട്ടി സംരക്ഷിക്കുക.

3. CADA യുടെ ചാല് 500 മീറ്റർ നീട്ടി പണിയണം.

4. എരവിമംഗലം പടിഞ്ഞാറെപാടംതോട് ബണ്ട് കെട്ടി ഫാം റോഡ് നിർമ്മിക്കണം.

5. കുണ്ടൻചാല് താഴ്ത്തി പാടത്തുനിന്നും വരുന്ന അതിവെള്ളം സംരക്ഷിക്കുക.

Word X

1. പീച്ചി ഇറിഗേഷൻ കനാലിൽ കാലാകാലങ്ങളിൽ ജലം ലഭ്യമാക്കണം.

2. പോലൂക്കര കായലിൽ നിന്നുള്ള ചാല്. രണ്ടു സൈഡ് കെട്ടി കാർഷികയന്ത്രങ്ങൾ ഇറക്കുന്നതിനുള്ള സൗകര്യം ചെയ്യണം.

3. കൈനൂർ ചിറയ്ക്ക് ഷട്ടർ സ്ഥാപിക്കണം.

4. പുഴയിൽ നിന്നുള്ള Diversion കനാൽ രണ്ട് ഭാഗവും കെട്ടി സുരക്ഷിതമാക്കണം.

5. ഇല്ലിക്കുളങ്ങറ വരെയുള്ള (കാഡ) ചാല് പോലൂക്കര നീളംകുളം വരെ നീട്ടി നിർമ്മിക്കണം.

6. ലിഫ്റ്റ് ഇറിഗേഷൻ വഴി വായനശാലാപ്രദേശത്ത് ടാങ്കെട്ടി വിവിധ ആവശ്യങ്ങൾക്ക് ജലം ലഭ്യമാക്കണം.

7. മൂർക്കനിക്കര മുതൽ എരവിമംഗലം തെക്കുള്ള നെൽപ്പാടത്തിന്റെ ഓരത്തുകൂടി ഫാം റോഡു നിർമ്മിക്കണം.

8. വെട്ടംതോട് ' കാഡാ' ചാൽ പൂർത്തിയാക്കണം.

Word XI

നിലവിലുള്ള തോട് സംരക്ഷിക്കണം.

**ഇറിഗേഷൻ**

നടത്തറ പഞ്ചായത്തിലെ ഏറെകുറെ മുഴുവൻ നെൽകൃഷിക്കും, തോട്ടവിളകൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഉതകുന്ന അതിപ്രധാനമായ ഒരു പദ്ധതിയാണ് മണലി പുഴയിൽ മുളയം II – ാംവാർഡിൽപ്പെട്ട പണ്ടാരചിറ.

പണ്ടാരചിറയുടെ പ്രത്യേകതകൾ

ഈ ചിറ ഇപ്പോൾ ഓരോവർഷവും താല്ക്കാലിക മൺചിറയായി കെട്ടി വരികയാണ്. പണ്ടാരചിറയിൽ ബ്രിഡ്ജ് കം റെഗുലേറ്റർ കം ഷട്ടേഴ്സ് സ്ഥിരമായി സ്ഥാപിക്കുകയാണെങ്കിൽ പ്രകൃതിദത്തമായി മണ്ഡലിപുഴയിലെ വെള്ളം യാതൊരു യന്ത്രപ്രവർത്തനവുമില്ലാതെ തന്നെ താഴെ പറയുന്ന സ്ഥലങ്ങളിലേക്ക് ജലസേചനസൗകര്യം ലഭിക്കുന്നതാണ്.

1. മുളയംപാടം.
2. മുളയം പടിഞ്ഞാറെപ്പാടം.
3. കൊഴുക്കുള്ളിക്കിഴക്കേപ്പാടം
4. ആര്യൻപാടം.
5. പോലൂപ്പാടം

കൂടാതെ നടത്തറപഞ്ചായത്തിലെ കൊട്ടിലംപറമ്പ് എന്ന സ്ഥലത്ത് ഒരു ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്റ്റ് സ്ഥാപിച്ച് നിലവിലുള്ള മുളയം കൊഴു

ക്കുള്ളി പീച്ചി ഇറിഗേഷന്ഡ കനാലിലേക്ക് വെള്ളം പമ്പ് ചെയ്യുകയാണെങ്കിൽ ഡാമിയൻ ഇൻസ്റ്റിട്ട്യൂട്ട്, S.O.S, അയ്യപ്പൻകാവ്, കൊഴുക്കുള്ളി കിഴക്കും, പടിഞ്ഞാറും പാടങ്ങളിലേക്ക് യാതൊരു സാമ്പത്തികചിലവും ഇല്ലാതെ നെൽകഷിക്ക് ജല സേചനത്തിന് ഉപയോഗിക്കാവുന്നതാണ്.

നടത്തറപഞ്ചായത്തിന്റെ ഏറ്റവും വടക്കേ അറ്റ മായ പട്ടാളകുന്നിനു താഴെ ചേറുംകോട് മുക്ക് വരെ ഇപ്രകാരം വെള്ളം എത്തിക്കാവുന്നതാണ്. ഇപ്രകാരം വെള്ളം എത്തിക്കുകയാണെങ്കിൽ നട ത്തറ പഞ്ചായത്തിലെ 2,3,4,5,6,10 എന്നീ വാർഡു കളിലെ തോട്ടവിളകൾക്ക് ജലസേചനത്തിന് വെള്ളം ലഭിക്കുകയും അതുവഴി സമൃദ്ധിയായി വിളവ് ലഭിക്കുന്നതിനും സാധിക്കുകയും ചെയ്യു ന്നതാണ്. മാത്രമല്ല മേൽപറഞ്ഞ സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമവും പരിഹരിക്കുവാൻ സാധിക്കു ന്നതാണ്.

കൈനൂർ ചിറയും ഷട്ടർ സംവിധാനവും ലിഫ്റ്റ് ഇറ്ഗേഷനും

വളരെ വർഷങ്ങൾക്ക് മുൻപ് നിർമ്മിച്ചിട്ടുള്ള മൻചിറയും, താല്ക്കാലിക ഷട്ടറുകളും കാല ദൈർഘ്യം മൂലം ദ്രവിച്ച് പ്രവർത്തക്ഷമമല്ലാതെ കിടക്കുകയാണ്. ഇതിനുപകരം സ്ഥിരം ബണ്ടും, ഇലക്ട്രിക ഷട്ടറും ഏർപ്പെടുത്തുകയാണെങ്കിൽ, ഇരവിമംഗലം, കൈനൂർ, തമ്പുരാട്ടിമൂല, മരത്താ ക്കര വില്ലേജിലെ നെൽപ്പാടങ്ങൾ എന്നിവയിലേക്ക് ജലസേചനത്തിന് ഉപയോഗിക്കുവാൻ സാധിക്കു കയും, അതുവഴി നെൽകൃഷി ഊർജ്ജിതമാക്കു വാൻ സാധിക്കുകയും ചെയ്യുന്നു. മാത്രമല്ല മേൽപ റഞ്ഞ സ്ഥലങ്ങളിലെ നാളികേരം, കവുങ്ങ്, വാഴ എന്നിവയ്ക്ക് ജലസേചനത്തിന് ഉപയോഗപ്പെടു വാനും, പച്ചക്കറികൃഷിക്ക് വളരെയധികം വികസ നസാദ്ധ്യതയുള്ള ഈ മേഖലക്ക് ഒരു വലിയ അനു ഗ്രഹവുമായി തീരുന്നതാണ്. മേൽപറഞ്ഞപ്രദേശ ങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉള്ള ഒരു ലളിതമായ മാർഗ്ഗവും കൂടിയാണ് കൈനൂർചിറ നവീകരിക്കലും ഷട്ടർസംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക എന്നത്.

**നിർദ്ദിഷ്ട മൂർക്കനിക്കര-കൊഴുക്കുള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം.**

സർക്കാരിന്റെ പരിഗണനയിലിക്കുന്ന നിർദ്ദിഷ്ട മൂർക്കനിക്കര– കൊഴുക്കുള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കുകയാണെങ്കിൽ അത് ഈ പ്രദേ ശത്തെ പരിഹരിക്കുന്നതിനും പ്രധാന ഉപാധിയാ യിരിക്കും. മൂർക്കനിക്കരയിലേയും, കൊഴുക്കുള്ളി യിലേയും 300 ഹെക്ടർ ദളം വരുന്ന നെൽകൃ ഷിക്കും, 500 ഹെക്ടറോളം വരുന്ന നാണ്യവിള കൾക്കും ജലസേചനത്തിന് പര്യാപ്തമാകുന്ന നിർദ്ദിഷ്ടപദ്ധതി നടപ്പിൽ വരികയാണെങ്കിൽ കാർഷികഉല്പന്നത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നുമാത്രമല്ല കൊഴുക്കുള്ളി വില്ലേജ്പ്ര ദേശത്തെ സമൃദ്ധിയിലേക്ക് നയിക്കുവാനും പര്യാ പ്തമാകുന്നതാണ്.

**പൊതുകുളങ്ങൾ സംരക്ഷിക്കുക**

ഈ പഞ്ചായത്തിലുള്ള 50 ഓളം വരുന്ന കുള ങ്ങൾ താഴ്ത്തി ചേറെടുത്ത്. സൈഡ് കെട്ടി സംര ക്ഷിക്കുക എന്നത് അത്യന്താപേക്ഷിതമായ കാര്യ മാണ്. അപ്രകാരം ചെയ്യുക ആണെങ്കിൽ ഈ പഞ്ചായത്ത് പ്രദേശത്ത് ജലക്ഷാമം(കുടിനീർ) പരി ഹരിക്കുന്നതിന് ഒരുപരിധിവരെ സാധിക്കുന്നതാണ്.



# മൃഗസംരക്ഷണം - മത്സ്യബന്ധനം

സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിടകർഷകരും കർഷകതൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടന സമ്പുഷ്ടമാക്കുന്നു. ഹ്രസ്വകാലാടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ സമ്പദ്വർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണമേഖല. കുറഞ്ഞ വരുമാനക്കാരായ ഗ്രാമീണ സ്ത്രീകൾക്ക് ഈ മേഖലയിൽ ഏറെ തൊഴിൽസാധ്യതകളുണ്ട്.

ഭാരതത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (Gross Domestic Production) പത്ത് ശത്മാനം സംഭാവന ചെയ്യുന്നത് മൃഗസംക്ഷണമേഖലയാണ്. കൂടാതെ കാർഷിക വരുമാനത്തിന്റെ ഇരുപത്തിയഞ്ച് ശതമാനം മൃഗസംരക്ഷണ മേഖ



ലയുടെ സംഭാവനയാണ്. എന്നാൽ മൊത്തം കാർഷികമേഖലയ്ക്ക് വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ വെറും 6.98 ശതമാനം മാത്രമേ മൃഗ സംരക്ഷണമേഖലയ്ക്ക് ലഭിക്കുന്നുള്ളൂ. കേരള ത്തിന്റെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന മൊത്തം സ്വാഭാ വിക റബ്ബറിന്റെ മൂല്യത്തേക്കാൾ അധികം രൂപ യ്ക്കുള്ള പാൽ നമ്മുടെ സംസ്ഥാനത്തിൽ ഉല്പാ ദിപ്പിക്കുന്നുണ്ട്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരിയുടെ മൂല്യത്തേക്കാൾ അധികമാണ് ഇവിടെ ഉല്പാദിപ്പിക്കുന്ന പാലിന്റെ മൊത്തം മൂല്യം. കഴി ഞ്ഞവർഷത്തെ മൊത്തം പദ്ധതിവിഹിതം 2044 കോടിരൂപ. അതിൽ 10.9 ശതമാനം (22.48 കോടി രൂപ) മാത്രമേ മൃഗസംരക്ഷണ മേഖലയ്ക്ക് വക യിരുത്തിയിട്ടുള്ളൂ. ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ, ദൈനംദിന വരുമാന വർദ്ധനവ് പോഷകപ്രദാനമായ ഭക്ഷ്യവസ്തുക്ക ളായ പാൽ,മുട്ട, മാംസം എന്നിവയുടെ അധികോ ല്പാദനം, ഔഷധങ്ങളുടെ നിർമ്മാണം, ബയോ ഗ്യാസ് പ്ലാന്റുകൾ, ജൈവവളങ്ങൾ പരിസ്ഥിതിക്കി ണങ്ങുന്ന മൃഗശക്തി, വ്യാവസായിക പ്രാധാന്യ മുള്ള ജലാറ്റിൻ, ഓസീൻ എന്നിവയുടെ ഉല്പാദനം എന്നിവ ഈ മേഖലയുടെ സംഭാവനകളാണ്. ജന്തു ജന്യരോഗങ്ങളുടെ നിയന്ത്രണം (പേവിഷബാധ നിർമ്മാർജനം), മാംസപരിശോധനയിലൂടെ സംശു ദ്ധമായ മാംസോല്പാദനം തുടങ്ങിയവയാണ് ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവന ങ്ങൾ. കഴിഞ്ഞ കാലയളവിൽ ആധുനിക സാങ്കേ തിക വിദ്യയുടെ സഹായത്തോടെ കന്നുകാലിക ളുടെ വംശവർദ്ധനവും, ഉല്പാദനക്ഷമതാ വർദ്ധ നവും സാധ്യമാക്കിയതുകൊണ്ട് പാലിന്റെ ഉല്പാ ദനത്തിലും, ഉപഭോഗത്തിലും അസൂയാവഹമായ വളർച്ചയുണ്ടായിട്ടുണ്ട്.

1960 കളുടെ മദ്ധ്യത്തിൽ പാലുൽപാദനം ഏതാണ്ട് രണ്ട്ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 22.40 ലക്ഷം ടണ്ണായി വർദ്ധിച്ചിരിക്കുന്നു. പക്ഷെ മൃഗസംരക്ഷണ മേഖലയിലെ നേട്ടങ്ങൾ പ്രധാന മായും പാലുല്പാദനരംഗത്ത് മാത്രമായി ഒതുങ്ങി നിന്നു. കേരളത്തിൽ മുട്ട, മാംസം എന്നിവയുടെ ആവശ്യം അനുദിനം വർദ്ധിച്ചുവരികയാണ്. കേര ളത്തിന്റെ മാംസോല്പാദനത്തിനുള്ള മൃഗങ്ങളിൽ 85% മുതൽ 90% വരെ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ഇതുമൂലം മാംസ വ്യാപാര ത്തിലൂടെയുണ്ടാവുന്ന സമ്പത്തിന്റെ ഏറിയപങ്കും സംസ്ഥാനത്തിന്റെ പുറത്തേക്കൊഴുകുന്നു. അതു കൊണ്ട് ഈ മേഖലയിൽ സ്വയം പര്യാപ്തതയ്ക്ക് ഉതകുന്ന പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉല്പാദ കന്റെ കൈകളിൽ എത്തിച്ചേരും.

കേരളത്തിൽ 21-ാം നൂറ്റണ്ടിൽ 38 ലക്ഷം മെട്രിക്ക് ടൺ ലിറ്റർ പാലുല്പാദനമാണ് ലക്ഷ്യമി ട്ടിരിക്കുന്നത്. ഇതിനാനുപാതികമായി തൃശൂർ ജില്ല യിലെ പാലുല്പാദനം 3 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇതിന് അനുസൃതമായി നട ത്തറ പഞ്ചായത്തിലെ പാലുല്പാദനം ഇപ്പോഴുള്ള തിനേക്കാൾ ഇരട്ടിയാക്കേണ്ടതാണ്. ഇപ്പോൾ നട ത്തറ പഞ്ചായത്തിലെ പ്രതിദിന പാലുല്പാദനം ഏകദേശം 15000 ലിറ്റർ ആണ്.

കാർഷികഗ്രാമമായ നടത്തറ പഞ്ചായത്തിൽ പണ്ടുകാലം മുതൽ തന്നെ കാലിവളർത്തൽ ഉണ്ടാ യിരുന്നു. കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. നില മുഴുന്നതിനും, വണ്ടിവലിക്കുന്നതിനുമായി മിക്ക വീടുകളിലും കാളകളേയും വളർത്തിയുരുന്നു. അതിനാൽതന്നെ എല്ലാകർഷകരുടെ കുടുംബങ്ങ ളിലും കാലവളർത്തൽ മുഖ്യ ഉപതൊഴിലുമായി രുന്നു. നടത്തറ പഞ്ചായത്തിലെ കിഴക്കാൻമേഖല മലയോരപ്രദേശങ്ങളായതിനാൽ ധാരാളം മേച്ചിൽസ്ഥലങ്ങൾ ഉണ്ടായിരുന്നു. പശു, ഏരുമ, ആട്, ഉഴവുമാടുകൾ, കോഴികൾ, താറാവുകൾ, പന്നികൾ എന്നിവയായിരുന്നു മിക്ക ആളുകളും വളർത്തിയിരുന്നത്. തൊഴുത്തു നിറയെ കന്നുകാ ലികൾ എന്നത് സമ്പന്നതയുടേയും, ഐശ്വര്യത്തി ന്റേയും പ്രതീകമായി ആളുകൾ കണക്കാക്കിയി രുന്നു. എന്നാൽ പിൽകാലത്ത് നെൽകൃഷി ലാഭ കരമല്ലാത്ത അവസ്ഥവന്നപ്പോൾ കർഷകർ കൃഷി നിലങ്ങളിൽ തെങ്ങ്, കവുങ്ങ്, റബ്ബർ, കുരുമുളക് എന്നീ നാണ്യവിളകൾ കൃഷിചെയ്യുകയും കൂടാതെ മലയോരപ്രദേശത്ത് കുടിയേറ്റ കർഷകരുടെ വര വോടെ കാലിമേക്കുന്നതിനുള്ള സ്ഥലം കുറയു കയും ചെയ്തപ്പോൾ കാലിവളർത്തൽ ഒരു പ്രശ്ന മായി മാറി. ട്രാക്ടറിന്റെ വരവോടെ ഉഴവുമാടുക ളുടെ എണ്ണം വെറും അഞ്ച് ശതമാനമായി കുറഞ്ഞു. എങ്കിലും നടത്തറ പഞ്ചായത്തിൽ ധാരാളം പേർ ഇപ്പോഴും കാലിവളർത്തൽ ഉപജീ വന മാർഗ്ഗമായി സ്വീകരിച്ചുവരുന്നു. പഞ്ചായ ത്തിൽ ഇടത്തരം കുടംബങ്ങളിലെ മുഖ്യവരുമാനം കന്നുകാലി വളർത്തലിൽനിന്നാണ്.

1987 ലെ സെൻസസ് പ്രകാരം നടത്തറ പഞ്ചാ യത്തിലെ കന്നുകാലികളുടെ എണ്ണം താഴെ പറയും വിധമാണ്.

| ക്രമനമ്പർ | കന്നുകാലിയിനം | എണ്ണം |
|---|---|---|
| 1 | നാടൻ പശുക്കൾ | 835 |
| 2 | സങ്കരയിനം പശുക്കൾ | 1733 |
| 3 | എരുമ | 343 |
| 4 | ആട് | 960 |
| 5 | പന്നി | 99 |
| 6 | കോഴി | 16206 |
| 7 | താറാവ് | 215 |

1996 ലെ സെൻസസ് പ്രകാരം (കൃത്യമായ കണക്കുകൾ ലഭ്യമായിട്ടില്ല) സങ്കരയിനം പശുക്കൾ, ആട്, പന്നി, കോഴി എന്നിവയുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായതായി കണക്കാക്കുന്നു.

മൃഗചികിത്സാരംഗത്ത് 16–7–1949 ൽ മൂർക്കനിക്കരയിൽ Key village Subcentre സ്ഥാപിതമായി. Intensive Cattle development project ന്റെ കീഴിലുള്ള Subcentre 1–3–1973 ൽ സ്ഥാപിതമായി. 10–7–1978 ൽ മൃഗാസ്പത്രിയായി ഉയർത്തുകയും ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാവുകയും ചെയ്തു. മൂർക്കനിക്കര സർവ്വീസ് സഹകരണബാങ്കിന്റെ വക കെട്ടിടത്തിലാണ് മൃഗാസ്പത്രി പ്രവർത്തിക്കുന്നത്.

നടത്തറ ഗ്രാമപഞ്ചായത്തിൽ അഞ്ച് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വലക്കാവ്, ചേരുംകുഴി, ചാലാംപാടം, കൂട്ടാല, അയ്യപ്പൻകാവ് എന്നിവിടങ്ങളിലാണ് ക്ഷീരസംഘങ്ങൾ സ്ഥിതിചെയ്യുന്നത്. തൃശൂർ ജില്ലയിലെ പാലുല്പാദനത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ക്ഷീരസംഘങ്ങളാണ് വലക്കാവ്, ചേരുംകുഴി എന്നിവ. ഈ പഞ്ചായത്തിലെ കർഷകരെ കൂടാതെ സമീപ പഞ്ചായത്തുകളായ പുത്തൂർ, പാണഞ്ചേരി, ഒല്ലൂക്കര എന്നിവിടങ്ങളിലേയും കർഷകരും ഈ സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ട്. കർഷകർക്ക് ന്യായമായ പാൽവില ലഭിക്കുന്നതിന് ഈ ക്ഷീര സംഘങ്ങൾ ശ്രദ്ധിച്ചുപോരുന്നു. പന്നിക്കുഞ്ഞുങ്ങളുടെ ഉല്പാദനവും, വിതരണവും ലക്ഷ്യമാക്കി പഞ്ചായത്തിനോട് ചേർന്ന് പുത്തൂർ പഞ്ചായത്തിലെ അയ്യമ്പിള്ളിക്കുന്നിൽ പിഗ്ബ്രിഡിങ്ങ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

നടത്തറപഞ്ചായത്തിൽ മത്സ്യകൃഷി വ്യാപകമായി നിലവിലില്ല. മണലിപുഴ ഈ പഞ്ചായത്തിൽ കൂടി ഒഴുകുന്നു. ശുദ്ധജല മത്സ്യം പഞ്ചായത്തിൽ ദുർലഭമായി ലഭിക്കുന്നു. കടൽമത്സ്യമാണ് അധികമാളുകളും ഉപയോഗിക്കുന്നത്. മത്സ്യം വളർത്തുന്നതിന് അനുയോജ്യമായ ധാരാലം കുളങ്ങളും, കിണറുകളും പഞ്ചായത്തിലുണ്ട്.



പഞ്ചായത്തിൽ ചില വ്യക്തികൾ ബ്രോയ്‌ലർ, ലെഗോൺ മുതലായ കോഴിക്കുഞ്ഞുങ്ങളെ വളർത്തി ഇറച്ചിയാവശ്യത്തിന് വിതരണം നടത്തുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഇറച്ചികോഴികളുടെ വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൽ പല സ്ഥലങ്ങളിലുണ്ട്. എന്നാൽ കോഴിത്തീറ്റയുടെ വിലവർദ്ധനവും, കോഴിരോഗങ്ങൾ മൂലമുള്ള ഉയർന്ന മരണനിരക്കും കാരണം കർഷകർ കോഴിവളർത്തൽ മേഖലയിലേക്ക് വരുവാൻ വിമുഖത കാട്ടുന്നു.

**മൃഗസംരക്ഷണ മേഖല : പ്രശ്നങ്ങൾ**

1. കാലിത്തീറ്റയുടെ അമിതമായ വിലയും ഉല്പാദനചിലവുമായി പൊരുത്തപ്പെടാത്ത പാലിന്റെ വില നിലവാരവും

2. തീറ്റപ്പുൽകൃഷിയുടെ അപര്യാപ്തത

3. മേച്ചിൽ സ്ഥലങ്ങളുടെ ദൗർലഭ്യം

4. ഉല്പന്നങ്ങൾക്ക് ഉല്പാദനച്ചിലവനുസരിച്ചു വില ലഭ്യമില്ലായ്മ

5. നല്ലയിനം ജനുസുകളെ മിതമായ വിലയ്ക്ക് ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥ.

6. ശാസ്ത്രീയമായ പരിപാലനത്തിന്റെ പോരായ്മ.

7. ക്ഷീരോല്പന്നങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിന്റേയും വിപണനത്തിന്റേയും പോരായ്മ

8. മൃഗസംരക്ഷണമേഖലയിലെ സാങ്കേതിക സേവനത്തിന്റെ പരിമിതികൾ

9. വായ്പ ലഭ്യമാക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത

10. അകിടുവീക്കം, കുളമ്പുരോഗം മുതലായ രോഗങ്ങൾ മൂലം വർദ്ധിച്ച സാമ്പത്തിക നഷ്ടം

11. വിവിധ ഏജൻസികളുടെ മൃഗസംരക്ഷണ പദ്ധതികൾ ആസൂത്രിതമല്ലാതെ കൈകാര്യം ചെയ്യുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

12. കർഷകരുടെ പരിജ്ഞാനകുറവ്.

13. സമഗ്രപേവിഷ നിർമ്മാർജന നയത്തിന്റെ ആസൂത്രിത തുടർപരിപാടിയുടെ അഭാവം.

14. സഹകരണ അടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കാത്തതുകൊണ്ടുള്ള വിലവർദ്ധനവ്

15. ശാസ്ത്രീയമായ മാംസ സംസ്ക്കരണ – വിപണന സൗകര്യത്തിന്റെ അഭാവം

**നടപ്പുപദ്ധതികൾ – പോരായ്മകൾ – നിർദ്ദേശങ്ങൾ**

**1. പാലുല്പാദന മേഖല**

പഞ്ചായത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വളരെ പരിമിതമായി താഴ്ന്നവരുമാനക്കാരായ കർഷകർക്ക് കറവപശുക്കളേയും, കിടാരികളേയും മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസനവകുപ്പ് എന്നിവമുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. ഇവയിലധികവും പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുള്ളതായിരുന്നു. പക്ഷെ ഗുണഭോക്താക്കളിൽ പലും കാലിവളർത്തൽ തുടർന്നുകൊണ്ടുപോവുകയോ, അതുകൊണ്ട് ജീവിതനിലവാരം മെച്ചപ്പെടുകയോ ചെയ്തിട്ടില്ല. പാലുല്പാദനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കേണ്ട മാതൃകാപദ്ധതികൾ താഴെ കുറിക്കുന്നു.

1. ഡയറി യൂണിറ്റുകൾ

ചെറുകിട നാമമാത്ര കർഷകരുടേയും, കർഷകതൊഴിലാളികളേയും ഈ മേഖലയിലേക്ക് ആകർഷിപ്പിക്കുക. ഉപതൊഴിലെന്ന രീതിയിലോ, മുഖ്യതൊഴിലെന്ന രീതിയിലോ പ്രോത്സാഹനം നല്കുക. വീട്ടമ്മമാരുടേയും വിദ്യാർത്ഥികളുടേയും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിച്ച് പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക. ജൈവവള ലഭ്യത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. അഞ്ച് മുതൽ പത്ത് പശുക്കളെ വ്യാവസായിക അടിസ്ഥാനത്തിൽ വളർത്താവുന്ന ഒരു പദ്ധതിയാണിത്.

2. ഒരു വീട്ടിൽ ഒരു പശു

പശു വളർത്തൽ ഒരു തൊഴിലെന്നതിനുപരി ഒരു ജീവിതശീലമാണെന്ന ബോധം ഇളം തലമുറയിൽ ജനിപ്പിക്കുന്നതിനും കുടുംബാവശ്യത്തിനുള്ള പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത ഉറപ്പുവരുത്തുന്നതിനും ജൈവവള പ്രയോഗത്തിലൂടെ ഭൂമിയുടെ ഫലപുഷ്ടിമെച്ചപ്പെടുത്തുന്നതിനും ഇത് സഹായിക്കുന്നു.

3. മിനി ഡയറി യൂണിറ്റ്

ഒരു കുടുംബത്തിന് ആറുമാസത്തെ ഇടവേളയിൽ മൂന്നു പശുക്കളെ നല്കി സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന പദ്ധതിയാണിത്.

4. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

ഇപ്പോൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി

വരുന്ന ഈ പദ്ധതിയുടെ ലക്ഷ്യം മേൽത്തരം സങ്കരവർഗ്ഗ കിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുകയാണ് എരുമകിടാരികളേയും കൂടുതൽ സങ്കരവർഗ്ഗ പശുക്കിടാരികളേയും ഉൾപ്പെടുത്തി ഈ പദ്ധതിയിൽ എല്ലാ കർഷകർക്കും പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇപ്പോൾ വളരെ കുറച്ചു കർഷകർക്കു മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുള്ളൂ.

5. സങ്കരവർഗ്ഗ പശുക്കൾക്ക് കാലിത്തീറ്റി സബ്സിഡി

മെച്ചപ്പെട്ട പാലുല്പാദനമുള്ള ചെറുകിട കർഷകരുടെ സങ്കരയിനം പശുക്കൾക്ക് കാലിത്തീറ്റ, സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയാണ് ഈ പദ്ധതി.

6. വൈറ്റമിൻ ധാതുലവണമിശ്രിതം വിതരണ പദ്ധതി

പാലുല്പാദനക്ഷമതയും, പ്രത്യുല്പാദനക്ഷമതയും ഉള്ള മേൽത്തരം പശുക്കൾക്ക് സൗജന്യമായി വൈറ്റമിൻ ധാതുലവണ മിശ്രിതം വിതരണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.

7. തീറ്റപുൽകൃഷി പ്രചരണ പദ്ധതി

ലാഭകരമായ പാലുൽപാദനത്തിന്റെ ഒരു പ്രധാന ഘടകമാണ് ഗുണകരമായ തീറ്റപുല്ലിന്റെ ലഭ്യത. തെങ്ങിൻ തോപ്പുകളിലും മറ്റു ഇടവിളയായും തരിശായിട്ടിരിക്കുന്ന നെൽപ്പാടങ്ങളിലും സർക്കാർ പുറമ്പോക്ക് സ്ഥലങ്ങളിലും തീറ്റപുൽ കൃഷി നടത്താവുന്നത്.

8. തൊഴുത്തുകളുടെ ശാസ്ത്രീയമായ നിർമ്മാണം

തൊഴുത്തുകളുടെ തറ, ശാസ്ത്രീയമായി നിർമ്മിക്കാത്തതുമൂലം അഞ്ചുമുതൽ ഇരുപതുശതമാനം ഉല്പാദനനഷ്ടം ഉണ്ടാക്കുന്നു. അകിടുവീക്കം, കുളമ്പുദീനം മുതലായ രോഗങ്ങൾ മൂലമുണ്ടാവുന്ന ഈ നഷ്ടം തൊഴുത്തുകളുടെ തറ ശാസ്ത്രീയമായി പണിയുന്നതുമൂലം ഒഴിവാക്കുവാൻ കഴിയും.

9. ഭ്രൂണമാറ്റവിദ്യ

ഉയർന്ന ജനിതകമൂല്യമുള്ള സങ്കരയിനം പശുക്കളുടെ വംശവർദ്ധനവിനായി ഈ പഞ്ചായത്തിലെ പാലുല്പാദനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കർഷകരുടെ കന്നുകാലകളിൽ പ്രയോഗിച്ച് നടപ്പാക്കാവുന്നതാണ്.

10. ബീജസങ്കരണമേഖല

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. വർഗ്ഗോദ്ധാരണശേഷിയുള്ള അഞ്ഞൂറ് പശുക്കൾക്ക് ഒരു ബീജസങ്കലനകേന്ദ്രം ആരംഭിക്കാവുന്നതാണ്. ഇതുകൊണ്ട് ഉല്പാദനശേഷിയുള്ള പശുകുട്ടികളേയും, പശുക്കളെയും എണ്ണത്തിൽ വർദ്ധിപ്പിക്കാവുന്നതാണ്. ചേരുംകുഴി, വലക്കാവ്, എരവിമംഗലം, മുളയം, കൊഴുക്കുള്ളി, നടത്തറ എന്നീ സ്ഥലങ്ങളിൽ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കണം.

**മാംസോല്പാദന രംഗം**

ശാസ്ത്രീയമായ അറവുശാലാ നിർമ്മാണം

90–95% ആളുകളും മാംസം ഉപയോഗിക്കുന്ന കേരളത്തിൽ അശാസ്ത്രീയവും, വൃത്തിഹീനവുമായ ചുറ്റുപാടുകളിൽ മാംസം വിതരണം നടത്തുകയാണ് ഇന്നത്തെ സ്ഥിതി. നടത്തറ പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാല നിലവിലില്ല. പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ വിറ്റഴിയുന്ന മാംസം വളരെ വൃത്തിഹീനമായ പരിതസ്ഥിതിയിലാണ് കശാപ്പുചെയ്യുന്നതും, വിപണനം നടത്തുന്നതും ഇത്തരത്തിലുള്ള അറവുശാലകളിൽനിന്ന് പലതരത്തിലുള്ള രോഗങ്ങൾ മാംസത്തിൽ കൂടിയും, വെള്ളത്തിൽ കൂടിയും, പക്ഷിമൃഗാദികൾവഴിയും മനുഷ്യരിലേക്ക് വ്യാപിക്കുന്നു. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി ആധുനിക രീതിയിലുള്ള അറവുശാല നടത്തറ പഞ്ചായത്തിൽ സ്ഥാപിക്കുക. അനുബന്ധ നിർദ്ദേശങ്ങൾ ഗ്രൂപ്പ് 4 മാർക്കറ്റ് വിഭാഗത്തിലുണ്ട്. അതുപോലെതന്നെ പഞ്ചായത്തിൽ കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളിൽ 95% വും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. നടത്തറ പഞ്ചായത്തിൽ ഏകദേശം ആയിരം മാടുകളെ ഒരു മാസത്തിൽ കശാപ്പുചെയ്യുന്നു. കുറഞ്ഞത് 5000 കിലോ മാംസം 40 രൂപ നിരക്കിൽ ഏകദേശം 20 ലക്ഷം രൂപയ്ക്കുള്ള മാംസത്തിന്റെ ബിസിനസ് നടത്തറ പഞ്ചായത്തിൽ ഒരു മാസത്തിൽ നടക്കുന്നു. കുറഞ്ഞത് 10 രൂപ ഒരു കിലോ മാംസത്തിന് എന്ന നിരക്കിൽ ലാഭം പ്രതീക്ഷിച്ചാൽ 5 ലക്ഷം രൂപ ബിസിനസ്കാരന് ലഭിക്കുന്നു. ബാക്കി 15 ലക്ഷം രൂപ ഒരു മാസത്തിൽ അയൽ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നു. ആയതിനാൽ ഈ രംഗത്തെ വികസനത്തിന് താഴെ പറയുന്ന പദ്ധതികൾ നടത്തറ പഞ്ചായത്തിൽ ആവിഷ്കരിക്കേണ്ടതാണ്.

1. ആടുവളർത്തൽ പദ്ധതി

പാവപ്പെട്ടവരുടെ പശുവാണ് ആട്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് അനുയോജ്യവും വീട്ടമ്മമാരുടേയും കുട്ടികളുടേയും അദ്ധ്വാനശേഷി ഫലപ്രദമായി ഉപയോഗിപ്പെടുത്തുകയും ചെയ്യാവുന്ന പദ്ധതിയാണ് ആടുവളർത്തൽ. നടത്തറ പഞ്ചായത്തിൽ മലയോരപ്രദേശങ്ങൾ ആടുവളർത്തലിന് ഏറ്റവും അനുയോജ്യമാണ്. പാവപ്പെട്ട കർഷകകുടുംബത്തിന് നല്ലയിനം ആട്ടിൻകുട്ടികളെ വിതരണം ചെയ്യേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

2. പന്നിവളർത്തൽ

നടത്തറ പഞ്ചായത്തിൽ പന്നി വളർത്തലിന് താല്പര്യമുള്ള കർഷകർ ഏറെയുണ്ട്. അഞ്ചാം വാർഡിൽ ഒരു സ്വകാര്യവ്യക്തി നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു പന്നി ഫാം നടത്തുന്നുണ്ട്. താല്പര്യമുള്ള കർഷകർക്ക് അഞ്ച് പെൺപന്നികളും, ഒരു ആൺപന്നിയും അടങ്ങിയ ബ്രീഡിങ്ങ് യൂണിറ്റോ, മാംസാവശ്യത്തിനായി രണ്ട് പന്നിക്കുഞ്ഞുങ്ങൾ അടങ്ങുന്ന യൂണിറ്റോ തുടങ്ങുന്നതിന്നുള്ള പദ്ധതി നടപ്പിലാക്കേണ്ടതാണ്.

3. കാളക്കുട്ടി പരിപാലനപദ്ധതി

പഞ്ചായത്തിൽ ഒരു വർഷം ഏകദേശം ആയിരത്തോളം മൂരികുട്ടികളും, പോത്തിൻകുട്ടികളും ജനിക്കുന്നുണ്ട്. ഇവയിൽ ഏറിയപങ്കും ശരിയായ പരിചരണം കിട്ടാതെ വളർച്ച മുരടിച്ചു പോവുകയോ, മരണമടയുകയോ ആണ് പതിവ്. ഈ മൂരികുട്ടികളെ ആറുമാസത്തിനുള്ളിൽ വരിയുടയ്ക്കുകയും, വിരമരുന്ന് മാസാമാസം കൊടുക്കുകയും ശാസ്ത്രീയമായി പരിചരിക്കുകയും ചെയ്ത് 18 മാസം വരെ വളർത്തി മാംസഉല്പാദനത്തിന് ഉപയോഗിക്കാവുന്നതാണ്. ഈ പദ്ധതികൊണ്ട് അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന പണം പഞ്ചായത്തിലെ കർഷകരുടെ കയ്യിൽ കിട്ടും.

4. ഇറച്ചികോഴി വളർത്തൽ

ഇപ്പോൾ നടത്തറ പഞ്ചായത്തിൽ ഇറച്ചികോഴികളെ വളർത്തിവിൽക്കുന്ന ഫാമുകൾ ഇല്ല. ഏകദേശം 20000 ഇറച്ചികോഴികളെ ഒരു വർഷം പഞ്ചായത്തിൽ വിറ്റഴിയുന്നു. സഹകരണാടിസ്ഥാനത്തിൽ വളരെ വിപുലമായരീതിയിൽ ഇറച്ചികോഴികുഞ്ഞുങ്ങളെ ശേഖരിച്ച് വളർത്തി ഇടത്തട്ടുകാരെ ഒഴിവാക്കി വിതരണം നടത്തുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

5. എഗ്ഗർ ലേയർ നേഴ്സറികൾ

നല്ലയിനം മുട്ടക്കോഴിക്കുഞ്ഞുങ്ങളെ കർഷകർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി നടത്തറ പഞ്ചായത്തിൽതന്നെ കോഴിക്കുഞ്ഞുങ്ങളെ വളർത്തിയെടുക്കാവുന്ന പദ്ധതിയാണിത്. 500 കോഴിക്കുഞ്ഞുങ്ങളെ വീതം വളർത്താവുന്ന നേഴ്സറികൾ പഞ്ചായത്തിൽ ചുരുങ്ങിയത് 5 എണ്ണം വീതമെങ്കിലും തുടങ്ങേണ്ടതാണ്. ഓരോ വർഷവും അഞ്ച് തവണഎങ്കിലും കോഴിക്കുഞ്ഞുങ്ങളെ വളർത്തി വിൽക്കാം.

6. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

ഏറ്റവും കുറഞ്ഞ ചെലവിൽ വീടുകളിൽ തന്നെ മുട്ട ഉല്പാദിപ്പിക്കാൻ ഉതകുന്ന ഒരു പദ്ധതിയാണിത്. മുട്ടയുടെ ലഭ്യത ഉറപ്പുവരുത്തുവാനും വീട്ടമ്മാരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഇത് സഹായിക്കുന്നു. 45 ദിവസം പ്രായമുള്ള അഞ്ച് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം നടത്തറ പഞ്ചായത്തിൽ കുറഞ്ഞത് ആയിരം കുടുംബങ്ങൾക്കെങ്കിലും വർഷത്തിൽ വിതരണം ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

7. താറാവ് വളർത്തൽ

താറാവ് വളർത്തലിന് അനുയോജ്യമായ ധാരാളം സ്ഥലങ്ങൾ നടത്തറ പഞ്ചായത്തിലുണ്ട്. താല്പര്യമുള്ള കർഷകന് ഒരുമാസം പ്രായമുള്ള 20 താറാവുകളെ വീതം വിതരണം ചെയ്യാവുന്നതാണ്.

8. മുയൽ വളർത്തൽ പദ്ധതി

ചുരുങ്ങിയ മൂലധന നിക്ഷേപം കൊണ്ട് ലാഭം ഉണ്ടാക്കുന്ന ഒരു ഉപതൊഴിലാണ് ഇത്. സ്കൂൾ വിദ്യാർത്ഥികളേയും, താഴെക്കിടയിലുള്ള കർഷകത്തൊഴിലാളികളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. രണ്ട് പെൺമുയലുകളും ഒരു ആൺമുയലും അടങ്ങുന്ന ഒരു യൂണിറ്റ് വീതം എട്ടാംക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഓരോ വർഷവും നൽകുക. പത്താംക്ലാസ്സിൽ എത്തുമ്പോൾ ഒരു ജോടി മുയൽക്കുഞ്ഞുങ്ങളെ വീതം പഞ്ചായത്തിന് തിരികെ കൊടുക്കുക. അവയെ വീണ്ടും മറ്റുകുട്ടികൾക്ക് വിതരണം ചെയ്യുക.

**സേവനമേഖല**

1. സമ്പൂർണ്ണ പേ വിഷ നിയന്ത്രണ പരിപാടി

ഇന്ത്യയിൽ ഏകദേശം 25,000 ആളുകൾ വർഷം തോറും പേവിഷബാധമൂലം മരണമടയുന്നു. നടത്തറ പഞ്ചായത്തിൽ തന്നെ നായ്ക്കളുടെ കടിയേറ്റ്

പ്രതിരോധ കുത്തിവെപ്പുകൾ പലരും നടത്തുന്നുണ്ട്. പേവിഷബാധയേറ്റ് മരണമടഞ്ഞവരുടെ ചരിത്രം പഞ്ചായത്തിൽ ഉണ്ട്. മനുഷ്യനിൽ ഈ രോഗം പകരുന്നത് നായ്ക്കളുടെ കടിയിലൂടെയാണ്. തെരുവ് നായ്ക്കളെ നശിപ്പിക്കലും, വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവെപ്പ് നടത്തി ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുന്നതാണ് ഈ രോഗം തടയുന്നതിനുള്ള ഏക പോംവഴി. നടത്തറ ഗ്രാമപഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളേയും പ്രതിരോധകുത്തിവെപ്പ് നടത്തുകയും ലൈസൻസ് നിർബന്ധമാക്കുകുയം ചെയ്യാനുള്ള പദ്ധതി ആവിഷ്ക്കിരിക്കേണ്ടതാണ്.

2. സമഗ്ര കന്നുകാലി / ഇൻഷുറൻസ് പദ്ധതി

പഞ്ചായത്തിലെ കർഷകരുടെ ഉടമസ്തതയിലുള്ള പശു, എരുമ, ആട്, കാള എന്നിവയെ ഇൻഷുറൻസ് സംരക്ഷണയിൽ കൊണ്ടുവരുന്ന പദ്ധതിയാണിത്. പദ്ധതിയിൽ ഉൾപ്പെടുന്ന മൃഗത്തിന് രോഗം മൂലമോ, അപകടം മൂലമോ മരണം സംഭവിക്കുകയോ ഉല്പാദനവൈകല്യം സംഭവിക്കുകയോ ചെയ്താൽ കർഷകന് നഷ്ടപരിഹാരം ലഭിക്കുന്നതാണ്.

3. മൃഗാസ്പത്രിയുടെ വികസനം

മൂർക്കനിക്കര മൃഗാസ്പത്രി, മൂർക്കനിക്കര സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ വക കെട്ടിടത്തിൽ ആണ് പ്രവർതതിക്കുന്നത്. സ്ഥലസൗകര്യം വളരെ പരിമിതമാണ്. മൃഗങ്ങളെകൊണ്ട് വന്ന് നിർത്തുന്നതിനോ, മരുന്നുകൾ സൂക്ഷിക്കുന്നതിനോ ഉള്ള സൗകര്യം കുറവാണ്. ഏകദേശം 5000 ത്തോളം ഔട്ട്പേഷന്റ് കേസുകളും 2500 ത്തോളം കൃത്രിമ ബീജദാനവും വർഷംതോറും മൂർക്കനിക്കര മൃഗാസ്പത്രിയിൽ നടത്തുന്നുണ്ട്. മൂർക്കനിക്കര മൃഗാസ്പത്രി ഒരു പോളിക്ലീനിക് ആയി ഉയർത്തുകയും ആസ്പത്രിയ്ക്ക് സ്വന്തമായി സ്ഥലം, കെട്ടിടം, ഫർണിച്ചർ, ഓപ്പറേഷൻ തിയ്യറ്റർ, ഫോൺസൗകര്യം ഫീൽഡ് സർവ്വീസിന് സ്വന്തമായി വാഹനം എന്നിവയ്ക്കുള്ള തുക വകയിരുത്തേണ്ടതാണ്.

4. ചേരുംകുഴിയിൽ പുതിയ മൃഗാസ്പത്രി തുടങ്ങണം

പ്രാരംഭ അനുമതി ലഭിച്ചതും, കെട്ടിടം പണി കഴിഞ്ഞതുമായ ചേരുംകുഴി ക്ഷീരോല്പാദന സഹകരണസംഘം വക സ്ഥലത്ത് ഒരു പുതിയ മൃഗാസ്പത്രി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇരവിമംഗലം, മുളയം, നടത്തറ എന്നിവിടങ്ങളിൽ സബ്സെന്ററുകളും തുടങ്ങേണ്ടതാണ്.

5. ഗോരക്ഷാക്യാമ്പുകൾ/വന്ധ്യതാനിവാരണ ക്യാമ്പുകൾ

കൂടുതൽ വിപുലമായ രീതിയിൽ ഗോ രക്ഷാ ക്യാമ്പുകളും, വന്ധ്യതാനിവാരണ ക്യാമ്പുകളും നടത്തുന്നതിന് കൂടുതൽ തുക വകയിരുത്തേണ്ടതാണ്.

6. പഞ്ചായത്ത് തല മൃഗസംരക്ഷണ മേള

വർഷം തോറും കന്നുകാലി പ്രദർശനം, ശാസ്ത്ര പ്രദർശനം, കർഷകസംഘം, സെമിനാർ എന്നിവയടങ്ങിയ ഈ പദ്ധതിക്ക് തുക വകയിരുത്തേണ്ടതാണ്.

7. മാതൃകാ മൃഗസംരക്ഷകന് അവാർഡ്

പഞ്ചായത്ത് തലത്തിൽ ഓരോ വർഷവും ഏറ്റവും നല്ല ക്ഷീരകർഷകരെ കണ്ടെത്തി ആദരിക്കുകയും കേഷ് അവർഡും പ്രശസ്തി പത്രവും നല്കേണ്ടതാണ്.

പഞ്ചായത്തിൽ മൃഗസംരക്ഷമ മേഖലയുടെ വികസനത്തിന് പൊതുവായ നിർദ്ദേശങ്ങൾ

1. ഓരോ വാർഡ് തോറും ഡയറി യൂണിറ്റുകളും, മിനിഡയറി യൂണിറ്റുകളും സ്ഥാപിക്കുക.

2. പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിൽ എല്ലാ കർഷരേയും ഉൾപ്പെടുത്തുക

3. തീറ്റ പുൽകൃഷി പ്രോത്സാഹിപ്പിക്കുക

4. കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തുക

5. മൃഗചികിത്സ കർഷകന്റെ വീട്ടുപടിക്കൽ എത്തിക്കുക

6. നല്ലയിനം പശു, ആട്, പന്നി, കോഴി, താറാവ്, മുയൽ എന്നിവയെ കർഷകർക്ക് ആവശ്യാനുസരണം വിതരണം നടത്തുക.

7. പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുക

8. പേവിഷ നിയന്ത്രണ പരിപാടി വിപുലീകരിക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

9. പഞ്ചായത്തിലെ എല്ലാ കന്നുകാലികൾക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക.

10. മൂർക്കനിക്കര മൃഗാസ്പത്രിക്ക് സ്വന്തം സ്ഥലവും, കെട്ടിടവും നിർമ്മിക്കുകയും പോളിക്ലിനിക്കായി ഉയർത്തുകയും ചെയ്യുക.

11. ചേരുംകുഴിയിൽ മൃഗാസ്പ്ത്രി ഉടനെ ആരംഭിക്കുക.

12. 500 പശുക്കൾക്ക് ഒരു കുത്തിവെപ്പ് കേന്ദ്രം എന്ന കണക്കിന് പഞ്ചായത്തിൽ കുത്തിവെപ്പ് കേന്ദ്രങ്ങൾ അനുവദിക്കുക.

13. പഞ്ചായത്ത് തല മൃഗസംരക്ഷമ മേള എല്ലാ വർഷവും സംഘടിപ്പിക്കുക

14. കർഷകർക്ക് പരിശീലന ക്യാമ്പുകൾ ഏർപ്പെടുത്തുക

15. ഏറ്റവും നല്ല ക്ഷീരകർഷകരെ കണ്ടെത്തി ആദരിക്കുക.

16. കാർഷിക സർവ്വകലാശാല, മൃഗസംരക്ഷണ വകുപ്പ്, കൃഷിവകുപ്പ് എന്നിവയുടെ ഏകീകൃത മായ പ്രവർത്തനം ഉറപ്പുവരുത്തുക.

**മത്സ്യബന്ധനം**

നടത്തറ പഞ്ചായത്തിൽ മത്സ്യ കൃഷി വ്യാപകമായി ഇല്ല. മത്സ്യം വളർത്തുന്നതിന് അനുയോജ്യമായ ധാരാളം കുളങ്ങളും കിണറുകളും പഞ്ചായത്തിൽ ഉണ്ട്. വാണിജ്യാടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്തുന്നതിന് ശ്രമങ്ങൾ ഇതുവരെ നടന്നിട്ടില്ല.

**മത്സ്യകൃഷി വികസിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ**

1. കൈനൂർ ചിറയ്ക്ക് മുകളിൽ ഒരു കിലോമീറ്റർ ഇടവിട്ട് പുഴയിൽ തടയണകൾ നിർമ്മിച്ച് ഹൃസ്വ കാല മത്സ്യവളർത്തുകേന്ദ്രങ്ങൾ ആക്കുക.

2. പഞ്ചായത്ത് അധീനതയിലുള്ള തോടുകളിലും, കുളങ്ങളിലും മത്സ്യം വളർത്തുന്നതിന് പ്രോത്സാഹനം നല്കുക.

3. പഞ്ചായത്തിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മുഖേന ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുക.

4. മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയ്ക്ക് വാഹനം വാങ്ങുവാൻ വായ്പാസൗകര്യം ഏർപ്പെടുത്തുക

5. പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റ് തുടങ്ങുക.

**മൃഗ സംരക്ഷണ രംഗം 1991 മുതൽ 1996 വരെ**

| | പാലുല്പാദനം | | മുട്ട ഉല്പാദനം | | മാംസോല്പാദനം | |
|---|---|---|---|---|---|---|
| വർഷം | ലക്ഷം (മെട്രക്ടൺ) | മൂല്യം (കോടിരൂപ) | എണ്ണം (കോടി) | മൂല്യം (കോടിരൂപ) | ആയിരം (മെട്രിക്ടൺ) | മൂല്യം (കോടിരൂപ) |
| 1991–92 | 18 | 900 | 160 | 112 | 120.6 | 252.7 |
| 1992–93 | 18.89 | 1417 | 177.4 | 169 | 125 | 306.6 |
| 1943–94 | 20.1 | 1600 | 184.4 | 193.62 | 129.2 | 365.02 |
| 1994–95 | 21.19 | 1809 | 191.6 | 220.4 | 135.55 | 445.50 |
| 1995–96 | 22.46 | 2021 | 199.6 | 248.87 | 137.92 | 517.91 |
| 1996–97 | 23.79 | 2616.9 | 206.9 | 258.62 | 142.48 | – |

**മൃഗസംരക്ഷണമേഖല 1995–96 ലെ ഉല്പാദനം തൃശൂർ ജില്ല**

| | ഉല്പാദനം | മൂല്യം |
|---|---|---|
| പാൽ | 1.8 ലക്ഷം മെട്രിക്ടൺ | 16.28 കോടിരൂപ |
| മുട്ട | 19.9 കോടി | 23.7 കോടി രൂപ |
| മാംസം | 13.800 മെ.ടൺ | 51.75 കോടി രുപ |

രണ്ടായിരമാണ്ടോടുകൂടി കേരളത്തിന്റെ മൊത്തം പാലുല്പാദനം 38 ലക്ഷം ടൺ ആക്കണം എന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന് ആനുപാതികമായി തൃശൂർ ജില്ലയിലെ പാലുല്പാദനം 3 ലക്ഷം മെട്രിക്ടൺ ആയി വർദ്ധിപ്പിക്കേണ്ടതുണ്ട്.

**നമ്മുടെ കന്നുകാലിസമ്പത്ത് (1987 ലെ കന്നുകാലി സെൻസസ് പ്രകാരം)**

| | കേരളസംസ്ഥാനം | തൃശൂർ ജില്ല | നടത്തറ ഗ്രാമപഞ്ചയത്ത് |
|---|---|---|---|
| നാടൻ പശുക്കൾ | 13.9 ദശലക്ഷം | 61552 | 835 |
| സങ്കരയിനം പശുക്കൾ | 17.02 ലക്ഷം | 65834 | 1733 |
| എരുമ | 3.69 ലക്ഷം | 17680 | 343 |
| ആട് | 15.81 ലക്ഷം | 104786 | 960 |
| പന്നി | 1.37 ലക്ഷം | 3987 | 99 |
| കോഴി | 170.91 ലക്ഷം | 1683726 | 16206 |
| താറാവ് | 8.46 ലക്ഷം | 41233 | 215 |

# വ്യവസായം

**ആമുഖം**

നടത്തറ ഗ്രാമപഞ്ചായത്തിലെ മുഖ്യ വ്യവസായത്തുറ ആധുനിക ചെറുകിട വ്യവസായത്തിൽ ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണ്. കാരണം 50ൽ അധികം പലവിധ വ്യവസായങ്ങൾ ഉള്ളതിൽ പരമ്പരാഗത വ്യവസായം എന്ന നിലയിൽ കണ്ടുവരുന്നത് ഏഴെട്ടെണ്ണം മാത്രമാണ്. അവയിൽ ചിലതാകട്ടെ വളരെ പരിമിതമായ തോതിൽ പ്രവർത്തിക്കുന്നതുമാണ്. പരമ്പരാഗ വ്യവസായ ശൃംഖലയിൽ എടുത്തു പറയാവുന്നതായിട്ടുള്ളത് കളിമൺ വ്യവ്സായമാണ്. ഈ വ്യവസായം നിലനിർത്തുന്നതിൽ ഏകദേശം 80 കുടുംബങ്ങൾ വ്യാപൃതരാണ്. അലുമിനിയം, പ്ലാസ്റ്റിക്, സ്റ്റെയിൻലസ് സ്റ്റീൽ തുടങ്ങിയവയുടെ പാത്രനിർമാണത്തിലുള്ള കടന്നുകയറ്റം കളിമൺ വ്യവസായത്തിന്റെ നട്ടെല്ലൊടിച്ചിരിക്കുന്നുവെന്നുതന്നെ പറയാം. അതിനാൽ അലങ്കാര ചട്ടികൾ, പൂച്ചട്ടികൾ, അത്യാവശ്യം മൺപാത്രങ്ങൾ എന്നിവ നിർമിച്ചുകൊണ്ടാണ് ഈ പരമ്പരാഗത വ്യവസായം അതിജീവിച്ചുപോരുന്നത്. ആധുനിക വ്യവസായ ശൃംഖലയിൽ അൻപതോളം വ്യവസായ സ്ഥാപനങ്ങൾ ഈ പ്രദേശത്തെ ജനങ്ങൾക്ക് ജോലി നല്കുന്നതിലും അങ്ങിനെ വ്യവസായിക കേരളത്തെ തങ്ങളാലാവും വിധം വ്യവസായവൽക്കരിക്കുന്നതിൽ ചെറിയൊരു പങ്കുൾക്കൊള്ളുന്നു. പക്ഷെ വൻകിട വ്യവസായ സംരംഭങ്ങളൊന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ഇതിന്റെ പ്രധാന കാരണം ഈ പഞ്ചായത്തിനു തൊട്ടുകിടക്കുന്ന വൻകിട വ്യവസായ മേഖലയുടെ സാന്നിദ്ധ്യമാണ്. ആധുനിക ചെറുകിട ഫാക്ടറികളാകട്ടെ അധികവും സ്വകാര്യ മേഖലയുടെ കീഴിൽ വരുന്നതാണ്. അൻപതിലധികം സ്വകാര്യ വ്യവസായസ്ഥാപനങ്ങൾ ഈ ഗ്രമാത്തിലുണ്ട്. അവയിൽ എടുത്തുപറയാവുന്ന നിലയിലുള്ളതാ ഈ മേഖലയിലെ കാർഷിക ഉല്പന്നമായ റബ്ബറിനെ അടിസ്ഥാനമാക്കിയുള്ള "ത്രെഡ് റബ്ബർ" വ്യവസായം മാത്രമാണെന്നു പറയാം. കാലാധിഷ്ഠിത വ്യവസായമായ നാടൻ ഇഷ്ടിക നിർമാണവും എടുത്തു പറയാവുന്ന ഒന്നാണ്. 1991 ലെ കണക്കുകൾവച്ചു നോക്കുമ്പോൾ 1996 ൽ ആശക്കു വകനല്കുന്ന ചെറിയൊരു പുരോഗതി വ്യവസായ മേഖലയിൽ കാണുന്നുണ്ട്. ചെറിയ തോതിലാണെങ്കിലും വ്യവസായ സംരംഭകർ മുന്നോട്ടുവരുന്നുണ്ട്. നിലവിലുള്ള വ്യവസായ സംരംഭകരിൽ വളരെ ചെറിയൊരു ശതമാനം മാത്രമേ ഇതിൽനിന്നം പിൻമാറിയിട്ടുള്ളു എന്നു കാണാം. ഇവിടെ അധികവും ആധുനിക ചെറുകിട വ്യവസായസ്ഥാപനങ്ങളായതിനാൽ തൊഴിലെടുക്കുന്നവരിൽ പുരുഷന്മാരും സ്ത്രീകളും ഏകദേശം തുല്യമായി നില്ക്കുന്നു. എങ്കിലും ചെറിയൊരു മുൻതൂക്കം സ്ത്രീകൾക്കാണ്. ഏകദേശം 3000 ത്തോളം പേരിൽ 1400 പുരുഷന്മാരും 1600 സ്ത്രീകളുമാണുള്ളത്. ഈ പഞ്ചായത്തിലെ ആധുനിക ചെറുകിട വ്യവസായമെടുക്കുമ്പോൾ സിനിമാനടനും മലയാളികൾക്കെല്ലാം സുപരിചിതനുമായ ശ്രീമാൻ.ടി.ജി.രവിയെയാണ് ആദ്യമായി ഓർമ്മിക്കുക. അദ്ദേഹം 1971 ൽ ആരംഭിച്ച ത്രെഡ്റബ്ബർ വ്യവസായം ഇന്നും വളർന്നുവികസിച്ചു നിൽക്കുന്നു. മാത്രമല്ല അതുപോലെയുള്ള മററു ചില ത്രെഡ്റബ്ബർ ചെറുകിട വ്യവസായ സ്ഥാപനങ്ങളും ഈ പ്രദേശത്ത് ആരംഭിക്കുന്നതിന് വ്യവസായ സംരംഭകർക്ക് പ്രചോദനം നല്കിയതും ശ്രീ.ടി.ജി.രവിയുടെ ഈ രംഗത്തുള്ള വളർച്ചയാണ്. പുരുഷന്മാരുടെ വേതനവും സ്ത്രീകളുടെ വേതനവും തമ്മിലുള്ള വ്യത്യാസം 3:2 എന്ന തോതിലാണ്. ഈ പ്രദേശത്തെ ചെറുകിട വ്യവസായ സ്ഥാപനങ്ങളിലും മറ്റു തൊഴിൽ രംഗത്തും കാണുവാൻ കഴിയുന്നത്. ഏതാനും ചില ചെറുകിട വ്യവസായയൂണിറ്റുകൾ ഒഴികെ മറ്റെല്ലാറ്റിലും തന്നെ അതാതു പ്രദേശത്തു ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്. വ്യവസായമേഖലയിലെ "സേവനമേഖല" യിൽ(Service Industry) പത്തിലധികം സ്വകാര്യ സ്ഥാപനങ്ങളുണ്ട്. നാളികേര സംസ്കരണം(കൊപ്രയാക്കിക്കൊടുക്കൽ) റൈസ്മില്ലുകളും, വർക്ക്ഷോപ്പുകളും, ടെയിലറിംഗും, ഇലക്ട്രിക്ഗുഡ്സ് റിപ്പയറിംഗ് കടകളും ഇവയിൽ ചിലവയാണ്.

വ്യവസായരംഗത്ത് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിലുള്ളത് 6 എണ്ണം മാത്രമാണ്. ഇത് ഈ രംഗത്തോട് സഹകരണ സംഘങ്ങളുടെ അകൽച്ച വ്യക്തമാക്കുന്നു. തീർച്ചയായും ഈ പ്രദേശത്തെ കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കി സഹകരണമേഖലയിൽ പല വ്യവസായ സഹകരണസംഘങ്ങളും ഈ പഞ്ചായത്തിൽ വളരുവാൻ സാദ്ധ്യ

തയുണ്ട്. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന പലതിന്റേയും വിപുലീകരണവും ഈ പഞ്ചായത്തിന്ന് വളരെ പ്രയോജനം ചെയ്യും

വ്യവസായരംഗത്തെ ഇന്നത്തെ സ്ഥിതി

കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ-പൊതുമേഖലാ അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല.

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ആറ് വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ പരമ്പരാഗത വ്യവസായ മേഖല, ആധുനിക കുടിൽവ്യവസായം, ആധുനിക ചറുകിട വ്യവസായം, വനിതാ വ്യവസായമേഖല, സേവന വ്യവസായ മേഖല എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. അവ സംബന്ധിച്ച വിവരങ്ങൾ വിവിധ ടേബിൽകളിലൂടെ കൊടുത്തിരിക്കുന്നു.

1. പഞ്ചാ.ത്തിലെ വ്യവസായങ്ങൾ തരംതിരിച്ച്
2. നടപ്പുവ്യവസായങ്ങൾ, തൊഴിലാളികൾ സംബന്ധിച്ച വിവരങ്ങൾ
3. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ഒറ്റനോട്ടത്തിൽ
4. ആധുനിക കുടിൽ വ്യവസായങ്ങൾ
5. ആധുനിക ചെറുകിട വ്യവസായങ്ങൾ(ഉല്പാദന/സേവന മേഖല)
6. വിവിധ വ്യവസായങ്ങളിലെ കൂലി നിരക്കിലെ വർദ്ധനവ്
7. പുതിയ വ്യവസായ യൂണിറ്റുകളുടെ ആവശ്യം സംബന്ധിച്ച നിർദ്ദേശങ്ങൾ

**പഞ്ചായത്തിലെ വ്യവസായങ്ങൾ തരം തിരിച്ച്**

| ക്രമനമ്പർ | വ്യവസായങ്ങൾ | ഉണ്ട്/ഇല്ല |
|---|---|---|
| 1 | കേന്ദ്രസർക്കാർ വ്യവസായ സ്ഥാപനം | ഇല്ല |
| 2 | സംസ്ഥാന സർക്കാർ വ്യവസായ സ്ഥാപനം | ഇല്ല |
| 3 | കേന്ദ്ര-സംസ്ഥാന-സംയുക്ത വ്യവസായസ്ഥാപനം | ഇല്ല |
| 4 | സ്വകാര്യമേഖലയിൽ വ്യവസായ സ്ഥാപനം | ഉണ്ട് |
| 5 | പരമ്പരാഗത കുടിൽ വ്യവസായങ്ങൾ | ഉണ്ട് |
| 6 | ആധുനിക കുടിൽ വ്യവസായങ്ങൾ | ഉണ്ട് |
| 7 | ആധുനിക ചെറുകിട വ്യവസായങ്ങൾ | ഉണ്ട് |
| 8 | സഹകരണാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ | ഉണ്ട് |

അവലംബം : പഞ്ചായത്ത് സർവ്വേ റിപ്പോർട്ട്

**പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ഒറ്റനോട്ടത്തിൽ**

| ക്രമ നമ്പർ | വ്യവസായങ്ങൾ | ആകെ കുടുംബങ്ങൾ | ആകെ തൊഴിലാളികൾ | സ്ത്രീ | പു |
|---|---|---|---|---|---|
| 1 | മൺപാത്രനിർമാണം | 40 | 80 | 40 | 40 |
| 2 | പപ്പടനിർമാണം | 20 | 60 | 50 | 10 |
| 3 | മരപ്പണി | 100 | 200 | – | 200 |
| 4 | ചെരിപ്പ്നിർമാണം | 2 | – | 2 | |
| 5 | കുട്ടനെയ്ത്ത് | 2 | 6 | 4 | 2 |
| 6 | ഓലമെടച്ചിൽ | 15 | 30 | 30 | – |
| 7 | ആഭരണനിർമാണം | 60 | 60 | – | 60 |
| 8 | ആയുർവ്വേദമരുന്ന് | 3 | 6 | 3 | 3 |
| 9 | ഓട്ടുപാത്രം (Bellmetal) | 2 | 15 | 3 | 12 |

അവലംബം:പഞ്ചായത്ത് സർവ്വെറിപ്പോർട്ട്

**ആധുനിക കുടിൽ വ്യവസായങ്ങൾ**

| ക്രമ നമ്പർ | വ്യവസായങ്ങൾ | ആകെ കുടുംബങ്ങൾ | ആകെ തൊഴിലാളികൾ | പു | സ്ത്രീ |
|---|---|---|---|---|---|
| 1 | ബീഡിതെറുപ്പ് | 20 | 20 | – | 15 |
| 2 | റെഡിമെയ്ഡ് ഗാർമെന്റ്സ് | 2 | 6 | 2 | 4 |
| 3 | കുടനിർമാണം | 4 | 10 | 10 | – |
| 5 | സ്വർണ്ണാഭരണ നിർമാണം | 100 | 400 | 400 | – |
| 6 | ബേക്കറി | 4 | 6 | 4 | 2 |
| 7 | ഡയമണ്ട് പോളീഷ് | 1 | | | |
| 8 | ഒപ്റ്റിക്കൽസ് | 1 | 1 | 1 | – |

**വിവിധ വ്യാവസായങ്ങളിലെ കൂലി നിരക്കിലെ വർദ്ധന സംബന്ധിച്ച വിവരം**

| വ്യവസായങ്ങൾ | 1990-91ലെ കൂലനിരക്ക് | നിലവിലുള്ള കൂലിനിരക്ക് |
|---|---|---|
| പരമ്പരാഗത കുടിൽ വ്യവസായം | 50-60 രൂപ | 80-120രൂപ |
| ആധുനിക കുടിൽ വ്യവസായം | 60-70രൂപ | 80-120രൂപ |
| ആധുനിക ചെറുകിട വ്യവസായം | 70-80 | 90-130 രൂപ |

**നടത്തറ ഗ്രാമപഞ്ചായത്തിലെ ഫാക്ടറികൾ, തൊഴിലാളികൾ ഇവസംബന്ധിച്ച് വിവരങ്ങൾ**

| ക്രമനമ്പർ | വ്യവസായം | ഫാക്ടറികളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ. | ആകെ |
| 1 | ആധുനിക ചെറുകിട വ്യവസായം | 160 | 1214 | 1116 | 2330 |
| 2 | പരമ്പരാഗത കുടിൽ വ്യവസായം | 100 | 84 | 44 | 128 |
| 3 | വനിതാ വ്യവസായ യുണിറ്റുകൾ (ഖാദി, ഹാന്റ്ലൂം, ഇല:ഗുഡ്സ്) | 3 | 1 | 49 | 50 |
| 4 | കരിങ്കൽ ക്വാറി | 24 | 90 | 30 | 120 |
| 5 | ആധുനിക കുടിൽ വ്യവസായം | 116 | 421 | 14 | 435 |

അവലംബം : പഞ്ചായത്ത് റിപ്പോർട്ട്

## ആധുനിക ചെറുകിട വ്യവസായങ്ങൾ
(ഉല്പാദന/സേവന മേഖല)

| ക്രമനമ്പർ | വ്യവസായങ്ങൾ | സ്ഥാപനങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | പു | സ്ത്രീ |
|---|---|---|---|---|---|
| 1 | ആഭരണനിർമാണം | 100 | 400 | 400 | – |
| 2 | പ്ലാസ്റ്റിക് ഉല്പന്നങ്ങൾ | 8 | 40 | 20 | 20 |
| 3 | എഞ്ചനീയറിംഗ് വ്യവസായം | 4 | 20 | 20 | – |
| 4 | മരപ്പണി | 9 | 40 | 40 | – |
| 5 | ബേക്കറി, ഭക്ഷ്യസംസ്ക്കരണം | 3 | 10 | 6 | 4 |
| 6 | പ്രസ്സ് | 7 | 14 | 7 | 7 |
| 7 | സോഫ്റ്റ്ഡ്രിംഗ്സ് | 6 | 18 | 12 | 6 |
| 8 | ഇലക്ട്രോണിക് ഉല്പന്നങ്ങൾ | 1 | 10 | – | 10 |
| 9 | മൊസൈക് ഇഷ്ടിക നിർമാണം | 3 | 30 | 25 | 5 |
| 10 | ത്രെഡ് റബ്ബർ വ്യവസായം | 7 | 45 | 35 | 10 |
| 11 | ഒപ്റ്റിക്കൽസ് | 1 | 1 | 1 | – |
| 12 | ക്രൊപ്രത്യൂാറാക്കൽ | 1 | 3 | 2 | 1 |
| 13 | ഓയിൽ മിൽ | 6 | 14 | 12 | 2 |
| 14 | റൈസ്മിൽ | 30 | 30 | 25 | 5 |
| 15 | കാവടിനിർമാണം | 15 | 100 | 80 | 20 |
| 16 | ക്വാറി | 24 | 120 | 90 | 30 |
| 17 | ക്രഷിംഗ്യൂണിറ്റ് | 8 | 50 | 30 | 20 |
| 18 | നാടൻ ഇഷ്ടികനിർമ്മാണം | 60 | 1500 | 500 | 1000 |
| 19 | വർക്ക് ഷോപ്പ് | 18 | 36 | 36 | – |
| 20 | ഇലക്ട്രിക്കൽ വർക്ക്ഷോപ്പ് | 5 | 10 | 10 | – |
| 21 | ജപ്പാൻ ബ്ലാക്ക് പെയ്ന്റ് | 2 | 10 | 6 | 4 |
| 22 | ഹോളോ ബ്രിക്സ് | 1 | 4 | 2 | 2 |
| 23 | പാംബ്രഷ് നിർമാണം | 1 | 10 | – | 10 |
| 24 | സ്യൂട്ട്കെയ്സ് നിർമാണം | 10 | 30 | 24 | 6 |
| 25 | റബ്ബർ ബുഷ് | 3 | 20 | 5 | 15 |
| 26 | മിൽക്ക് പ്രോഡക്ട്സ് | 2 | 35 | 10 | 25 |
| 27 | കാർട്ടൺ(paper box) | 1 | 5 | 3 | 2 |
| 28 | Rexin work | 2 | 2 | 2 | – |
| 29 | Spray Painting | 2 | 2 | 2 | – |

**ഇന്നത്തെ പ്രശ്നങ്ങൾ**

a. സഹകരണ മേഖലയിലെ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രത്യേകിച്ചും അവ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടേതു കൂടിയാകയാൽ ആവശ്യത്തിനുള്ള മൂലധനത്തിന്റേയും, ഇന്നത്തെ പൊതുവിലുള്ള കൂലി നിലവാരം നിലനിർത്തുന്നതിന്നും വളരെയധികം വിഷമതകൾ ഈ സംഘങ്ങളുടെ വളർച്ചക്കു തടസ്സമായി വന്നിരിക്കുന്നു. അസംസ്കൃത സാധനങ്ങൾ റൊക്കവില നല്കി സംഭരിക്കുന്നതിന്നും ഈ സ്ഥാപനങ്ങൾക്ക് കഴിയാതെ വന്നിരിക്കുന്നു. തൽഫലമായി ഇവയുടെ പ്രവർത്തനം തീരെ മന്ദീഭവിച്ചിരിക്കുന്നു. പ്രത്യേകിച്ചും കളിമൺ വ്യവസായം, മുളവ്യവസായം, കുട്ടനെയ്ത്ത്)

b) സ്വകാര്യ മേഖലയിലെ പ്രശ്നങ്ങൾ – ഫലഭൂയിഷ്ടമായ മണ്ണും, അതും പരിമിതമായ ഭൂസ്വത്തുള്ളവരുമായതിനാൽ വ്യവസായ വികസനത്തിന്നാവശ്യമായ സ്ഥല സൗകര്യം ലഭിക്കുക. ഉള്ള വ്യവസായം വിപുലീകരിക്കുന്നതിന്ന് ഈയൊരു പ്രശ്നം വളരെ പ്രാധാന്യമർഹിക്കുന്നു.

c) അസംസ്കൃത വസ്തുക്കളിൽ പ്രധാനമായ വൈദ്യുതി വേണ്ടത്ര ലഭിക്കായ്ക വേണ്ട സമയത്തിന്ന് വൈദ്യുതി ലഭിക്കുന്നതിലെ തടസ്സങ്ങൾ, ഇവയും ഈ മേകല നേരിടുന്ന പ്രശ്നങ്ങളാണ്.

d) തൊഴിലാളികളെ ലഭിക്കുന്നതിന് ശരാശരി കൂലിനിലവാരം സഹായിക്കുന്നെങ്കിലും വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ലാത്തതും, സെയിൽടാക്സ്, ഇൻകംടാക്സ് എന്നിവയിലെ അശാസ്ത്രീയവും അനാകർഷകവുമായ സമീപനം ഈ പ്രദേശത്തെ വ്യവസായികളെ അവരുടെ വ്യവസായം വിപുലീകരിക്കുന്നതിൽ വിമുഖത സൃഷ്ടിച്ചിരിക്കുന്നു.

## പുതിയ വ്യവസായ യൂണിറ്റുകളുടെ ആവശ്യം സംബന്ധിച്ച നിർദ്ദേശങ്ങൾ

| ക്രമ വ്യവസായ വിശദാംശങ്ങൾ | യൂണിറ്റുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | മാർക്കറ്റ് (വിപണി) | തൊഴിൽ സാദ്ധ്യത | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| പരമ്പരാഗത കുടിൽ വ്യവസായങ്ങൾ | | | | | |
| 1. കുട്ടനെയ്ത്ത് | മുളയം<br>കൊഴുക്കുള്ളി | തൃശൂർ | 10 | 10 | 20 |
| 2. മൺപാത്രനിർമാണം | കൊഴുക്കുള്ളി<br>കാച്ചേരി<br>നടത്തറ | തൃശൂർ | 60 | 20 | 80 |
| 3. പപ്പട നിർമാണം | എല്ലാവർഡിലും | തൃശൂർ | 20 | 40 | 60 |
| ആധുനിക കുടിൽവ്യവസായം | | | | | |
| 4. നാളികേര സംസ്കരണ യൂണിറ്റ് | വലക്കാവ്<br>മൂർക്കനിക്കര<br>പൂച്ചട്ടി കാച്ചേരി | തൃശൂർ | 30 | 10 | 40 |
| 5. പഴം സംസ്ക്കരണം, ചിപ്സ്, അച്ചാർ തുടങ്ങിയവ | വലക്കാവ്<br>മൂർക്കനിക്കര<br>പൂച്ചട്ടി<br>കാച്ചേരി<br>എരവിമംഗലം<br>നടത്തറ | തൃശൂർ | 10 | 50 | 50 |
| 6. മെഴുകുതിരി നിർമാണം | മുളയം<br>മൂർക്കനിക്കര<br>നടത്തറ | തൃശൂർ | 5 | 15 | 20 |
| 7 റെഡിമെയ്ഡ് ഗാർമെന്റ്സ് നടത്തറ, കൃഷ്ണപുരം | മൂർക്കനിക്കര<br>മുളയം<br>കൊഴുക്കുള്ളി<br>പൂച്ചട്ടി<br>അഞ്ചേരി<br>എരവിമംഗലം | തൃശൂർ | 10 | 30 | 40 |
| 8. സ്യൂട്ട് കെയ്സ് നിർമാണം | മുളയം<br>മൂർക്കനിക്കര<br>എരവിമംഗലം<br>കൃഷ്ണപുരം | തൃശൂർ | 15 | – | 15 |
| 9.ഖാദി ഗ്രാമ വ്യവസായങ്ങൾ | എല്ലാ വാർഡുകളിലും | തൃശൂർ | 10 | 90 | 100 |
| 10 മെറ്റൽ ക്രഷിംഗ് | വലക്കാവ്<br>മുളയം കൊഴുക്കുള്ളി | തൃശൂർ | 40 | 60 | 100 |
| 11. സിമന്റ് ഫർണിച്ചർ | എല്ലാ വാർഡുകളും | തൃശൂർ | 25 | 5 | 30 |
| 12. പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ പ്ലാസ്റ്റിക് ഗ്രാന്യൂൾഡ് തുടങ്ങിയവ) | വലക്കാവ്<br>കാച്ചേരി<br>നടത്തറ | തൃശൂർ | 15 | 5 | 20 |
| 13. സോപ്പ് നിർമാണം | വലക്കാവ് | തൃശൂർ | 10 | 10 | 20 |
| 14. വനിതാവ്യവസായ യൂണിറ്റുകൾ | എല്ലാ<br>വാർഡുകളിലും | തൃശൂർ | – | 50 | 50 |
| 15. കൈത്തറി | കൊഴുക്കുള്ളി<br>പൂച്ചട്ടി | തൃശൂർ | – | 25 | 25 |
| 16. ബുക്ക് ബൈന്റിംഗ് | കാച്ചേരി | തൃശൂർ | 10 | 5 | 15 |
| 17. റബ്ബർ അധിഷ്ഠിത വ്യവസായം | മുളയം കൊഴുക്കുള്ളി<br>വലക്കാവ് | തൃശൂർ | 10 | 20 | 30 |
| മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | വലക്കാവ് മുളയം<br>കൊഴുക്കുള്ളി | | | | |

e) കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന യന്ത്രങ്ങളിലെ ആധുനികതയുടെ അജ്ഞത, സാമ്പത്തിക സഹായ മേഖലയിലെ നിരുത്സാഹ ജനകമായ സമീപനം, ഇവയും ഇവിടുത്തെ വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

**സാദ്ധ്യതകൾ**

പഴം പച്ചക്കറി സഹകരണ സംഘം കാനിംഗ് യൂണിറ്റ് പഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും മുഴുവൻ പഴം, പച്ചക്കറി വിഭവങ്ങൾ സംഭരിക്കുന്നതിന്നും പ്രോസസ് ചെയ്യുന്നതിനും വേണ്ട വിപുലീകരണ നടപടികൾ സ്വീകരിക്കുക.

വ്യവസായ എസ്റ്റേറ്റിന് ഭൂമി പഞ്ചായത്ത് വാങ്ങിക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കിക്കൊടുത്ത് സാമ്പത്തിക ഭാരം കൂടുതലാവുന്ന സാഹചര്യം ഒഴിവാക്കുക

വ്യവസായ ആവശ്യത്തിനായി ഭൂമി വാങ്ങിക്കുമ്പോൾ ആ ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് ജനകീയ കമ്മറ്റിക്ക് നിയമം മുഖേന അധികാരം കൈമാറ്റുക

ജനസാന്ദ്രത കുറഞ്ഞI,II,V വാർഡുകൾ വ്യവസായ പ്രോത്സാഹിത മേഖലയായി പ്രഖ്യാപിക്കുക. ഇതുവഴി അവിടെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങിയവ വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യത കൂടുന്നതാണ്.

ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുന്ന മുള കൊത്തൊഴിൽ സഹകരണ സംഘം വേണ്ടി വരുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കി പുനരുജ്ജീവിപ്പിക്കുന്നതായാൽ ഈ വ്യവസായം കൊണ്ട് പരമ്പരാഗതമായി ജീവിച്ചുപോരുന്നതും, ദാരിദ്ര്യരേഖക്കുതാഴെ കഴിയുന്നതുമായ അനേകം കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗമായി ത്തീരും.

വ്യാവസായിക ആവശ്യങ്ങൾക്കായി വൈദ്യുതി, വെള്ളം എന്നിവുടെ കണക്ഷനുകൾക്ക് മുൻഗണനനല്കി വളരെ വേഗം കണക്ഷനുകൾ നല്കുക, അതിന്നുനവേണ്ടി വരുന്ന (കണക്ഷൻ നല്കുന്നതിന്) ചിലവുകൾ അതാത് ഡിപ്പാർട്ട്മെന്റുകൾക്ക് വഹിക്കുക.

വൈദ്യുതി മേഖലയിലെ വോൾട്ടേജ് ക്ഷാമം വ്യവസായ മേഖലയെ ബാധിക്കാതിരിക്കുവാൻ മാടക്കത്തറ 400KV ലൈനിൽനിന്നും നടത്തറ ഫീഡറിലേക്ക് വൈദ്യുതി വിതരണസമ്പ്രദായം ഉടനടി നടപ്പിലാക്കുക

വ്യാവസായികമായി പിന്നോക്ക പ്രദേശമായി നിൽക്കുന്ന ഈ പഞ്ചായത്തിൽ വ്യാവസായികാവശ്യത്തിന്ന് ഭൂമി വാങ്ങിക്കുന്നതിന്നും ഫാക്ടറി തുടങ്ങുന്നതിന്നും KBRൽനിന്നും ഈ പഞ്ചായത്തിനെ ഒഴിവാക്കുക.

സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിന്ന് പ്രത്യേകിച്ചും ഇവിടത്തെ കാർഷിക ഉല്പന്നങ്ങളായ റബ്ബർ, നാളികേരം, കുരുമുളക്, പഴവർഗ്ഗങ്ങൾ, തുടങ്ങിയവ ഉപയോഗിച്ചുള്ള വ്യവസായ സംരംഭങ്ങൾക്ക് വൻ സാദ്ധ്യതകളാണുള്ളത്. അതിന്നായി ഇവിടെയുള്ള സ്ഥാപനങ്ങളെ (സഹകരണം) സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ നല്കി മുന്നോട്ടു കൊണ്ടുവരേണ്ടതാണ്.

പരമ്പരാഗത വ്യവസായ സഹകരണസ്ഥാപനങ്ങൾക്കാവശ്യമായ അസംസ്കൃതവസ്തുക്കൾ ആ വിഭാഗത്തിലെ ജനങ്ങളുടെ മാത്രമല്ല, രാജ്യത്തിന്റേയും ഭാവിയായികണ്ട് കുറഞ്ഞ വിലക്ക് യഥാസമയം യഥേഷ്ടം ലഭിക്കുന്നതിനും, സാമ്പത്തിക സഹായം, സാങ്കേതിക സഹായം, നൂലാമാലകൾ പിടിച്ച നിയമക്കുരുക്കളിലെ കെട്ടുകളഴിച്ചും സർക്കാർ സഹായിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രത്യേകിച്ചും ഈ രംഗത്തെ പരമ്പരാഗതമായ "മൺപാത്രവ്യവസായം, മുള വ്യവസായം ഇവ ഈ രാജ്യത്തിന്റെ തന്നെ സംരക്ഷിക്കപ്പെടേണ്ടതായ വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഇതിൽ പ്രവർത്തിക്കുന്ന പരമ്പരാഗത തൊഴിലാളികൾക്ക് പ്രോത്സാഹന വേതനവും, ഇന്നു അതാതു പ്രദേശങ്ങളിൽ ലഭിക്കുന്ന വേതനവും നല്കി സംരക്ഷിച്ചു വരേണ്ടത് സർക്കാരിന്റെ കടമ കൂടിയാണ്. ഇല്ലെങ്കിൽ ആദി മനുഷ്യൻ തുടങ്ങിവച്ച. പരമ്പരാഗത കല ആധുനിക മനുഷ്യനാൽ നശിക്കാൻ ഇടയാകും. അതിനാൽ ഈ വ്യവസാങ്ങൾക്ക് സൗജന്യമായി അസംസ്കൃത വസ്തുക്കളും, യന്ത്രങ്ങളും നല്കി നിലനിർത്തേണ്ടതാണ്. ആവശ്യമായ വിപണന സൗകര്യവും

സ്വകാര്യ മേഖലകളിൽ ചെറിയ കുടുംബ യൂണിറ്റുകൾക്ക് ഇവിടെ ധാരാളം സാദ്ധ്യതകളുണ്ട്. പ്രത്യേകിച്ചും പപ്പടം, സോപ്പ്, ചോക്ക്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, ചിപ്സ്, അച്ചാർ, കൊപ്ര ഉണക്കൽ, ബുക്ക് ബൈൻഡിംഗ്, ഇവക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ പരിസരങ്ങളിൽ നിന്നും ലഭ്യമായതിനാൽ അദ്ധ്യാധുനിക മിഷ്യനുകൾ, ആവശ്യമില്ലാത്തതിനാലും ഈ വ്യവസായ യൂണിറ്റുകൾ (കുടിൽ വ്യവസായ) ഇവിടെ വിജയമായിരിക്കും. ഇവക്കാവശ്യമായ ഉപദേശങ്ങളും, സഹായങ്ങളും നല്കുന്നതിന്ന് പ്രത്യേകിച്ചും സാങ്കേതിക അറിവുകൾ, സാമ്പത്തിക സഹായം, വിപണന രംഗത്തു ജയിക്കാനുള്ള അറിവുകൾ, ഇത്തരം വ്യവസായ സംരംഭത്തിന്റെ ആവശ്യകത, അതിലൂടെ നേടിയെടുക്കാവുന്ന സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ പരിജ്ഞാനം തുടങ്ങിയവ നല്കുന്നതിനും ഒരു പഞ്ചായത്ത് വ്യവസായ വികസന ഓഫീസർ സേവനം അത്യാവശ്യമായിരിക്കും.

ആധുനിക ഇടത്തരം ചെറുകിട വ്യവസായങ്ങളിൽ ത്രെഡ് റബ്ബർ" ഡിസൈൻ ടൈൽ ഫാക്ടറി പഴയ പ്ലാസ്റ്റിക് സംസ്കരിച്ച് പുതിയ പാത്രങ്ങൾ ഉണ്ടാക്കാവുന്ന കമ്പനികൾ, ഇലക്ടിരക്ക് ഗുഡ്സ്, ഇലക്ട്രിക്ക് ഉപകരണങ്ങളുടെ അസംബ്ലിംഗ് യൂണിറ്റുകൾ, സോപ്പ് ചോക്ക്, ബുക്ക് ബൈന്റിംഗ് മെഴുകുതിരി ചെരിപ്പുനിർമ്മാണം, വർക്ക്ഷോപ്പുകൾ

സിമിന്റ് തയ്യാറാക്കുന്ന യൂണിറ്റുകൾ ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾ തുടങ്ങിയവക്ക് വൻ സാദ്ധ്യാണ് ഇവിടെയുള്ളത്

ഇവയ്ക്കെല്ലാം പുറമെ "മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കാശ്യമായ സ്ഥലം വാങ്ങുന്നതിന് പഞ്ചായത്തുകൾക്ക് ധനസ്ഹായം നല്കേണ്ട താണ്. ഈ മിനി ഇൻഡ്ട്രിയൽ എസ്റ്റേറ്റുകൾ മുഖേന ആരംഭിക്കാവുന്ന പല അസംസ്കൃത വസ്തുക്കളും, മനുഷ്യ പ്രയത്നവും വിപണി സൗകര്യങ്ങളും ഇവിടെയുണ്ട്.

കേന്ദ്രഗവൺമെന്റിന്റെയോ സംസ്ഥാന സർക്കാരിന്റെയോ രണ്ടു സർക്കാരുകളുടേയോ കൂട്ടായ സംരംഭമോ അടങ്ങിയ യാതൊരു വ്യവസായശാലകളും ഇല്ലാത്ത ഈ പഞ്ചായത്തിന്ന് വ്യവസായ വളർച്ചയിൽ പ്രത്യേക പരിഗണന നല്കി ഇവിടെ അന്യം നിന്നു പോവുന്ന പരമ്പരാഗത വ്യവസായങ്ങൾ പൂർണ്ണമകും ഉപയോഗിക്കാൻ കഴിയാത്തതും വ്യവസായ യോഗ്യമായ വിഭവങ്ങൾ മുഖേന ലഭിക്കുന്ന അംസ്കൃത വസ്തുക്കൾ, വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും മാനുഷിക പ്രയത്നവും ആവ്യത്തിന്നു ലഭിക്കുന്ന ഈ പഞ്ചായത്തിന് അർഹമായ "വ്യവസായ പരിഗണന ലഭിച്ചാൽ അഞ്ചു വർഷത്തിനുള്ളിൽ ഉൽപാദനം, തോഴിൽ സാധ്യത, ഗതാഗതം, വിപണനം, ആളോഹരി വരുമാനം തുടങ്ങിയ സമ്പൂർണ്ണമായ വികസനത്തിന്ന് സാദ്ധ്യതയുണ്ട്.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

നാളെയുടെ ആസൂത്രണം ചിന്താവിധേയമാകുമ്പോൾ നിശ്ചയമായും ഇന്നലെകളുടെ തുടിപ്പുകളും ഇന്നലെകളുടെ ചരിത്രവും അടിസ്ഥാന നിലപാടുതറ തന്നെയാണ്

കാടുതെളിയിച്ച് ആവാസമുറപ്പിച്ച, നൂറ്റാണ്ടുകൾക്കു പഴക്കവുമുള്ള സമൂഹം നാടിത്ര എന്നു പറഞ്ഞു നിർത്തിയോടത്തുനിന്ന് നടത്തറയുടെ നാമചരിത്രമാരംഭിക്കുന്നു.

ഗോത്രസംസ്കൃതിയുടെ ദ്രാവിഡ പഴമയിൽ നാട്ടുമൂപ്പനും നാട്ടുസമൂഹവും, പ്രകൃതിയെയും മൃഗങ്ങളെയും ഭയപ്പെട്ട് അവർക്കെതിരെ മനുഷ്യ കൂട്ടായ്മയുടെ ശാക്തിക പടകളായി ജീവിച്ചിരുന്ന കാലം. തീർച്ചയായും അധികാര കൈ മാറ്റങ്ങളിൽ പുതിയ മുപ്പനാകാൻ തമ്മിൽ മൂത്തുവന്ന മത്സരങ്ങൾതൊട്ടടുത്ത രക്തബന്ധമുള്ളവരുടെ രണ്ടാം സമൂഹങ്ങളെ നിർമ്മിക്കുകയും, സംഘർഷങ്ങളും യുദ്ധവുമാരംഭിക്കുകയും ഗോത്രരീതിയനുസരിച്ച് തോല്പിക്കപ്പെടുന്നവർ നാടുവിട്ട് കാടുകയറുകയും അടുത്ത മലയ്ക്കപ്പുറത്ത് സ്വന്തം സമൂഹം പടുക്കുകയും ചെയ്തു.

നാടിത്ര എന്ന ലക്ഷ്ണരേഖ മുറിച്ചുകടന്ന് ഒരു സമൂഹം വന്യമൃഗങ്ഹളുടെ സഞ്ചാരമാർഗ്ഗങ്ങളിലൂടെ ആദ്യത്തെ നടപ്പാത തെളിയിച്ചു. യാത്ര ആരംഭിച്ചു. നടത്തറയുടെ ഗതാഗത ചരിത്രം ആ ധന്യമുഹൂർത്തത്തിൽ ആരംഭിക്കുന്നു.

ജലലഭ്യതയുള്ള താഴ്വാരങ്ങൾ നെൽകൃഷിക്കും സമതലങ്ങൾ താമസത്തിനും മേൻഞ്ചരിവുകൾ കന്നുകാലികളുടെ മേച്ചിൽ പുറങ്ങളുമായി രൂപപ്പെട്ടു. ഭൂമിയഥേഷ്ടമായിരുന്ന അന്ന് സമൂഹത്തിന്റേയും പിന്നീട് വ്യക്തികളുടേയും സമ്പത്ത് ഗോക്കളായിരുന്നു. വയലുകളിൽ കൂടിയുള്ള വരമ്പുകളായിരുന്നു പ്രധാന സഞ്ചാരമാർഗ്ഗങ്ങൾ.

ഭൂമിമുഴുവൻ വരണ്യമാർഗ്ഗം സ്വന്തമാക്കുകയും പാവപ്പെട്ടവൻ ഭൂമിയിൽ അനാഥനാകുകയും ചെയ്ത കാലഘട്ടം മുതൽ നടത്തറയുടെ വാഹന ഗതാഗതം ചരിത്രമാരംഭിക്കുന്നു. പിന്നീട് കാളവണ്ടി കൃഷിക്കാരന് കുതിരവണ്ടി മേലാളുകൾക്കും എന്ന വേർതിരിവെത്തി. രാജാവും നാടുവാഴികളും അധികാരത്തിന്റെ ചാട്ടവാർ മുഴക്കി വയൽവരമ്പുകളിലൂടെ യാത്രയാരംഭിച്ചു.

സ്വതന്ത്ര ഇന്ത്യയിൽ ജനസംഖ്യയിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. ഭൂപരിഷ്ക്കരണ നിയമങ്ങളോടെ ഭൂമി തുണ്ടുതുണ്ടുകളായി വിഭജിക്കപ്പെട്ടു. മനുഷ്യ സമൂഹം കൃഷി കൈവിട്ട് മറ്റു മേഖലകളിലെ തൊഴിലുകളിൽ രക്ഷാമാർഗ്ഗം കണ്ടെത്തി. കൃഷിഭൂമി അന്യമാകുകയും പുരയിടങ്ങൾ വർദ്ധിക്കുകയും ചെയ്തു. വരമ്പുകളുടെ സ്ഥാനത്ത് റോഡുകൾ അനിവാര്യമായി. സ്വന്തം ഗ്രാമത്തിൽ നിന്നുതന്നെ ഉപജീവനം കണ്ടെത്തിയിരുന്ന മനഷ്യൻ തൊഴിലുകൾക്കായി സഞ്ചാരമാരംഭിച്ചു വാഹന ഗതാഗതവും മാർക്കറ്റും പ്രസക്തവുമായി. 1930 കളിൽ നീരാവികൊണ്ട് പ്രവർത്തിക്കുന്ന ബസ്സ് തൃശൂർ മുതൽ മൂർക്കനിക്കര വരെ സർവ്വീസ് ആരംഭിച്ചു. നഷ്ടത്തിലായതുകൊണ്ട് കോനാൾ ടിസർവ്വീസ് നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് ചാത്തമ്പാടി ശങ്കരൻനായരുടെ കുറച്ചുകൂടി പരിഷ്ക്കരിച്ച് ബസ്സ് സർവ്വീസ് തുടങ്ങി. 1950കളിൽ വയ്ക്കാടൻ രാമകൃഷ്ണന്റെ ശ്രീ കൃഷ്ണ എന്ന ഓയിൽ ബസ്സ് സർവ്വീസ് ആരംഭിച്ചു. ഇപ്പോൾ 30ൽ പരം ബസ്സുകൾ പഞ്ചായത്തിൽ സർവ്വീസ് നടത്തുന്നു.


NADATHARA PANCHAYAT
RELIEF
m125 0 125 250 375 500m
Panchayat office
20
Tar road
Contour
20 m
Panchayat boundary

പഞ്ചായത്തിലെ റോഡുകളുടെ ലഘുവിവരം

| | |
|---|---|
| NH റോഡ് | 2 KM |
| P.W.D. | 15 KM |
| പഞ്ചായത്ത് ടാർ റോഡ് | 14835 M |
| പഞ്ചായത്ത് മെറ്റൽ റോഡ് | 7855M |
| പഞ്ചായത്ത് മണ്ണ് റോഡ് | 62048 M |
| പഞ്ചായത്തിൽ ആകെ | റോഡ് 8473 3 m |

പഞ്ചായത്തിലെ ഗതാഗതസൗകര്യം റോഡു വഴി മാത്രമാണ്. (റെയിൽ ഗതാഗതമോ ജലഗതാഗതമോ നിലവിലില്ല. സാദ്ധ്യതയും കാണുന്നില്ല) മെച്ചപ്പെട്ടതും നിലവാരം പുലർത്തുന്നതുമായ ഒരു റോഡ് ശൃംഖല പഞ്ചായത്തിനുണ്ട്. ചില മേഖലകളിൽ ഇവക്ക് വീതി കുറവാണെന്ന പ്രശ്നം പ്രതിസന്ധിയിൽ സൃഷ്ടിക്കുന്നു.

നടത്തറയുടെ ഹൃദയഭാഗത്തു കൂടി മണ്ണുത്തി തലൂർ തൃശൂർ ബൈ പാസ്സ് കടന്നുപോകുന്നു. ഈ റോഡ് പഞ്ചായത്തിന്റെ വികാസത്തിന് ഗതിവേഗം ഉണ്ടാക്കിയിരിക്കുകയാണ്. ക്ഷണേന NHന്റെ ഭാരങ്ങൾ വാണിജ്യമേഖലയിൽ, കൈത്തൊഴിൽ മേഖലയുമായി ഉയർന്നിരിക്കുന്നു. NH പ്രദേശത്തെ വാഹന പെരുപ്പം ഈ ഭാഗത്തെ ഒരു അപകടമേഖലയാക്കിയിരിക്കുന്നു. ദാരുണമായ റോഡപകടങ്ങൾ ഹൃദയഭേദകമായി തുടർന്നുവരുന്നു.

നെല്ലിക്കുന്നു മുതൽ നടത്തറ പൂച്ചട്ടി, മൂർക്കനിക്കല വലക്കാവ് PWD റോഡാണ് പഞ്ചായത്തിലെ പ്രധാന പാത ചവറാപാടം, മത്തായിചിറ ആശാരിക്കാട് പൂത്തൂർ, മുരിക്കുംകുന്ന് MLA റോഡ്, കുടിയേറ്റ് മേഖലയായ പ്രദേശത്തു കൂടെ ഈയിടെ നിർമ്മിച്ച പ്രധാന പാതയാണ്. മണ്ണുത്തി ഒല്ലൂർ എടക്കുന്നി PWD റോഡ് ഒരു കാലത്ത്, പ്രധാന സഞ്ചാരമാർഗ്ഗമായിരുന്നു.

ആമോസ് കോർണർ, നെല്ലിക്കുന്ന് J.T. നഗർ മെഡോണ റോഡ് മൈനർ റോഡ് ഐക്യനഗർ പൂച്ചട്ടി റോഡ്, മെർളിൻ ഗാർഡൻ റോഡ്, പവ്വർലൂം കൃഷ്ണപുരം റോഡ് തിരുവാണിക്കാവ് റോഡ്, പൂച്ചട്ടി മുളയം PWD റോഡ്, പൂച്ചട്ടി ഇരവിമംഗലം റോഡ് ഇരവിമംഗലം കുട്ടനെല്ലൂർ ഭഗവതി റോഡ് പൂച്ചട്ടി 4cent കോളനി റോഡ് കൊഴുക്കുള്ളി അമ്പലമൂല ശ്മശാനം റോഡ് കൊഴുക്കുള്ളി മൂർക്കനിക്കര PWD റോഡ് മൂർക്കനിക്കര പഞ്ചായത്ത് കിണർ റോഡ്, മൂർക്കനിക്കര മഹിളാ സമാജം റോഡ്, മൂർക്കനിക്കര പീടിക പറമ്പ് മുളയം റോഡ് വലക്കാവ് മണ്ണൂർ റോഡ് താളിക്കുണ്ട് റോഡ് പയ്യനം റോഡ്, നെല്ലാനി വട്ടപ്പാറ റോഡ് ഇരവിമംഗലം, ഇല്ലിക്കുളങ്ങര മടത്തുപടി റോഡ് തുടങ്ങിയവ പഞ്ചായത്തിലെ പ്രധാന റോഡുകളാണ്.

**ടാക്സി സ്റ്റാൻഡുകൾ**

നടത്തറ, പൂച്ചട്ടി, മൂർക്കനിക്കര, വലക്കാവ് എന്നിവിടങ്ങളിൽ പഞ്ചായത്ത് അംഗീകൃത ടാക്സി പേട്ടകൾ നിലവിലുണ്ട്. ഈ നാലുപേട്ടകൾക്കും വിപുലമായ സൗകര്യം ഏർപ്പെടുത്തണം. പ്രധാന നിർമ്മാണമേഖലയായ മൂർക്കനിക്കരയിൽ ലോറി പേട്ടക്ക് സൗകര്യം ഏർപ്പെടുത്തണം. തോപ്പും കടവ് പരിസരത്ത് വാഹനങ്ങൾ കഴുകുന്നതിന് സൗകര്യത്തോടെയുള്ള ക്ലീനിങ്ങ് സ്റ്റാന്റ് ആരംഭിക്കണം.

**വെയിറ്റിങ്ങ് ഷെഡുകൾ**

നടത്തറ, വലക്കാവ്, എന്നിവിടങ്ങളിൽ പഞ്ചായത്ത് വെയിറ്റിങ്ങ് ഷെഡുകൾ നിലവിലുണ്ട്. നെല്ലിക്കുന്ന് വട്ടകിണർ, NRC കാച്ചേരി എന്നിവിടങ്ങളിൽ സ്വകാര്യ വ്യക്തികൾ നിർമ്മിച്ചു ഷെഡുകൾ നിലവിലുണ്ട്. മൂർക്കനിക്കര, പൂച്ചട്ടി കൊഴുക്കുള്ളി ഇരവിമംഗലം, മുളയം, എന്നിവിടങ്ങളിൽ പുതിയതായി വെയിറ്റിങ്ങ് ഷെഡുകൾ നിർമ്മിക്കണം. ബസ്സുകളുടെ സമയ വിവരപ്പട്ടിക പ്രദർശിപ്പിക്കണം.

**പാലങ്ങൾ കൾവർട്ടുകൾ**

കൊച്ചിരാജ്യ പ്രധാന മന്ത്രി ശ്രീ. ഇക്കണ്ടവാരിയർ ഉൽഘാടനം ചെയ്ത മണലിപ്പുഴക്ക് കുറുകെയുള്ള തോപ്പുകടവ് പാലം ശോചനീയാവസ്ഥയിലാണ്. വീതിവർദ്ധിപ്പിച്ച് പുതുക്കി പണിയേണ്ടതാണ്. നടത്തറ പൂത്താർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മുണ്ടോളിക്കടവ് പാലം കൂട്ടാല ചവറാപാടം ഫൂട്ട് ബ്രിഡ്ജ് ഈയിടെ നിർമ്മിതമാണ്. കൊഴുക്കുള്ളി പാടത്തുള്ള PWD റോഡ്, രണ്ടു വൽക്കർക്കുകൾ അപകടസ്ഥിതിയിൽ നിൽക്കുന്നു. പാലങ്ങൾ പുതുക്കി പണിയണം. നെല്ലിക്കുന്നു, ആമോസ് കോർണർ എരവിമംഗലം ലെള്ളിക്കുളങ്ങര എന്നിവിടങ്ങളിൽ കൾവർട്ടുകൾ അനിവാര്യമാണ് കാനാടി റോഡ് JP നഗർ റോഡ് .. കുന്ന് റോഡ്, മൂർക്കനിക്കര തൃശൂർ PWD റോഡിൽ കനാൽ പരിസരത്ത് മൂർക്കനിക്കര സിറ്റി എന്നിവിടങ്ങളിലും, മൂർക്കനിക്കര, പീടിപറമ്പ്, മുളയം റോഡിലും കൾവർട്ടുകൾ അത്യാവശ്യമാണ്. വെള്ളം കെട്ടി നില്ക്കുന്ന സ്ഥലങ്ങളിലൊക്കെ കാനകൾ നിർമ്മിക്കണം

**റോഡുകൾ**

നമ്മുടെ വികസന സങ്കല്പത്തിൽ ഇപ്പോഴും നിറഞ്ഞുനില്ക്കുന്നത് റോഡുകൾ തന്നെയാണ്. ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ചർച്ചനടന്നതും. റോഡുകളെ കുറിച്ചാണ്. പ്രാദേസിക ഉന്നമനത്തിന്ന് അടിസ്ഥാന സൗകര്യം പ്രധാനം ചെയ്യുന്ന റോഡുകളുടെ പ്രാധാന്യത്തെ കുറിച്ചുള്ള ജനങ്ങളുടെ അവബോധം ഉൾക്കൊള്ളുന്ന രീതിയിലായിരിക്കണം വികസന പദ്ധതികൾ

**പുതിയവ നിർമ്മിക്കേണ്ടത്**

1. കണ്ണാറ- മണ്ണുത്തി ദൂരം 6 കി.മി. റോളം കുറക്കാൻ ഉതകുന്നതും കാർഷിക പ്രാധാന്യം ഉൾക്കൊള്ളുന്നതു പഞ്ചായത്തിന്റെ അതിർത്തിയിലെ ഇലഞ്ഞിക്കുളം പരിസരത്തുനിന്ന് ആരംഭിച്ചു വലക്കാവ് ഞാറക്കുറയിൽ ചെന്നു ചേരുന്ന ഫാം റോഡും പണ്ടാറച്ചിറയിലെ സ്ഥിരം വാടൂർ റെഗുലേറ്ററും പാലവും അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

2. മൂർക്കനിക്കര പടിഞ്ഞാറെത്തോട് പരിസരത്തുകൂടി ഫാം റോഡ് നിർമ്മിക്കുക.

3. 11-ാം വാർഡിനേയും കുമരപുറം ക്ഷേത്രപരിസരത്തേയും ബന്ധിപ്പിക്കുന്ന റോഡ്

4. ഇരവിമംഗലം പുഞ്ചപ്പാടം ഫാം റോഡ്

5. പുഴയോരം മുളയം കൊട്ടിലപ്പറമ്പുമായി ബന്ധിപ്പിക്കുക

6. തിരുമാനാം കുന്ന് റോഡിനെ ...... പ്രദേശവുമായി ബന്ധിപ്പിക്കുക

**ആവശ്യങ്ങൾ സാദ്ധ്യതകൾ**

കേടായ ടാർ റോഡുകൾ റീ ടാറിങ്ങ് നടത്തുക-പ്രധാനപ്പെട്ട റോഡുകൾ ടാർ ചെയ്യുക

2. NH47 വൈ പാസുവഴി ട്രാൻസ്പോർട്ട് ബസ്സ് ഗതാഗതം ആരംഭിക്കുക

3. റോഡു പണികൾക്ക് 10% വെങ്കിലും പബ്ലിക്ക് കോൺട്രിബ്യൂഷൻ ഉറപ്പുവരുത്തുക

4. എല്ലാ വർഷവും പൊതുജനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കാൻ നടത്തുന്നതിന് വാർഡുകളിൽ കോ-ഓർഡിനേഷൻ കമ്മിറ്റി രീപീകരിക്കുക ആറു മാസത്തിലൊരിക്കൽ പഞ്ചായത്തു മുഴുവൻ സേവന ദിനമായി ആചരിക്കുകയും മുഴുവൻ ഗ്രാമനിവാസികളേയും സന്നദ്ധപ്രവർത്തനം നടത്തുന്നതിന് ബോധവൽക്കരിക്കുകയും ചെയ്യുക

5. പ്രധാന റോഡുകളിൽ Name Board കൾ സ്ഥാപിക്കുകയും ചെയ്യുക

6. NH47 അപകടങ്ങൾ ഒഴിവാക്കുന്നതിന് മെർക്കുറി ലൈറ്റുകൾ സ്ഥാപിക്കുക

7. PWDറോഡും, പഞ്ചായത്തു റോഡും യഥാസമയം നന്നാക്കുക. ഇത് പഞ്ചായത്തിന് സാമ്പത്തിക ലാഭം ഉണ്ടാക്കും:

8. പഞ്ചായത്തുകളുടെ അതിർത്തിയിലുള്ള പ്രധാന റോഡുകളും വലിയ സാമ്പത്തിക ബാദ്ധ്യത വരുന്ന റോഡുകളും നന്നാക്കുന്ന ചുമതല ജില്ലാ ബ്ലോക്കു പഞ്ചായത്തുകൾ ഏറ്റെടുക്കണം.- പഞ്ചായത്തിലെ റോഡുകൾ ജില്ലാ പഞ്ചായത്ത്, ബ്ലോക്കു പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിങ്ങനെ നന്നാക്കേണ്ട മൂന്നു തട്ടുകളായി തരം തിരിക്കുകയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുക.



## റോഡുകൾ ഒറ്റനോട്ടത്തിൽ

| വാർഡ് | 8മീറ്റർ വീതിയും കൂടുതലും | | | 6 മീറ്റർ വീതിയുള്ളവ | | | 5മീറ്റർവീതിയുള്ളവ | | | 4മീറ്റർ വീതിയുള്ളവ | | | 3മീറ്ററും അതിൽ കുറവും ഉള്ളവ | | വാർഡുകളിൽമൊത്തം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ടാർ | മെറ്റൽ | മണ്ണ് | ടാർ | മെറ്റൽ | മണ്ണ് | ടാർ | മെറ്റൽ | മണ്ണ് | ടാർ | മെറ്റൽ | മണ്ണ് | മെറ്റൽ | മണ്ണ് | ടാർ | മെറ്റൽ | മണ്ണ് |
| I | 3520 | 860 | 5510 | – | – | 1800 | – | – | 7740 | – | – | 1670 | – | 720 | 3520 | 860 | 1740 |
| II | 950 | – | – | 1415 | 75 | – | – | – | 895 | – | – | 1310 | – | 575 | 2365 | 175 | 2780 |
| III | 810 | – | – | 225 | 495 | 670 | – | – | 1625 | – | – | 980 | – | 542 | | | |
| IV | 450 | 1020 | 530 | – | – | 60 | – | – | 1230 | – | – | 1160 | – | 605 | | | |
| V | – | – | 660 | – | 800 | 1415 | – | 355 | 1450 | – | 295 | 1880 | – | 1441 | | | |
| VI | 1000 | – | – | 1100 | 850 | 425 | 330 | – | – | 245 | – | 620 | – | 345 | | | |
| VII | 430 | – | – | – | 450 | – | – | 200 | 1850 | – | – | 1555 | – | 1460 | | | |
| VIII | – | – | – | – | – | – | – | 180 | 880 | 345 | – | 980 | 680 | 360 | | | |

**മൊത്തം പഞ്ചായത്ത് റോഡുകൾ – 84738 മീറ്റർ**

# ഊർജ്ജം

ദൃഢമായ ഒരു മരകൊമ്പിന്റെ അഗ്രങ്ങളിൽ ബന്ധിതമാകുന്ന ഞാണിൽ ഊർജ്ജത്തിന്റെ വിസ്ഫോടനമുണ്ടെന്ന് തിരിച്ചറിഞ്ഞ ശിലായുഗ മനുഷ്യൻ സ്വജീവിതത്തിൽ ഒരു വഴിത്തിരിവ് കണ്ടെത്തുകയായിരുന്നു. മനുഷ്യന് അപ്രാപ്യമായി വരുന്ന പ്രകൃതിയേയും പ്രകൃതിജീവികളേയും ജയിക്കാൻ അമ്പിന്റേയും ചക്രത്തിന്റേയും കണ്ടെത്തലുകളോളം പ്രധാനമായ ഒരു കണ്ടുപിടുത്തവും വർത്തമാനത്തോളം ഇല്ല തന്നെ. ഒരു കണ്ടുപിടുത്തവും വർത്തമാനത്തോളം ഇല്ലതന്നെ.

**ഊർജ്ജമാണ് ലോകത്തിന്റെ ചാലകശക്തി**

നടത്തറ പഞ്ചായത്തിൽ ഈ അടുത്തുവരെ ഊർജ്ജ ഹേതു ജൈവഇന്ധനവും, കന്നുകാലികളും, മനുഷ്യാദ്ധ്വാനവുമായിരുന്നു. ഇപ്പോൾ സ്ഥിതിമാറിയിരിക്കുന്നു. ജലസേചനത്തിനും കൃഷിയിടമുഴുവാനും, ചക്ക് തിരിക്കാനും സഹായിച്ചിരുന്ന കന്നുകാലികൾ അപ്രത്യക്ഷമാകുകയും യന്ത്രങ്ങൾ ആസ്ഥാനം കൈയടക്കുകയും ചെയ്തു. യന്ത്രോപകരണങ്ങളുടെ പ്രധാന ഇന്ധനം വൈദ്യുതിയാണ്.

ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിനായി 55% വൈദ്യുതി പെട്രോളിയം ഇന്ധനങ്ങളേയും 45% ജൈവ ഇന്ധനവും ഉപയോഗിക്കുന്നതായി കണക്കാക്കിയിരിക്കുന്നു പാചകത്തിനായി ബയോഗ്യാസ് തെങ്ങ് ഉല്പന്നങ്ങൾ പാഴ്മരങ്ങളിൽനിന്നു കിട്ടുന്ന വിറക് ചപ്പ് ചവറുകൾ എന്നീ ജൈവ ഇന്ധനങ്ങൾ 80% വീടുകളിലും ഉപയോഗിക്കുന്നു. 15% വീടുകളിൽ മണ്ണെണ്ണയും വൈദ്യുതിയും ഉപയോഗിക്കുന്നു. 500ൽപരം വീടുകളിൽ L.P.G. ഗ്യാസ് സൗകര്യങ്ങൾ ഉണ്ട്. വെളിച്ചം മോട്ടോർ എന്നിവക്ക് വൈദ്യുതിയാണ് ഉപയോഗിക്കുന്നത്.

വെളിച്ചത്തിനായി മണ്ണെണ്ണയെ ആശ്രയിക്കുന്ന കുടുംബങ്ങൾ 20% ത്തിലേറെ വരും. കാർഷിക ആവശ്യത്തിനുള്ള മുഖ്യ ശ്രോതസ്സ് വൈദ്യുതിയാണ് വളരെ വിരളമായി ഡീസൽ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നു. കച്ചവടസ്ഥാപനങ്ങളിൽ ഊർജ്ജാവശ്യത്തിനായി വൈദ്യുതി ഉപയോഗിക്കുന്നു. ഹോട്ടലുകളിൽ പാടകത്തിനുവേണ്ടി വിറക് പറിപാചകഗ്യാസ് (L.P.G) എന്നിവ ഉപയോഗിക്കുന്നു.

പാചകാവശ്യത്തിനുള്ള വിറകിൽ കുറേയേറെ വീട്ടുവളപ്പിൽ നിന്നു ശേഖരിക്കുന്നു. നാടൻ ഇഷ്ടിക നിർമ്മാണ യൂണിറ്റുകളിൽ ഇഷ്ടിക ചുട്ടെടുക്കുന്നതിന് 100 കണക്കിന് ടൺ വിറക് ഉപോഗിച്ചുവരുന്നു. ഗാർഹിക മേഖലയിൽ 1985 മുതലാണ് (L.P.G.) പാചക വാതകം പഞ്ചായത്ത് പ്രേദശത്ത് രംഗത്തെത്തിയത്. അമ്പതിൽ താഴെ ബയോഗ്യാസ് യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്. 500ൽ പരം പരിഷത്ത് പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. വിറകിന്റെ ക്രമാതീതമായ വില വർദ്ധനവ് സാധാരണക്കാരനെ ബുദ്ധിമുട്ടിലാക്കുന്നു.

പട്ടിക1

**നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾ**

| ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം |
|---|---|---|---|
| 4719 | 414 | 159 | 898 |

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

| Ordinary | O.T.P. | O.Y.E.C. |
|---|---|---|
| 153 | 11 | 39 |

**സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം**

| ബൾബുകൾ | 40W | 60W | 100W | Total |
|---|---|---|---|---|
| | 735 | 46 | 3 | 784 |
| ട്യൂബുകൾ | 2x28 | | | 218 |

**വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 5**

തൻവർഷത്തെ വൈദ്യുതി കണക്ഷനുകൾ

| Ordinary | O.T.P. | O.Y.E.C. |
|---|---|---|
| 36 | 14 | 109 |



സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 14905

**പഞ്ചായത്ത് പരിധിയിൽ L.T. ട്രാൻസ്ഫോർമറുകളുടെ പേര്**

| Name | Capacity |
|---|---|
| 1.സെന്റ് ജോസഫ് 100KWA | |
| 2. അച്ചൻകുന്ന് | 100 |
| 3. നെല്ലാനി | 160 |
| 4. ... | 160 |
| 5. വട്ടപ്പാറ | 100 |
| 6. വലക്കാവ് | 100 |
| 7. കന്നാലിച്ചാൻ | 63 |
| 8. മണ്ണൂർ | 100 |
| 9. Brimstone Co. | 160 |
| 10. Tecmo മണ്ണൂർ | 100 |
| 11. തോപ്പുകടവ് | 160 |
| 12. പീടിക പറമ്പ് | 63 |
| 13. കണ്ടാത്തിമുക്ക് | 100 |
| 14. മുളയം | 500 |
| 15. വേലാമി മുളയം | |
| 100 | |
| 16. ഡാമിയൻ No.I | 100 |
| 17. II | 100 |
| 18. S.OS. Malayam | 63 |
| 19. തില്ല പരിസരം | 100 |
| 20. കൊഴുക്കുള്ളി | 100 |
| 21. Tecsum മൂർക്കനിക്കര | 250 |
| 22. തിരുമാതാംകുന്ന് | 160 |
| 23. കിഴക്കുംപുറം | 63 |
| 24. മൂർക്കനിക്കര | 100 |
| 25 ,,,,, | 250 |
| 26. ഇരവിമംഗലം | 160 |
| 27 " | 100 |
| 28. മിച്ചഭൂമി | 100 |
| 29. നടത്തറ | 250 |
| 30. S.N.പവർലൂം | 160 |
| 31. .. | 160 |
| 32. സിമകോ കമ്പനി | 100 |
| 33. Snow cap. | 160 |
| 34. കാച്ചേരി | 63 |
| 35. പവർലൂം കാച്ചേരി | 160 |
| 36. II | 160 |
| 37. III | 160 |
| 38. IV | 100 |
| 39. നെല്ലിക്കുന്ന് I | 160 |
| 40. ,, II | 63 |

ഊർജ്ജ സംരക്ഷണ നടപടികളുടെ ഭാഗമായി വളരെ വിരളമായ ദക്ഷതയേറിയ അടുപ്പുകളുടെ വ്യാപനം മാത്രമെ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ളൂ. വാണിജ്യ ജൈവ ഇന്ധനങ്ങൾ ഊർജ്ജ സംരക്ഷണ നടപടികൾ എന്നിവയെ കൂട്ടിയിണക്കി കൊണ്ടുള്ള സമഗ്രമായ ഊർജ്ജാസൂത്രണ നടപടികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടയിരിക്കുന്നു.

**പ്രശ്നങ്ങൾ**

I തുടരെ തുടരെ ഉണ്ടാക്കുന്ന പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ പവർകട്ടുകൾ

II ഇന്ധനങ്ങളുടെ ഉയർന്ന വിലയും ക്ഷാമവും ഇനിയും വൈദ്യുതി എത്താത്ത മേഖലകൾ

III ഇനിയും വൈദ്യുതി എത്താത്തമേഖലകൾ

IV ഒരിക്കലും മിഴി തുറക്കാത്ത വഴി വിളക്കുകൾ

V ട്രാൻസ്ഫോർമറുകളുടെയും വൈദ്യുതി വിതരണ ശൃംഖലയുടേയും പഴക്കംമൂലമുള്ള പ്രസരണ ശേഷിക്കുറവ്

VI ട്രാൻസ്ഫോർമരുകൾ പുതിയവ സ്ഥാപിക്കാതിരിക്കൽ

പാചക വാതകം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ

VIII പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ മാത്രം ആശ്രയിക്കൽ

**സാദ്ധ്യതകൾ**

I വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുക

II അയൽക്കൂട്ടങ്ങൾ ഉണ്ടാക്കി കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകൾ സാധ്യതയുള്ളിടത്ത് സ്ഥാപിക്കുക

III പ്രഷർകുക്കർ തുടങ്ങി ദക്ഷത കൂടിയ ഉപകരണങ്ങൾ , അടുപ്പുകൾ, ഊർജ്ജ ലാഭമുള്ള വൈദ്യുതി ദീപങ്ങൾ, ബയോഗ്യാസ് എന്നിവയുടെ പ്രചരണത്തിനും സാമ്പത്തിക സഹായത്തിനും സഹകരണ സംഘം രൂപീകരിക്കുക. ആൾ ജാമ്യത്തിൽ സാമ്പത്തിക സഹായം നൽകുകയും വീടുകളിൽ നിന്നും ആഴ്ചകളക്ഷൻ നടത്തുകയും ചെയ്യുക.

VI ആവശ്യമായ ഒമ്പതോളം സ്ഥലങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, നിലവിലുള്ളവയുടെ കപ്പാസിറ്റി ഉയർത്തുക. ഇല

ക്ട്രിക് ലൈനുകൾ റീ റൂട്ട ചെയ്യുക. .... മാറ്റി സ്ഥാപിക്കുക. ലൈനുകളിലെ ടമ്പിംഗുകൾ മാറ്റുന്നതിന് സന്നദ്ധ പ്രവർത്തനം നടത്തുക

V പാഴായി പോകുന്ന ഇരവിമംഗലം 10-ാം വാർഡ് കൈനൂർ സ്ഥിരം ബണ്ടിലെ ജലം ഉപയോഗിച്ച് ജനറേറ്റർ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സൗകര്യം ഉണ്ടാക്കുക

VI പ്രധാന സെന്റുകളിൽ നിയോൺ ബൾബുകൾ സ്ഥാപിക്കുക

VIII പഞ്ചായത്ത് പ്രദേശത്ത് L.P.G. ഗ്യാസ് വിതരണത്തിന് ഏജൻസിയെ നിയോഗിക്കുക

VIII പഞ്ചായത്തു തല വൈദ്യുതി വിതരണ ചുമതല പഞ്ചായത്തുകളെ ഏല്പിക്കുകയാണെങ്കിൽ ലഭ്യതാ മാനേജ്മെന്റിന്റെ പകരം ആവശ്യാനുസരണം ഊർജ്ജാസൂത്രണത്തിനും, കാര്യക്ഷമവും സമയ ബന്ധിതവുമായ സേവനത്തിനും പഞ്ചായത്തുകൾക്കും സാധ്യമാകും.

IX കാർഷിക കണക്ഷനുകൾക്ക് മുൻഗണന അനുവദിക്കുക.

X തെർമ്മൽ, സോളാർ, എന്നീ തുറയിലെ വൻകിട പദ്ധതികൾ ബന്ധപ്പെട്ട ഏജൻസികൾ രൂപകല്പന ചെയ്ത് സ്ഥാപിക്കുക

XI അനർട്ടിന്റെ ദക്ഷതകൂടിയ ഊർജ്ജ ഉപകരണങ്ങൾ പ്രചരിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക

XII മാടക്കത്തറ 400kv സ്റ്റേഷൻ നടത്തറ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് വിതരണം ശൃംഖലയുമായി ബന്ധിപ്പിക്കുക. ●

## മാർക്കറ്റ്

നടത്തറയിൽ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സും പൂച്ചട്ടിയിൽ മിനി മാർക്കറ്റും സ്ഥിതി ചെയ്യുന്നു.

നടത്തറ സെന്ററും ബൈ പാസ് പ്രദേശവും വിപണന കേന്ദ്രങ്ങളായി വളർന്നുകൊണ്ടിരിക്കയാണ്. കാർഷികോല്പന്നങ്ങൾ വിപണനം നടത്തുന്നതിന് പ്രാദേശിക സംവിധാനങ്ങൾ ഒന്നും തന്നെയില്ല. ഇക്കാര്യത്തിൽ ശക്തൻതമ്പുരാൻ നഗർ മാർക്കറ്റിനെയാണ് കർഷകർ പ്രധാനമായും ആശ്രയിക്കുന്നത്.

റോഡുവക്കത്ത് പച്ചമത്സ്യമാംസമടക്കം നടക്കുന്ന കച്ചവടങ്ങൾ പഞ്ചായത്ത് പ്രദേശത്ത് വലിയ ആരോഗ്യ റോഡ് പ്രശ്നങ്ങൾ സൃഷ്ടിച്ചിരിക്കയാണ്. പഞ്ചായത്തിൽ ചെറുകിട കച്ചവടത്തിനുതകുന്ന സൗകര്യം അനിവാര്യമാണ്. ഒരു പൊതു മാർക്കറ്റിനുള്ള സാദ്ധ്യതകൾ ആരായുകയും അതിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുന്ന്, വലക്കാവ്, മൂർക്കനിക്കര എന്നിവിടങ്ങളിൽ മാർക്കറ്റിങ്ങ് കോപ്ലക്സുകൾ നിർമ്മിക്കുകയും വേണം. സിവിൽ സപ്ലൈയിസ് വിഭാഗത്തിന്റെ വക ഒരു സൂപ്പർ മാർക്കറ്റ് പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് സ്ഥാപിക്കുന്നത് ഉപകാരപ്രദമാണ്. ആധുനിക രീതിയിലുള്ള അറവുശാല പഞ്ചായത്തു പ്രദേശത്ത് സ്ഥാപിക്കേണ്ടിയിരിക്കുന്നു. മത്സ്യമാംസ വില്പന ലൈസൻസുള്ളവർക്കുമാത്രമായിരിക്കണം. ലൈസൻസു നൽകുമ്പോൾ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

പഞ്ചായത്തിലെ മുഴുവൻ കാർഷിക ഉല്പന്നങ്ങളും കർഷകർക്ക് നേരിട്ട് കൊണ്ട് വന്ന് വില്ക്കുന്നതിന് വിപുലമായ ഒരു മാർക്കറ്റ് പഞ്ചായത്തിന്റെ മദ്ധ്യത്തിൽ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ●

# വിദ്യാഭ്യാസം

ആർഷഭാരത സംസ്കൃതിയുടെ ഗുരുകുലങ്ങൾ, നൈർമ്മല്യമാർന്ന നമ്മുടെ വിദ്യാഭ്യാസ പൈതൃകം വിളിച്ചോതുന്നു. എന്നാൽ ഏകലവ്യന്റെ പെരുവിരൽ ആവശ്യപ്പെട്ട ഗുരുദക്ഷിണ പൈതൃകം കൂടി നമുക്ക് മുമ്പിലുണ്ട്.

കേരളീയ വിദ്യാഭ്യാസത്തിന്റെ പൊതുവേദിയിൽ നിന്നുവേണം നമ്മുടെ പഞ്ചായത്തിന്റെയും വിദ്യാഭ്യാസ പ്രശ്നങ്ങളെ പരിശോധിക്കേണ്ടത്. കൃസ്തുമത മിഷനറിമാരും സ്വകാര്യവ്യക്തികളും തന്നെയാണ്. പഞ്ചായത്തിലെ പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നത്. വിഖ്യാതമായ ഭാരതീയ വിദ്യാഭവൻ മാനേജ്മെന്റിന്റെ കീഴിലുള്ള വിദ്യാമന്ദിർ. നടത്തറയ്ക്ക് മകുടം ചാർത്തുന്നു.

ഔദ്യോഗിക വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്ത് പ്രദേശത്തെ ആദ്യ സംരംഭം മൂർക്കനിക്കരയിൽ ആയിരുന്നു. 1920ൽ തട്ടാംപറമ്പിൽ രാവുണ്ണി എഴുത്തശ്ശന്റെ മാനേജ്മെന്റിൽ മലയാളം സ്കൂൾ ആരംഭിച്ചു പിന്നീട് ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുകയും അപ്പർ പ്രൈമറി ആയി ഉയർത്തുകയും ചെയ്തു.

1928ൽ നടത്തറ പാലോക്കാരൻ ലോന വറീത് അവർകളുടെ സ്ഥലത്ത് 90 കുട്ടികളുമായി 1 ഉം 2ഉം ക്ലാസ്സുകളോടെ മഹാത്മാ പുവ്വർ സ്കൂൾ എന്ന പേരിൽ ചാഴൂർ കോവിലകം വകയായി ഗോദവർമ്മ തിരുമുൽപ്പാട് പ്രധാനാദ്ധ്യാപകനായി ആരംഭിച്ച സ്കൂൾ പിന്നീട് LP ആക്കുകയും 1931ൽ റവ.ഫാദർ ജോൺ പാലോക്കാരനെ ഏല്പിക്കുകയും ചെയ്തു. 1936 മുതൽ കർമ്മലീത്താ സിസ്റ്റേഴ്സാണ് ഇത് നടത്തുന്നത്.

ആധുനിക വിദ്യാഭ്യാസ രംഗത്ത് നടത്തറ പഞ്ചായത്ത് അതൃത്തിയിൽ നടന്ന സുപ്രധാന കാൻ വെപ്പുകളായിരുന്നു ഇവകൾ.

എന്നാൽ 1920ൽമുമ്പ് തന്നെ പരമ്പരാഗത വിദ്യാഭ്യാസത്തിന്നനുബന്ധമായി സമ്പന്ന കുടുംബങ്ങളിലെ കുട്ടികൾ ഔപചാരിക വിദ്യാഭ്യാസം നേടുന്നതിന് ശ്രമിച്ചിരുന്നു. മറ്റുള്ളവർ ഏറേയും നിലത്തെഴുത്താണ് അഭ്യസിച്ചിരുന്നത്.

ഇന്ന് പഞ്ചായത്തിൽ ആധുനിക വിദ്യാഭ്യാസ സൗകര്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട് എന്ന് പട്ടികൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ഇവയിൽ ഉന്നത നിലവാരവും മെച്ചപ്പെട്ട ഭൗതിക സൗകര്യവും ഉള്ള വിദ്യാ ഭവൻ സ്കൂളിൽ 100% വിജയമുണ്ട്. പക്ഷേ നാമമാത്രമായേ പഞ്ചായത്ത് നിവാസികളായ കുട്ടികൾക്ക് ഇവിടെ പ്രവേശനം ലഭിച്ചിട്ടുള്ളൂ.

മറ്റൊരു പ്രധാന ഹൈസ്കൂൾ ഉള്ളത് നെല്ലിക്കുന്നിലെ സെന്റ് സെബാസ്റ്റ്യൻസ് C.G.H.S. ആണ്. മറ്റു കൃസ്ത്യൻ മാനേജ്മെന്റ് സ്കൂളുകൾപോലെ പൊതുവേ ഇവിടെയും ഉന്നത വിജയശതമാനം നിലനിർത്തിപ്പോരുന്നു. ഭേദപ്പെട്ട ഭൗതിക സൗകര്യങ്ങളുള്ള ഈ സ്കൂൾ പെൺകുട്ടികൾക്ക് വേണ്ടി മാത്രമുള്ളതാണ്. സമീപ പഞ്ചായത്തിലെ ധാരളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. തദ്ദേശീയരായ മറ്റ് ഭൂരിഭാഗം കുട്ടികളും പഠിക്കുന്നത്. പൂച്ചട്ടി AKMHSൽ ആണ് ഇവിടെ പഠനനിലവാരം ഉയർത്തുന്നതിന് ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്.

പ്രാദേശിക സ്കൂളുകളിലെ കൊഴിഞ്ഞുപോക്കും. (Dropout) നഗരപ്രാന്ത സ്കൂളുകളിലെ ഇടിച്ചുകയറ്റവും ഒരു സാമൂഹ്യ പ്രശ്നം തന്നെയാണ്. ഇതിന്നെതിരെ അദ്ധ്യാപകരേയു രക്ഷിതാക്കളേയും ഗൗരവപൂർവ്വമായി ബോധവൽക്കരിക്കണം അദ്ധ്യാപകരിൽ പലരും പഴഞ്ചൻ ബോധനരീതി പിന്തുടരുന്നു. രക്ഷിതാക്കളിൽ നല്ലൊരു പങ്കും കുട്ടികൾക്ക് സൗകര്യങ്ങൾ ഒരുക്കി സ്കൂൾ

പടി കയറ്റി വിട്ടാൻ തന്റെ കടമ നിറവേറ്റി എന്ന വികല ബോധം വെച്ചു പുലർത്തുന്നവരാണ്. സാഹചര്യസമ്മർദ്ദവും കൊണ്ടാകാം ഇത്.

പഞ്ചായത്തിലെ സ്കൂളുകളിൽ ചിലവയുടെ അക്കാദമിക് തലത്തിലുള്ള തകർച്ച വിജയ ശത മാനത്തിൽ നിഴലിച്ചു കാണാം. (പട്ടിക നോക്കുക)ഭൗതിക സൗകര്യങ്ങളുടെ കുറവ് പഠന നിലവാരത്തെ ബാധിക്കുന്നു. ക്ലാസ്സ്മുറികൾ, കുടി വെള്ളം, മൂത്രപ്പുര, കോമ്പൗണ്ടുമതിലുകൾ, ഫർണീച്ചർ, ലൈബ്രറി ലാബോറട്ടറി സൗകര്യം എന്നിവ പല സ്കൂളുകൾക്കും ഏറ്റക്കുറച്ചിലുക ളോടെ ആവശ്യമുണ്ട്. അദ്ധ്യാപകരുടെ കുറവ് കൂനിന്മേൽ കുരുവായി മുഴച്ചുനില്ക്കുന്നു. P.T.A. കളും മാതൃസംഗമവും കൂടുതൽ ഭാവനാ പൂർണ്ണവും അർത്ഥവത്തും ആക്കേണ്ടതുണ്ട്. ഉച്ച ഭക്ഷണ പരിപാടികളിലും P.T.A. യുടെ ഇടപെടൽ അത്യാവശ്യമാണ്.

പാഠ്യേതര പ്രവർത്തനങ്ങളിൽ പൊതുവേ വേണ്ടത്ര താല്പര്യം ആരും കാണിക്കുന്നില്ല. സാഹിത്യ സമാജങ്ങളും മറ്റു പ്രവർത്തനങ്ങളും സ്കൂളുകളിൽ ഒരു ചടങ്ങിന് പോലും നടക്കുന്നില്ല

**തൊഴിലധിഷ്ഠിത വിദ്യാഭ്യാസം**

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെപ്പറ്റി പറയു മ്പോൾ നടത്തറക്ക് തികച്ചും അഭിമാനിക്കാൻ വക യുള്ള ഒന്നാണ് ഇവിടുത്തെ ഏറ്റവും പഴക്കം ചെന്ന നടത്തറ മൾട്ടി ഡിസിപ്ലിനറി ട്രയിനിംഗ് സെന്റർ ഖാദി ഗ്രാമോദ്യോഗ കമ്മീഷൻ ദണ്ഡി യിൽ നിന്ന് വാരിയെടുത്ത ഒരു കൈ കൊടന്ന അസംസ്കൃത ഉപ്പിൽ നിന്നും ഭാരതത്തിന്റെ ഉപ്പു കണ്ടെടുത്ത അർദ്ധനഗ്നനായ ഫക്കീർ എന്ന് ആക്ഷേപസ്വരത്തോടെ വിളക്കപ്പെട്ട മഹാത്മാ വിന്റെ ആഹ്വാനത്തിന് അർത്ഥം കണ്ടവർ സ്വജീ വിതം പണയമാക്കി ചർക്ക തിരിച്ചവർ, ആ ധിഷ ണശാലികളുടെ പാദസ്പർശം കൊണ്ടു പവിത്ര മായ ഭൂമി- ഇന്നു ഇന്ത്യയിലെ പ്രസിദ്ധമായ ഖാദി വിദ്യാലയമായി പരിണമിച്ചിരിക്കുന്നു. ഇവിടെ ഒരേ സമയം വിവിധ തുറകളിലായി 80 പേർക്ക് താമ സിച്ചു പഠിക്കാനുള്ള സൗകര്യമുണ്ട്. പക്ഷേ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ തദ്ദേശീയ രായവർ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

**മറ്റു സമാന്തര വിദ്യാലയങ്ങൾ**

പഞ്ചായത്തിൽ സാങ്കേതിക സ്ഥാപനങ്ങൾ പൊതുമേഖലയിൽ നിലവിലില്ല. നടത്തറയിലെ രണ്ട് സ്വകാര്യ ITCകളിൽ ഭൂരിപക്ഷം പേരും പുറമേ നിന്നു വരുന്ന കുട്ടികളാണ്. മൂന്ന് സമാന്തര ടൈപ്പ് .... സ്കൂളുകളും അഞ്ചിലധികം ട്യൂഷൻസെന്ററു കളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

**പ്രീ പ്രൈമറി തലം**

ഗ്രാമ പഞ്ചായത്തിലെ പ്രീ-പ്രൈമറി തലത്തി ലുള്ള വിദ്യാഭ്യാസം തികച്ചും ശാസ്ത്രീയമാണ് എന്ന് പറയാനാവില്ല. കളികളിലൂടെ കുട്ടികളുടെ വിജ്ഞാന സമ്പാദനത്തിനുള്ള നൈസർഗ്ഗികമായ സിദ്ധികൾ തൊട്ടുണർത്തുന്നതിലാണ് യഥാർത്ഥ ത്തിൽ ശ്രദ്ധ പതിയേണ്ടത്.

**അനൗപചാരിക വിദ്യാഭ്യാസം**

പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് വളരെ ഉയർന്നതാണ്. വായനശാലകൾ, കലാസമിതികൾ എന്നിവ കേന്ദ്രീകരിച്ചുള്ള അനൗപചാരിക വിദ്യാ ഭ്യാസ പരിപാടികൾ 1991ൽ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കിയതോടെ ഇക്കാര്യത്തിൽ ഒരു ഏകദേശ പൂർണ്ണത കൈവന്നു. എങ്കിലും നടത്തറയിലെ അമ്പതിലധികം കുംഭാര സമുദായക്കാർ ഇന്നും നിരക്ഷരരാണ്. ഇവർക്കിടയിൽ ജനവിദ്യാ കേന്ദ്ര ങ്ങൾ അരംഭിക്കണം. നടത്തറ പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനം ജില്ലയില്ഡ പ്രശസ്തി നേടിയിരുന്നു. അതിന്റെ തുടർ നടപടികൾ പരാജ യത്തിന്റെ കാരണങ്ങൾ പരിശോധിക്കേണ്ടതാണ്.

**സാദ്ധ്യതകൾ പരിഹാരങ്ങൾ**

1. പഞ്ചായത്തിന്റെ ഹൃദയ ഭാഗത്ത് സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക

2. സാർവ്വത്രിക പ്രാഥമിക വിദ്യാഭ്യാസ പരിപാടി (UEE)യിൽപെട്ട ജില്ലാ പ്രൈമറി വിദ്യാഭ്യാസ പരി പാടി (DPEP) തൃശൂർ ജില്ലയിൽ ആരംഭിക്കാനുള്ള സാദ്ധ്യത പരിഗണിക്കുക.

3. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും സമയബന്ധിതമായി സന്ദർശിക്കുവാനും പ്രവർത്ത നങ്ങൾ വിലയിരുത്താനും പോരായ്മകൾ പരിഹ രിക്കാനും മോണിറ്ററിംഗ് സംവിധാനം പഞ്ചായത്ത് നിയന്ത്രണത്തിൽ രൂപീകരിക്കുക

4. സർവെ നടത്തി അപ്ഗ്രേഡ് ചെയ്യാനുതകുന്ന സ്കൂളുകൾ അപ് ഗ്രേഡ് ചെയ്യുക

5. അയൽ പക്ക വിദ്യാലയ പഠന സമ്പ്രദായം ശക്തമാക്കുക

6. നിലവിലുള്ള ബാലവാടികളുടെ ഭൗതിക സാഹചര്യങ്ങൾ ശക്തപ്പെടുത്തുക. ആവശ്യമായ സ്ഥലങ്ങളിൽ ബാലവാടികൾ ആരംഭിക്കുക

7. പഞ്ചായത്തിലെ സാഹചര്യങ്ങൾക്കനുസൃതമായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

8.പൂച്ചട്ടി ഹയർ സെക്കന്ററി സ്കൂളിൽ Arts +2 ആരംഭിക്കുക.

9. സ്കൂൾ ലൈബ്രറി, ലാബറട്ടറി, വിപുലപ്പെടുത്തുക.

10. വിദ്യാലയങ്ങളിൽ, മാതൃസംഗമം രൂപീകരിക്കുക, ഇടവേളകളിൽ കൃത്യമായി യോഗങ്ങൾ നടത്തുകയും ചെയ്യുക

11. സാമ്പത്തിക പരാധീനതകളുള്ള ഉയർന്ന പഠന നിലവാരം പുലർത്തുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിന്ന് പദ്ധതി രൂപപ്പെടുത്തുക. സ്കോളർഷിപ്പുകളും, അവാർഡുകളും ഏർപ്പെടുത്തുക.

12. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

13. എല്ലാസ്കൂളുകളിലും കായിക വിദ്യാഭ്യാസം നിർബന്ധിതമാക്കുകയും മുഴുവൻ കുട്ടികളേയും ഏതെങ്കിലും കായിക രംഗത്ത് നിർബന്ധമായും പരിശീലിപ്പിക്കുകയും ചെയ്യുക.

14. പൊതുവായ കായിക വിദ്യാഭ്യാസകേന്ദ്രവും സ്വിമ്മിംഗ് പൂളും ആരംഭിക്കുക

15. കൂടുതൽ സ്ഥലത്ത് ബാലവാടികൾ, നേഴ്സറി സ്കൂളുകൾ എന്നിവ തുടങ്ങാനും നിലവിലുള്ള പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ട നിരവധി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്ന് വന്നിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു. അവയുടെ സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

**പുതിയതായി ആരംഭിക്കേണ്ട ബാലവാടി/അംഗൻവാടികൾ**

| വാർഡ് നമ്പർ | ക്രമനമ്പർ | സ്ഥലം |
|---|---|---|
| I | I | താളിക്കുണ്ട് |
| | | ചവറാംപാടം |
| II | 3 | പീടികപറമ്പ് |
| VI | 4 | ഐക്യനഗർ |
| | 5 | ജൂബിലിനഗർ |
| VII | 6 | കാച്ചേരി |
| X | 7 | എരവിമംഗലം |
| | 8 | പോലുക്കര |

**U.P.സ്കൂളുകൾ/ഹൈസ്കൂൾ എന്നിവ**

| വാർഡ് നമ്പർ | ക്രമനമ്പർ | സ്ഥലം |
|---|---|---|
| I | 1 | ആശാരിക്കാട് UPഹൈസ്കൂൾ ആക്കുക |
| | 2 | വലക്കാവ് UP ആക്കുക |
| II | 3 | പുതിയ LP സ്കൂൾ മുളയത്ത് സ്ഥാപിക്കുക |
| V | 4 | UPസ്കൂൾ High School ആക്കുക |
| XI | 5 | നടത്തറ LPS UP ആക്കി ഉയർത്തുക |
| VIII | 6 | RGLPS ഹൈസ്കൂൾ ആക്കുക |

**എസ്.എസ്.എൽ.സി. വിജയശതമാനം**

| സ്കൂളിന്റെ പേര് | വിജയശതമാനം | | | | |
|---|---|---|---|---|---|
| | 91–92 | 92–93 | 93–94 | 94–95 | 95–96 |
| 1. എ.കെ.എം.എച്ച്.എസ്. പൂച്ചെട്ടി | 47% | 42% | 35% | 39% | 34% |
| 2. സെന്റ് സെബാസ്റ്റ്യൻ കോൺവെന്റ് ജി.എച്ച്.എസ്. നെല്ലിക്കുന്ന് | 100% | 100% | 98% | 100% | 100% |
| 3. ഭാരതീയ വിദ്യാമന്ദിർ | 100% | 100% | 100% | 100% | 100% |

### വിദ്യാർത്ഥി-അധ്യാപകസ്ഥിതി വിവരകണക്കുകൾ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | സൗകര്യങ്ങൾ പരിമിതികൾ പൊതുവിവരം |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | | |
| 1 | ജി.യു.പി.എസ്.ആശാരിക്കാട് | 286 | 254 | 540 | 16 | പ്രാഥമിക സൗകര്യങ്ങൾവർദ്ധിപ്പിക്കണം |
| 2 | ഐ.വി.എം.എൽ.പി.എസ്.മുളയം | 145 | 123 | 268 | 8 | |
| 3 | ജി.യു.പി.എസ്.മൂർക്കനിക്കര | 327 | 283 | 610 | 20 | ഓടിടണം മതിൽപണി പൂർത്തിയാക്കണം പ്രാഥമിക സൗകര്യം മെച്ചപ്പെടുത്തണം. |
| 4 | എസ്.യു.പി.എസ്.കൊഴുക്കുള്ളി | 335 | 342 | 677 | 22 | |
| 5 | എ.കെ.എം.ഹയർ സെക്കന്ററി | 664 | 680 | 1344 | 58 | കുടിവെള്ളം സ്കൂൾ ഗ്രൗണ്ട് വികസനം എന്നിവയാണ് പ്രശ്നങ്ങൾ |
| 6 | സ്കൂൾ പൂച്ചെട്ടി | 1000 | 540 | 1540 | 58 | കുടിവെള്ളക്ഷാമം പരിഹരിക്കുക |
| 7 | ഭാരതീയ വിദ്യാമന്ദിർ പൂച്ചെട്ടി എ.എൽ.പി.എസ്. ഇരവിമംഗലം | 174 | 140 | 314 | 9 | |
| 8 | ആർ.ജി.എൽ.പി.എസ്.നെല്ലിക്കുന്ന് | 99 | 82 | 181 | 7 | |
| 9 | സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂൾ നെല്ലിക്കുന്ന് | 0 | 1371 | 1371 | 39 | |
| 10 | എച്ച്.ആർ.സി.എൽ.പി.എസ്.നടത്തറ | 326 | 267 | 593 | 13 | |

# പൊതുജനാരോഗ്യവും കുടിവെള്ളവും

### ആമുഖം

നടത്തറ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനില പൊതുവെ തൃപ്തികരമാണ്. ഇതിന്റെ പ്രധാന കാരണം കൂടുതൽ ജനങ്ങളും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നതിനാലും മലിനീകരണ പ്രശ്നങ്ങൾ ഇല്ലാത്തതിനാലും ആഹാര ദൗർലഭ്യം എന്നിവ ഇല്ലാത്തതിനാലും കൂടാതെ ആരോഗ്യ സേവാ കേന്ദ്രങ്ങളുടെ ഊർജിത പ്രവർത്തനങ്ങളുമാണ്. ഏങ്കിലും ഗൗരവതരമായ രോഗങ്ങൾക്ക് അത്യാവശ്യ ചികിത്സാസൗകര്യം ലഭിക്കുവാൻ പോലും പത്ത് കിലോമീറ്റർ ദൂരെയുള്ള ആസ്പത്രികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ഇത് കാണിക്കുന്നത് ഇപ്പോഴുള്ള സൗകര്യങ്ങൾ ജനങ്ങൾക്ക് അപര്യാപ്തമാണെന്നാണ്.

ആരോഗ്യത്തിന്റെ മുഖ്യഘടകമായ കുടിവെള്ളത്തിന്റെ കാര്യത്തിൽ ഇവിടുത്തെ ജനങ്ങൾ ആശ്രയിക്കുന്നത് കിണറുകളും; ടാപ്പുകളുമാണ്. ജല ദൗർലഭ്യം ഈ പഞ്ചായത്തിന്റെ പല വാർഡുകളിലും രൂക്ഷമാണ്. ഇതിന്റെ ഫലമായി ജനങ്ങൾ ശുദ്ധജലമെന്നോ മലിനജലമെന്നോ ശ്രദ്ധിക്കാതെ ഉപയോഗിക്കുവാൻ നിർബന്ധിതരാകുന്നു. അതിനാൽ ആരോഗ്യപ്രശ്നത്തിലും വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

## പൊതുജനാരോഗ്യം

| ജനസംഖ്യാ സെൻസസ് (1995. PHC സെൻസസ് അനുസരിച്ച്) | | | |
|---|---|---|---|
| പുരുഷന്മാർ | സ്ത്രീകൾ | കുട്ടികൾ | ആകെ |
| 14626 | 13984 | 6072 | 34682 |

| ജനന-മരണനിരക്കുകൾ (1995) | | | |
|---|---|---|---|
| ജനനനിരക്ക് | പൊതു മരണനിരക്ക് | ശിശു മരണനിരക്ക് | മാതൃ മരണനിരക്ക് |
| 15 | 5.13 | 7 | 1 |

മലേരിയ, ഫൈലേരിയ, കോളറ വയറുകടി എന്നീ രോഗങ്ങൾ വ്യാപകമായി ഇവിടെ ഉണ്ടാവാറില്ല. പോഷകാഹാരക്കുറവുമൂലം ഉണ്ടാവുന്ന രോഗങ്ങളും ഇവിടെ കുറവാണ്. വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ പരിസരമലിനീകരണം മുലമുണ്ടാവുന്ന രോഗങ്ങൾ കുറവാണ്. ഈ പ്രദേശത്ത് സാധാരണയായി കാലാവസ്ഥ മാറുമ്പോൾ ഉണ്ടാകാറുള്ള പകർച്ച വ്യാധികൾ ധാരാളമായി കണ്ടുവരുന്നു. കുടാതെ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ത്വക് രോഗങ്ങൾ, ഞെരമ്പു രോഗങ്ങൾ എന്നിവയും കണ്ടുവരുന്നു.

ഇന്ന് നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ താഴെ പറയും പ്രകാരമാണ്.

| ആരോഗ്യകേന്ദ്രങ്ങൾ, മെഡിക്കൽ സ്റ്റോറുകൾ. | എണ്ണം |
|---|---|
| **A. അലോപ്പതി** | |
| 1 സർക്കാർ പ്രാഥമിക ആരോഗ്യകേന്ദ്രം | 1 |
| 2 കുടുംബക്ഷേമകേന്ദ്രങ്ങൾ | 5 |
| 3 സ്വകാര്യഡോക്ടർമാർ | 8 |
| 4 മെഡിക്കൽ സ്റ്റോർ | 8 |
| **B. ഹോമിയോപ്പതി** | |
| 5 സർക്കാർ ഹോമിയോ ഡിസ്പൻസറി | 1 |
| 6 സ്വകാര്യ ഡോക്ടർമാർ | 4 |
| **C. ആയുർവേദം.** | |
| 7 സർക്കാർ ആസ്പത്രി | ഇല്ല |
| 8 സ്വകാര്യ ഡോക്ടർമാർ | 2 |
| 9 ആയുർവേദമരുന്നുകടകൾ | 6 |
| **D. പ്രകൃതി ചികിത്സാ സൗകര്യം** | ഇല്ല |

**ആരോഗ്യ ചികിത്സാരംഗത്തെ പ്രശ്നങ്ങൾ**

- ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
- രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമില്ലായ്മ
- കുടിനീരിന്റെ ക്ഷാമം
- പരിസര ശുചീകരണത്തിലുള്ള അവബോധമില്ലായ്മ

**പരിഹാര നിർദ്ദേശങ്ങൾ**

ഏറ്റവും ചുരുങ്ങിയത് 25 കിടക്കകളോടു കൂടിയതും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉള്ളതുമായ ആസ്പത്രി ഈ പഞ്ചായത്തിൽ നിർമ്മിക്കുക. ഈ ആസ്പത്രിയോടൊന്നിച്ചുതന്നെ സ്റ്റാഫ് ക്വാർട്ടേർസുകളും നിർമ്മിക്കുക. എങ്കിൽ മാത്രമെ ജനങ്ങൾക്ക് കിടന്നുചികിത്സിക്കുന്നതിനുള്ള സൗകര്യം ലഭ്യമാവുകയുള്ളു. പ്രൈമറി ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള നാലു സബ് സെന്ററുകൾ ഉള്ളതിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നത് വാടകകെട്ടിടങ്ങളിലാണ്. അവിടെ എത്രയും വേഗം സ്വന്തം കെട്ടിടങ്ങളും മറ്റുസൗകര്യങ്ങളും ഏർപ്പെടുത്തുക. നിലവിലുള്ള മുളയം സബ് സെന്ററിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ശുദ്ധജലവിതരണ സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്. ജനസംഖ്യാനുപാതികമായി ഈ പഞ്ചായത്തിന്നർഹതപ്പെട്ട രണ്ടു പ്രൈമറി ഹെൽത്ത് സെന്ററുകൾ കൂടി അനുവദിക്കുക. കൂടാതെ ഏറ്റവും അത്യാവശ്യമായി പരിസര ശുചീകരണ ബോധവൽക്കരണം, മാതൃശിശു സംരക്ഷണം, കുടുംബ ക്ഷേമപ്രവർത്തനം, വനിതാക്ഷേമ പ്രവർത്തനം, പ്രതിരോധകുത്തിവെയ്പുകൾ, വിവിധ തരത്തിലുള്ള ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ഫലവത്തായി നടത്തുന്നതിന് ഒരു വാഹനം ഹെൽത്ത് സെന്ററിന് അത്യാവശ്യമായി അനുവദിക്കേണ്ടതാണ്.

ഹോമിയോ ഡിസ്പെൻസറിക്ക് സ്വന്തമായി സ്ഥലവും കെട്ടിട സൗകര്യങ്ങളും ഉണ്ടാക്കുക. ഹെൽത്ത് വിസിറ്ററെ നിയമിക്കുക. നിലവിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലും ഹോമിയോ ചികിത്സാ സൗകര്യം ഉണ്ടാക്കുക. ഹോമിയോ ഡിസ്പൻസറിയോടനുബന്ധിച്ച് ക്വാർട്ടേഴ്സ് നിർമ്മിക്കുക എന്നിവയും പ്രധാന ആവശ്യങ്ങളാണ്.

ആയുർവേദ ചികിത്സാ സൗകര്യം നല്കുന്നതിനായി ആയുർവേദ ആസ്പത്രി ഈ പഞ്ചായത്തിന് അടിയന്തരമായി അനുവദിക്കേണ്ടതാണ്.

പ്രകൃതി ചികിത്സാ സൗകര്യം പ്രചരിപ്പിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഈ പഞ്ചായത്തിലും ഉണ്ടാകണം.

## കുടിവെള്ളം

**പ്രശ്നങ്ങൾ:-**

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും മറ്റു ചില പ്രദേശങ്ങളിലും ജല ദൗർലഭ്യം മാസങ്ങളോളം രൂക്ഷമായി അനുഭവപ്പെടുന്നത്.

നിലവിലുള്ള പൊതുവാട്ടർ ടാപ്പുകളിൽക്കൂടിയുള്ള ജലവിതരണത്തിലെ അപര്യാപ്തത.

ജലസംഭരണ ടാങ്കുകളുടെ സംഭരണ ശേഷിയിലെ അപര്യാപ്തത.

**പരിഹാര നിർദ്ദേശങ്ങൾ**

- വാട്ടർ അതോറിറ്റി സർവ്വേ നടത്തിക്കഴിഞ്ഞ മത്തായിചിറ പദ്ധതി നടപ്പിലാക്കുക.
- മുളയം-കൊഴുക്കുള്ളി വാട്ടർ സപ്ലൈ സ്ക്രീം നടപ്പിലാക്കുക
- മുളയം-കോക്കാംകുന്ന് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
- മൂർക്കം കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
- അയ്യൻ കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
- മണലിപ്പുഴ വെള്ളം എരവിമംഗലം വായനശാലക്കു സമീപം വാട്ടർ ടാങ്ക് നിർമ്മിച്ച് അതിൽ സംഭരിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.
- ഒല്ലൂക്കര പഞ്ചായത്തിന്റെ കീഴിലുള്ള ശുദ്ധജല ടാങ്കിൽ നിന്നും കണക്ഷൻ നല്കി നടത്തറ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽപെട്ട പ്രദേശങ്ങളിൽ ജലവിതരണ സൗകര്യം ഏർപ്പെടുത്തുക.
- നീലക്കുളം പദ്ധതി നടപ്പിലാക്കി ജലം ശുദ്ധീകരിച്ച് നിലവിലുള്ള വാട്ടർ ടാങ്കിനോടനുബന്ധമായി ഫിൽട്ടർ പ്ലാന്റും, ഹൈലെവൽ ടാങ്കും നിർമ്മിക്കുക.

- കുഴൽ കിണറുകൾ ഇനിയും കൂടുതൽ അനുവദിക്കുക.
- പോലുക്കായലിൽ നിന്നും വെള്ളം പമ്പുചെയ്ത് നിലവിലുള്ള വാട്ടർ സപ്ലൈ കാര്യക്ഷമമാക്കുക
- കിണറുകൾ കുഴിക്കുന്നതിന് ദുർബ്ബല വിഭാഗങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.
- നടത്തറ പഞ്ചായത്തിൽ വാട്ടർ അറോറിറ്റിയുടെ 2nd Investigation report -നടപ്പിലാക്കുക.

**സാനിറ്റേഷനും പരിസര ശുചീകരണവും**

- സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- പഞ്ചായത്തിലെ പ്രധാന കവലകളിൽ കുന്നുകൂടുന്ന ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന്നു വേണ്ട സൗകര്യം ഏർപ്പെടുത്തുക.
- ചപ്പുചവറുകൾ ഇടുന്നതിനായി ''ചവറ്റു തൊട്ടികൾ '' സ്ഥാപിക്കുക. ചവറുകൾ നീക്കം ചെയ്യുന്നതിനുള്ള വാഹനം അനുവദിക്കുക. ചപ്പുചവറുകൾ നശിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പഞ്ചായത്ത് അറവുശാലകൾ സ്ഥാപിക്കുകയും അറക്കുന്നതിന്നും വിൽക്കുന്നതിനും ലൈസൻസ് ഏർപ്പെടുത്തി അനധികൃത മാംസ വില്പന നിയന്ത്രിക്കുക.
- പ്രധാനപ്പെട്ട കവലകളിൽ മത്സ്യവിപണന (Mini market) കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- പരിസര ശുചീകരണ ബോധവൽക്കരണം സ്കൂളുകൾ, ഓഫീസുകൾ, കോളനികൾ എന്നീ സ്ഥലങ്ങൾ മുഖേന പ്രചരിപ്പിക്കുക.



# ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

കൂടുതൽ ശക്തരായ വന്യജീവികൾ; അവയെ മനഷ്യർ പേടിക്കുക തന്നെ ചെയ്തു. ബുദ്ധി കൊണ്ട് അവയെ നേരിടാൻ അവൻ ശ്രമിച്ചുകൊണ്ടേയിരുന്നു. കായ്ഖനികൾ ഭക്ഷിച്ചും നായാടിയും അലഞ്ഞുതിരിഞ്ഞിരുന്ന മനുഷ്യൻ സുരക്ഷിതമായ സ്ഥലത്ത് സ്ഥിരമായി ജീവിച്ചുതുടങ്ങി. പ്രകൃതിയുടെ ചാക്രിക മുന്നേറ്റങ്ങൾക്കുമുമ്പിൽ കമ്പിലും പുല്ലിലും പടുത്ത വീടുകൾ പ്രതിരോധം തീർത്തു. പിൻമറഞ്ഞ യുഗങ്ങളിലൂടെ വർത്തമാനത്തോളമായി.

നടത്തറ ഗ്രാമപഞ്ചായത്തിലെ പാർപ്പിട സ്ഥിതി സാമാന്യം തൃപ്തികരമാണ്. മൊത്തം കെട്ടിടങ്ങളുടെ എണ്ണവും ജനസംഖ്യയും താരതമ്യം ചെയ്യുമ്പോൾ നാലുപേർക്ക്– ഒന്ന് എന്ന സാമാന്യം ഭേദപ്പെട്ട രീതിയാണ് നിലവിലുള്ളത്. 7076–പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഈ വസ്തുതയും വാർഡുതിരിച്ചുള്ള കണക്കുകളുടേയും പിൻബലത്തിൽ വീണ്ടും പുനർചിന്തനം നടത്തുമ്പോൾ ചില വാർഡുകളിൽ പാർപ്പിടം പ്രശ്നമാകുന്നു.

ഇതിൽ 2015–ൽ പരം വീടുകൾ നികുതി ഒഴിവുള്ള മോശപ്പെട്ട വീടുകളാണ്. പഞ്ചായത്തിൽ 845 –വീടുകൾക്ക് 4–വർഷത്തിനുള്ളിൽ പുതിയ നമ്പർ അനുവദിച്ചിട്ടുണ്ട്. കണക്കുകൾ പരിശോധിച്ചാൽ മാസത്തിൽ ഈ പ്രദേശത്ത് 18 വീടുകൾ വെച്ച് പെരുകുന്നതായി കണക്കാക്കാം. ഇത് പഞ്ചായത്തിന്റെ പാർപ്പിട പ്രശ്നത്തിന്റെ ഭാവി പദ്ധതികളിൽ വിലയിരുത്തേണ്ടതാണ്.

ഇക്കഴിഞ്ഞ 4 വർഷം കൊണ്ട് നിർമ്മിച്ചതിൽ കൂടുതൽ വീടുകൾ എങ്കിലും അടുത്ത 5 വർഷം കൊണ്ട് നിർമ്മിക്കേണ്ടിവരും എന്നത് നിശ്ചയമാണ്. ഇവരിൽ ഭൂരിഭാഗവും ദുർബല, സാമ്പത്തിക സ്ഥിതിയുള്ളവരാണ്. ഇവരിൽ 40% പേർക്കെങ്കിലും പൂർണ്ണമായോ ഭാഗികമായോ സാമ്പത്തിക സഹായം ചെയ്യേണ്ടവരാണ്. പഞ്ചായത്തിൽ ഹൗസിങ് സൊസൈറ്റികൾ നിലവിലില്ല. വിവിധ പുറംമ്പോക്കുഭൂമികളിൽ താമസിക്കുന്നവരും ഉള്ള സ്ഥലത്ത് മറ്റൊരു വീട് വെയ്ക്കാൻ സ്ഥലസൗകര്യമില്ലാത്തവരുമായ ചുരുങ്ങിയത് 500 പേരെയെ

**വീടുകളുടെ സാമാന്യവിവരം**

| വാർഡ് | മൊത്തം വീടുകൾ | ഒന്നിൽ കൂടുതൽ നിലയുള്ളത | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 1009 | 50 | 240 | 346 | 371 | 32 |
| II | 705 | 20 | 110 | 290 | 225 | 60 |
| III | 475 | 40 | 130 | 170 | 62 | 13 |
| IV | 492 | 26 | 110 | 250 | 83 | 23 |
| V | 895 | 40 | 102 | 350 | 359 | 44 |
| VI | 594 | 50 | 254 | 240 | 55 | 42 |
| VII | 793 | 65 | 59 | 303 | 360 | 26 |
| VIII | 672 | 103 | 210 | 206 | 133 | 15 |
| IX | 589 | 62 | 150 | 200 | 138 | 39 |
| X | 626 | 86 | 180 | 205 | 140 | 15 |
| XI | 456 | 56 | 144 | 120 | 56 | 50 |
| XII | 673 | 156 | 208 | 202 | 72 | 41 |

ങ്കിലും ഭൂമി കൊടുത്ത് സഹായിക്കേണ്ടതായുണ്ട്. ഭവനനിർമ്മാണത്തിന് 1000-ത്തിൽ പരം പേർ സാമ്പത്തിക സഹായം അന്വേഷിക്കുന്നുണ്ട്.

ഈ രംഗത്ത് കഴിഞ്ഞ പഞ്ചായത്തുഭരണസമിതികൾ കാണിച്ച ശുഷ്കാന്തി ശ്രദ്ധേയമാണ്. 1972-ൽ ലക്ഷം വീടുപദ്ധതിയിൽ 100-വീടുകൾ ആദ്യമായി പൂർത്തിയാക്കിയത് നടത്തറ പഞ്ചായത്താണ്. ലക്ഷം വീട് പദ്ധതിയുടെ താക്കോൽദാനം നിർവ്വഹിച്ചത് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രസിഡന്റ് ശ്രീ. V.V. ഗിരി അവർകളാണ്. പൂച്ചട്ടിയിൽ 56 കുടുംബങ്ങൾക്ക് ഭൂമിവിതരണം ചെയ്തിട്ടുണ്ട്. കൊഴുക്കുള്ളിയിൽ 78 കുടുംബങ്ങൾക്ക് ഭൂമി നല്കുകയുണ്ടായി. കാച്ചേരിയിൽ 75 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഹരിജനങ്ങളിൽ സ്വന്തം ഭൂമിയുള്ള ആവശ്യകാർക്ക് വീടുകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിന് I.A.Y തുടങ്ങിയുള്ള പദ്ധതികൾ കൊണ്ട് സാധിക്കുന്നുണ്ട്. ജനറൽ വിഭാഗത്തിൽ 50-ൽ പരം കുടുംബങ്ങളെ മാത്രമെ സഹായിക്കുന്നതിന് കഴിഞ്ഞിട്ടുള്ളൂ.

പാർപ്പിട നിർമ്മാണരംഗത്ത് പരിമിതമെങ്കിലും സുസ്തർഹ്യമായ സേവനം K.E.SS നടത്തിവരുന്നു. ഇവരുടെ തൃശ്ശൂർ സംയോജിത ഗ്രാമ വികസനപദ്ധതി (TIDEP) അനുസരിച്ച് വീടിന്റെ അറ്റകുറ്റപണികൾക്കും വീടുപണിയുന്നതിനും സാനിറ്ററി സൗകര്യങ്ങൾക്കും സാമ്പതീക സഹായം നൽകിവരുന്നുണ്ട്.

പ്രാദേശിക പരിസ്ഥിതി ഘടകങ്ങൾ വിലയിരുത്തിയും പ്രാദേശിക വിഭവങ്ങൾ പരിഗണിച്ചും വീടുകൾ നിർമ്മിക്കുക എന്ന രീതി അന്യം നിന്നുപോയിരിക്കുന്നു. പരമ്പരാഗത വാസ്തുശില്പമാതൃകകൾ തച്ചുടച്ച് കോൺക്രീറ്റ് സൗധങ്ങൾ തീർക്കുന്നത് സാധാരണമായിരിക്കുന്നു. പഴയ വീടുകൾ നിലനിർത്തുന്നതിനും അറ്റകുറ്റപണികൾക്കും വേണ്ടിവരുന്ന ഭീമമായ ചിലവ് പഴമയുടെ നിലനില്പനുവേണ്ടി വാദിക്കുന്നവർ വിസ്മരിക്കുന്നു എന്നുതന്നെ വിലയിരുത്താം. പരമ്പരാഗത ഗൃഹനിർമ്മാണ ശൈലിയിലെ മുഖ്യഘടകമായ മരത്തിന്റെ ഉയർന്നവിലയും ദൗർലഭ്യവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുകൊണ്ടുകൂടിയാണ് കോൺക്രീറ്റ് സൗധത്തെ സാധാരണമാക്കുന്നത്. ഇങ്ങനെയൊക്കെയാണെങ്കിലും പുതിയ കോൺക്രീറ്റ് കെട്ടിടങ്ങളും നിർമ്മിതിയ്ക്കായി വരുന്ന വമ്പിച്ച ധൂർത്തിന് യാതൊരു ന്യായീകരണവും ഇല്ല. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് ഓർക്കാപ്പുറത്ത് ഏറ്റുവാങ്ങേണ്ടിവരുന്ന ഇരുട്ടടിയായി മാറാറുണ്ട്. പഞ്ചായത്ത് പ്രധാന നിർമ്മാണ മേഖലയാണ് എങ്കിൽ കൂടി കല്ല്, ഇഷ്ടിക, മണൽ എന്നിവയ്ക്ക് വലിയ വില നൽകേണ്ടിവരുന്നു. വാഹന കൂലി ഇനത്തിലുണ്ടാവുന്ന ഇളവ് മാത്രമാണ് ഏക ആശ്വാസം. ഒരു വീടിന്റെ നിർമ്മാണഘട്ടത്തിൽ കണക്കാക്കുന്ന നിർമ്മാണചിലവിന്റെ 15% വർദ്ധനവ് മിനിമം സമയത്തിനുള്ളിൽ വീടു പൂർത്തിയാക്കിയാൽ തന്നെ നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവുമൂലം ഉണ്ടാകുന്നു. പരിമിതികൾ ഇതൊക്കെയാണെങ്കിലും സൗകര്യങ്ങളോടുകൂടിയുള്ള അറ്റാച്ച്ഡ് വീടുകൾ നിർമ്മിക്കാനാണ് നിവാസികൾ ശ്രമിക്കുന്നത്. ഈ പ്രവണത കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത തകർക്കുന്നതായും കാണാം.

ഇവിടെയാണ് ചിലവുകുറഞ്ഞ വീടുകളുടെ പ്രസക്തി. നിർമ്മിത കേന്ദ്രം, Cost ford തുടങ്ങിയ ഏജൻസികളുടെ വ്യാപനവും മറ്റുമാർഗ്ഗങ്ങൾ തേടിയുള്ള അന്വേഷണവും ത്വരിതപ്പെടുത്തണം. പരിസ്ഥിതിക്കിണങ്ങുന്ന ഗൃഹനിർമ്മാണം, ജീവിത രീതി എന്ന നിലയിൽ വ്യാപിച്ചാൽ മാത്രമെ ഗൃനിർമ്മാണ മേഖലയിലെ അനാശാസ്യമായ ധൂർത്ത് അവസാനിപ്പിക്കാൻ കഴിയൂ.

ഗൾഫുകാരുടേയും സാമ്പത്തീകമായി ഉയർന്നവരുടേയും മറ്റും വീടുനിർമ്മാണം കോൺട്രാക്ടുമാരെ ഏല്പിക്കുന്നുണ്ട്. ഗൃഹനിർമ്മാണ മേഖലയിലെ തൊഴിലാളികൾ അസംഘടിത വിഭാഗത്തിൽ പെടുന്നു. ഈ രംഗത്ത് വിദഗ്ദ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു.

**തൊഴിൽ നിരക്ക്**

| വർഷം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1985 | 20 രൂപ | 30 രൂപ |
| 1995 | 70 രൂപ | 100 രൂപ |
| 1996 | 85 രൂപ | 130 രൂപ |

മുകളിൽ കാണിക്കുന്ന പട്ടിക പ്രകാരം കൂലി നിരക്ക് 10 വർഷം കൊണ്ട് 6.5 മടങ്ങ് ഉയർന്നു എന്നു കാണാം.

കേരളത്തിലാകമാനം ദൃശ്യമാകുന്ന മറ്റൊരു പ്രവണത പുരയിടഭൂമിയുടെ ക്രമാതീതമായ വില വർദ്ധനവാണ്. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് ഭൂമിയ്ക്കുണ്ടായ വിലവർദ്ധനവിന്റെ കാരണമന്വേഷിച്ച് ഗൗരവതരമായ ഒരു പഠനം അനിവാര്യമാണ്. ശ്രദ്ധേയമായ മറ്റൊരുവസ്തുത 4 വർഷംകൊണ്ട്

നിർമിക്കപ്പെട്ട 845 വീടുകളിൽ 539 എണ്ണം കോൺക്രീറ്റ് വീടുകളാണ് എന്നുള്ളതാണ്.

**പ്രശ്നങ്ങൾ**

1. കെട്ടിട നിർമ്മാണ സാമഗ്രികൾ ഭൂമി എന്നിവയുടെ ഉയർന്ന വില

2. ചെലവുകുറഞ്ഞ വീടുകളോടുള്ള താല്പര്യകുറവ്

3. ഗൃഹനിർമ്മാണ വായ്പകളെകുറിച്ചുള്ള അറിവില്ലായ്മയും അവ ലഭിക്കാനുള്ള ബുദ്ധിമുട്ടും.

4. നിർമ്മാണ ചെലവിന്റെ വർദ്ധനവ്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ ഗൃഹരഹിതമായ ദുർബലവിഭാഗക്കാരെ സർവെ നടത്തികണ്ടെത്തുക. വായ്പാ പദ്ധതികൾ വഴി പദ്ധതി കാലഘട്ടത്തിൽ അവർക്കുള്ള വീടു നിർമ്മിച്ചുകൊടുക്കുന്നതിനുള്ള സമഗ്രപദ്ധതി ആസൂത്രണം ചെയ്യുക.

2. പുറംപോക്കു നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലദൗർലഭ്യം കണക്കിലെടുത്ത് Housing complex-കൾ ആരംഭിക്കുക.

3. ചെലവുകുറഞ്ഞ ഗൃഹനിർമ്മാണ രീതികളെ കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുക.

4. ഗൃഹനിർമ്മാണ വായ്പാദ്ധതികളുടെ ഇൻഫർമേഷൻ കൗണ്ടർ പഞ്ചായത്തിൽ ആരംഭിക്കുക.

5. T.U.D.A. അനുമതിക്ക് വിധേയരായി K.B.R നടപടികൾ സാധാരണക്കാരന്റെ സൈ്വരം കെടുത്തുന്നു. T.U.D.A.-യിൽ നിന്നും നടത്തറയെ ഒഴിവാക്കുക.

## സാമൂഹ്യക്ഷേമം

ദേശിയതലത്തിൽ മികച്ച സാമൂഹ്യ സുരക്ഷിതത്വ ശൃഖല കേരളത്തിന് സ്വന്തമായുണ്ട്. I.R.D.P, D.W.C.R.A, Trysem, R.A.P,—SF/MF എന്നീ പദ്ധതികൾ നിലവിലുണ്ട്.

**I.R.D.P.**

സർവേ അനുസരിച്ച് 3176 കുടുംബങ്ങളാണ് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളത്. അതിൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് 287 കുടുംബങ്ങളെ സഹായിച്ചിട്ടുണ്ട്. 151 കുടുംബങ്ങൾ ഇതിൽ പട്ടിക വർഗ്ഗത്തിൽ പെടുന്നു. അടുത്ത പഞ്ചവത്സരപദ്ധതിയിൽ പൂർണ്ണമായ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കഴിയണം.

വിശദാംശങ്ങൾക്ക് പട്ടിക കാണുക.

I.R.D.P പദ്ധതി ആവിഷ്കർത്താക്കൾ ഉദ്ദേശിച്ച രീതിയിൽ വിജയിച്ചിട്ടുണ്ടോ എന്നതു സംശയമാണ്. താഴെതട്ടിലെത്തുമ്പോൾ ലക്ഷ്യബോധമുള്ള ഈ പദ്ധതി തലതിരിഞ്ഞുപോകുന്നു. തിരിച്ചടയ്ക്കേണ്ടാത്ത കടം എന്ന് ഈ പദ്ധതിയ്ക്ക് അർത്ഥഭേദം കൊടുത്തവർ; പദ്ധതിയുടെ ദിശാബോധം നഷ്ടപ്പെടുത്തിയിരിക്കുന്നു.

**ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ**

ട്രൈസം:-

ഗ്രാമീണ യുവതീയുവാക്കൾക്ക് ചെറുകിട വ്യവസായസംരഭങ്ങൾ ആരംഭിക്കുന്നതിന് സാങ്കേതിക പരിശീലനം നൽകുന്നതാണ് ട്രൈസം - ഇതിൽ 40% പട്ടികജാതി/വർഗ്ഗക്കാരും, 40% വനിതകളും , 10% വികലാംഗരും ആയിരിക്കണം

| വാർഡ് | Survey പ്രകാരം കണ്ടെത്തിയ വീടുകൾ | ഇതിൽ S.CST/ST | സഹായം ലഭിച്ചകുടുംബങ്ങൾ | ഇതിൽ S.CST/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖ തരണം ചെയ്തവർ | ബാക്കി |
|---|---|---|---|---|---|---|
| 1 | 506 | 23 | 30 | 14 | 3 | 476 |
| 2 | 204 | 21 | 26 | 12 | 2 | 270 |
| 3 | 164 | 11 | 22 | 22 | 10 | 142 |
| 4 | 152 | 5 | 20 | 12 | 2 | 132 |
| 5 | 460 | 33 | 46 | 30 | 5 | 414 |
| 6 | 282 | 35 | 41 | 35 | 6 | 241 |
| 7 | 342 | 20 | 32 | 12 | 8 | 310 |
| 8 | 122 | 13 | 13 | 5 | 2 | 109 |
| 9 | 204 | 5 | 11 | 4 | 3 | 193 |
| 10 | 334 | 29 | 32 | 14 | 3 | 302 |
| 11 | 187 | 3 | 15 | 3 | 2 | 172 |
| 12 | 129 | 2 | – | – | – | – |

താഴെ കാണുന്ന പട്ടിക അനുസരിച്ച് 49 പേർ ഈ പദ്ധതി അനുസരിച്ച് ഇക്കഴിഞ്ഞ 5. വർഷം കൊണ്ട് നേരിട്ട് തൊഴിൽ നേടിയതായി കാണാം.

പഞ്ചായത്തിലെ ദരിദ്രരായ മുഴുവൻ യുവാക്കൾക്കും പരിശീലനം ലഭിക്കുന്നതിന് അതിവിപുലമായ രീതിയിൽ ട്രൈനിംഗ് സൗകര്യം അടുത്ത

**ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | Powerloom | 9 | 5 | 4 | - |
| | Welding | 1 | 1 | - | -. |
| | Printing | 1 | 1 | - | - |
| | Leather works | 3 | 2 | 1 | - |
| II | Tailaring | 1 | 1 | - | - |
| | Welding | 1 | 1 | - | - |
| | Tractor Driving | 1 | - | 1 | - |
| | Handloom | 4 | 4 | Nil | - |
| | Bookkeeping | 1 | - | 1 | - |
| III | Radio repairing | 1 | - | 1 | - |
| | Composing | 1 | 1 | 1 | - |
| | Diomond cutting | 2 | - | 2 | - |
| | Plumbing | 1 | 1 | - | - |
| | Leather works | 4 | 4 | Nil | - |
| | Tailoring | 1 | 1 | - | - |
| | Sheet Metal | 1 | 1 | 1 | - |
| | Welding | 1 | 1 | - | - |
| IV | Radio | 1 | - | 1 | - |
| | Diomand cutting | 1 | - | 1 | - |
| | Photography | 1 | 1 | - | - |
| | Handloom | 6 | 6 | Nil | |
| V | Fitting | 1 | - | 1 | |
| | Powerloom | 3 | 3 | - | |
| | Diomond cutting | 2 | - | 2 | |
| | Carperntry | 1 | 1 | 1 | |
| | Watch Repairing | 1 | 1 | - | |
| | Business Management | 1 | - | 1 | |
| | Leather works | 3 | 2 | 1 | |
| VI | Carpentary | 1 | 1 | - | |
| VII | Umberlla works | 2 | 2 | - | |
| VIII | Handloom | 10 | - | 1- | |
| IX | - | - | - | - | |
| X | Workshop | 2 | - | 2 | |
| | Leather works | 4 | 4 | - | |
| | Wiring | 3 | - | - | |
| | Book Keeping & Ac/ | 1 | - | - | |
| | Diamond cutting | 1 | 1 | - | |
| | Tractor driving | 1 | 1 | - | |
| | Umbrella works | 3 | 1 | - | |
| XI | Umbrella works | 2 | 2 | - | |

അഞ്ചു വർഷക്കാലത്തേക്കായി രൂപപ്പെടുത്തണം.

**D.W.C.R.A. സഹായപദ്ധതി**

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. ഗ്രാമീണ വനിതകളുടെ സ്വാശ്രയത്വം വളർത്തുകയും സാമ്പത്തിക അഭിവൃദ്ധി കൈവരുത്തുകയും ആണ് ഇതിന്റെ ലക്ഷ്യം.

പഞ്ചായത്ത് പ്രദേശത്ത് മൂർക്കനിക്കര 4-ാം വാർഡിൽ ഒരു ഹാന്റ്‌ലൂം യൂണിറ്റ് 10 വനിതകളുടെ കർമ്മശേഷികൊണ്ട് നന്നായി പ്രവർത്തിച്ചു വരുന്നു. മറ്റൊരു യൂണിറ്റിന് നടത്തറയിൽ ശ്രമങ്ങൾ നടത്തുന്നു. ഓരോ വാർഡിലും ചുരുങ്ങിയത് ഒരു യൂണിറ്റെങ്കിലും അടുത്ത പദ്ധതിക്കാലത്ത് ആരംഭിക്കുവാനാകണം.

**R.A.P**

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഇക്കഴിഞ്ഞ പദ്ധതിയിൽ 26 പേരെയാണ് സഹായിച്ചിട്ടുള്ളത്. ഇപ്പോഴത്തെ കണക്കനുസരിച്ച് ആവശ്യക്കാർ 131 പേർ ആണ്. വരാനിരിക്കുന്ന 5 വർഷം കൊണ്ട് യോഗ്യരായ ഗ്രാമീണ കൈതൊഴിലുകാരെ സഹായിക്കാൻ പദ്ധതി ഉണ്ടാകണം.

R.A.P ഒറ്റനോട്ടത്തിൽ

പഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണസാനിറ്റേഷൻ അടുത്ത പദ്ധതികാലത്ത് ലക്ഷ്യമാക്കണം. ഇതിനുള്ള തുക മുൻഗണനാക്രമത്തിൽ വിലയിരുത്തി പ്രവർത്തിക്കുന്നത് ഗുണപരമാണ്. അതുപോലെ തന്നെ ചുറ്റുമതിലുകളില്ലാത്ത കിണറുകൾക്ക് അവ നിർമ്മിക്കുന്നതിന് സാമ്പതീകസഹായം നൽകുന്നതും ആരോഗ്യകരമയ സംഗതിയാണ്.

**വിവിധ പെൻഷൻ പദ്ധതികൾ**

സംസ്ഥാന സർക്കാരിന്റെ ഫണ്ടിനെ ആശ്രയിച്ചുള്ള വിവിധ വിഭാഗങ്ങൾക്കായുള്ള പെൻഷൻ പദ്ധതികൾ ഈ ചർച്ചയിൽ വരും. അതിനുപുറമെ തൊഴിലുടമകളുടേയും-തൊഴിലാളികളുടേയും കോട്രിബ്യൂഷൻ ഉള്ള 18 -ഓളം ക്ഷേമനിധികൾ ഇന്ന് നിലവിലുണ്ട്.

**ധനസഹായകണക്കുകൾ**

| ഇനം | എണ്ണം | തുക | തീരുമാനമായവ |
|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 53 | 75 രൂപവീതം | 102 |
| വിധവാ പെൻഷൻ | 19 | 75രൂപ വീതം | 26 |
| വികലാംഗ പെൻഷൻ | 10 | 100രൂപവീതം | 140 |
| കർഷക തൊഴിലാളി പെൻഷൻ | 55 | 70രൂപവീതം | 110 |

ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി(R.A.P)

| വാർഡ് നമ്പർ | IRDPസർവ്വേ പ്രകാരം ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനിസഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 | 8 | 1 | 7 |
| 2 | 12 | 4 | 8 |
| 3 | 13 | 2 | 11 |
| 4 | 11 | 2 | 9 |
| 5 | 10 | 3 | 7 |
| 6 | 9 | 5 | 4 |
| 7 | 15 | 2 | 13 |
| 8 | – | – | – |
| 9 | 43 | 5 | 38 |
| 10 | 4 | – | 4 |
| 11 | 32 | 2 | 30 |
| 12 | – | – | – |

## കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 നുശേഷം) | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 100 | 4 | 4 | 96 |
| II | 110 | 7 | 7 | 102 |
| III | 85 | 9 | 9 | 76 |
| IV | 80 | 11 | 11 | 69 |
| V | 225 | 26 | 26 | 199 |
| VI | 30 | 1 | 1 | 29 |
| VII | 75 | 6 | 6 | 69 |
| VIII | 20 | 1 | 1 | 19 |
| IX | 30 | 3 | 3 | 27 |
| X | 41 | 7 | 7 | 34 |
| XI | 30 | 11 | 11 | 19 |
| XIII | 20 | 4 | 4 | 16 |

## ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDPസർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ള വീട് | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| I | 53 | 6 | 6 | – | 47 |
| II | 70 | 17 | 14 | 3 | 53 |
| III | 35 | – | – | – | 35 |
| IV | 32 | 2 | 2 | – | 30 |
| V | 130 | 66 | 56 | 10 | 64 |
| VI | 38 | 13 | 11 | 2 | 25 |
| VII | 34 | 8 | 8 | – | 26 |
| VIII | 12 | 4 | 4 | – | 8 |
| IX | 21 | 1 | 1 | – | 20 |
| X | 35 | 7 | 7 | – | 28 |
| XI | 16 | 1 | 1 | – | 15 |
| XII | 5 | 1 | – | – | 4 |

ദാരിദ്ര നിർമ്മാർജ്ജന പരിപാടികളുടെ വരുമാനപരിധിയിൽ കാലോചിതമായ മാറ്റം അഭികാമ്യമാണ്. അർഹരായവർക്കു മാത്രം പെൻഷൻ നൽകുകയും അവ കൃത്യസമയത്ത് വിതരണം ചെയ്യുകയും വേണം.

പഞ്ചായത്തിൽ മൊത്തം 10 മഹിളാസമാജങ്ങൾ പ്രവർത്തിച്ചുവരുന്നു ഇവയിൽ നാലെണ്ണം മാത്രമാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്. ഫീഡിംഗ് നടത്തുന്ന 4 മഹിളാസമാജങ്ങളിൽ 3ബാലവാടികൾ ഉണ്ട്. പഞ്ചായത്തിലെ ഏക അങ്കനവാടി VII-ാം വാർഡിലാണ്. കൂടുതൽ നിർദ്ദേശങ്ങൾ വനിതാ ക്ഷേമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1.വിവിധ പദ്ധതികളെകുറിച്ചുള്ള പ്രചാരണത്തിന്റെ കുറവ്.

2.പദ്ധതിയുടെ ആനുകൂല്യം കുറച്ചുപേർക്കേ ലഭ്യമാകുന്നുള്ളു.

3. സഹായങ്ങളുടെ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം.

4. ട്രൈസം തൊഴിൽ പരിശീലനം നേടിയവർക്ക് തൊഴിലേകാൻ കഴിയുന്നില്ല.

5. ഗ്രാമീണ യുവതികളുടെ തൊഴിലില്ലായ്മ.

**സാധ്യതകൾ**

1. വിവിധ ക്ഷേമപദ്ധതികളെകുറിച്ച് ചടുലമായ പ്രചരണം നടത്തുക. നടപടികൾ സുതാര്യമാക്കുക. ഗ്രാമപഞ്ചായത്തുകളാണ് ഇതിന് മുൻകൈ എടുക്കേണ്ടത്.

2. വിവിധതരം തൊഴിൽ സംരഭകരെ സഹായിക്കുന്നതിന് കോ- ഓർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് സംവിധാനം നടപ്പിലാക്കുക.

3. D.W.C.R.A യൂണിറ്റുകൾ വർദ്ധിപ്പിക്കുക. ഉല്പന്ന വിപണിയ്ക്കായി ബ്ലോക്ക്-ജില്ലാതലങ്ങളിൽ സൗകര്യമൊരുക്കുക.

4. ക്ഷേമപദ്ധതികളുടെ വരുമാനപരിധി പുനർനിർണ്ണയിക്കുക.

ക്ഷേമപരിപാടികളുടെയും ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെയും അവലോകനം അപൂർണ്ണമാണ്. വിവിധ വകുപ്പുകളാണ് ഇവയിലെ വിതരണക്കാർ. വിശദമായ സാമൂഹിക-സാമ്പത്തിക സർവ്വേയ്ക്കുശേഷം ഇവയുടെ കൃത്യമായ രൂപം വെളിവാകൂ. ഇത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് പുനഃസംവിധാനം ചെയ്യപ്പെട്ടാൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കൂടുതൽ കാര്യക്ഷമമായി സംഘടിപ്പിക്കാനും സാധ്യമാകും.



# സംസ്ക്കാരം

മുപ്പത്തയ്യായിരത്തോളം ജനങ്ങൾ അധിവസിക്കുന്ന നടത്തറ ഗ്രാമപഞ്ചായത്തിന് മഹത്തായ സാംസ്കാരിക പൈതൃകമാണ് അവകാശപ്പെടാനുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദിശയിൽ പ്രാഥമിക വിദ്യാലയങ്ങളും ദേവാലയങ്ങളും അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും കന്യാസ്ത്രിമഠങ്ങളും പഞ്ചായത്തിൽ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. കുമരപുരം രാജകുടുംബത്തിലെ അംഗമായ സുപ്രസിദ്ധനായ കവി K.K. രാജ അവർകളും സംസ്കൃതപണ്ഡിതനായ കുഞ്ചുണ്ണി രാജായും നമ്മുടെ പഞ്ചായത്തിന് വളരെയധികം സംഭാവനകൾ സാംസ്കാരിക വളർച്ചയ്ക്കുവേണ്ടി നൽകിയിട്ടുണ്ട്.

ദേശീയ നവോത്ഥാന പ്രസ്ഥാനം, ഗ്രന്ഥശാലകൾ, യൂണിയനുകൾ, കലാസാംസ്കാരിക സമിതികൾ, സാഹിത്യകാരന്മാർ, സാമൂഹ്യസേവന സംഘടനകൾ എന്നിവ സാംസ്കാരികമേഖലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കി. ഇതിൽ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സാമ്പത്തിക പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചതും പ്രേരകശക്തിയായി തീർന്നതുമായ ഒന്നായിരുന്നു നടത്തറ ഗ്രാമോദ്ധാരണകേന്ദ്രം. സഹകരണം, ഖാദിപ്രവർത്തനം, സാക്ഷരത എന്നീ മേഖലകളിൽ ഈ സ്ഥാപനം ദീർഘകാലം മുൻപന്തിയിൽ തന്നെ ഉണ്ടായിരുന്നു.

### ജാതിമതഘടന

പഞ്ചായത്തിലെ മൊത്തം ജനങ്ങളിൽ 60% ഹിന്ദുക്കളും 38% കൃസ്ത്യാനികളും 2% ഇസ്ലാംമതവിഭാഗക്കാരുമാണ്. വിവിധ ജാതിമതവിഭാഗക്കാർ തിങ്ങിപ്പാർക്കുന്ന പഞ്ചായത്തിൽ പ്രത്യേകമായി എടുത്തുപറയേണ്ട ഗിരിജനവിഭാഗം, കാട്ടുമൂപ്പൻമാർ, കൊങ്ങിണിവിഭാഗക്കാർ (കുംഭാരന്മാർ) നിലവിലുണ്ട്. ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യത്യസ്തമാണെങ്കിലും ജനങ്ങളുടെ ജീവിതരീതി മതസൗഹാർദത്തിന് നല്ലൊരു മാതൃകയാണ്.

### ഉൽസവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ.

ഇരവിമംഗലം സുബ്രമണ്യക്ഷേത്രത്തിലെ ഷഷ്ഠിമഹോൽസവം ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ഉൽസവമാണ്. വൃശ്ചികമാസത്തിലെ ഷഷ്ഠിനാളിൽ ഇരവിമംഗലം, കിഴക്കുംമുറി, വടക്കുംമുറി, പടിഞ്ഞാട്ടുമുറി, എളംതുരുണി, പുഴമ്പള്ളം, പോലൂക്കര എന്നീ പ്രദേശങ്ങളിൽ നിന്നുള്ള വിവിധ കാവടി സമാജങ്ങളും ചേർന്ന് അമ്പലകാവടി, പൂക്കാവടി, എഴുന്നെള്ളിപ്പ്, പഞ്ചവാദ്യം, മേളം, നാദസ്വരം, ബാന്റ് വാദ്യം, കരിമരുന്ന് പ്രയോഗം എന്നിവ നടന്നുവരുന്നു.

ക്ഷേത്രങ്ങളിലെ ഉത്സവസന്ധ്യകളിൽ നാടകങ്ങൾ, കഥാപ്രസംഗം, ഗാനമേള, മാജിക്, ഓട്ടൻതുള്ളൽ, കൂത്ത്, നൃത്തനൃത്ത്യങ്ങൾ, ഭജനകൾ തുടങ്ങിയവ അരങ്ങേറാറുണ്ട്. ഓണം, വിഷു, പൂജവെപ്പ്, തിരുവാതിര എന്നീ ആഘോഷങ്ങളോടൊപ്പം പൂക്കളമത്സരം, കൈക്കൊട്ടികളി, തിരുവാതിരകളി, കുമ്മാട്ടികളി ഇവയെല്ലാം നടന്നുവരുന്നു. കുംഭാരൻ വിഭാഗക്കാരുടെ മാരിയമ്മൻ പൂജയും അതിനോടനുബന്ധിച്ചുള്ള ഘോഷയാത്രയും തിരുവാണിക്കാവ് കുംഭഭരണിയോടനുബന്ധിച്ച് നടത്തുന്ന നാടിളക്കൽ, തുള്ളൽ എന്നിവയും പ്രസിദ്ധമാണ്.

ക്രൈസ്തവ മതവിഭാഗത്തിൽപെട്ട ജനങ്ങൾക്ക് വ്യത്യസ്ത സമുദായം ആയിട്ടാണെങ്കിലും പള്ളികളും ആരാധനഹാളുകളും ഉണ്ട്. പള്ളികളിൽ വിവിധതരത്തിലുള്ള പെരുന്നാളുകളും ആഘോഷിക്കുകയും ക്രിസ്തുമസ്, ന്യൂഇയർ, ഈസ്റ്റർ എന്നിവയും പഞ്ചായത്തിൽ സമുചിതമായി ആഘോഷിച്ചുവരുന്നു. വർണ്ണപട്ടുകുടകൾ, ബാന്റ് വാദ്യം, വൈദ്യുത അലങ്കാരതേര്, കരിമരുന്നു പ്രയോഗം

ക്കന്നതിനാൽ ഉണ്ടായിരുന്നുണ്ട്.

മുസ്ലിംമതവിഭാഗക്കാർക്ക് ഈ പഞ്ചായത്തിൽ ള്ളി ഇല്ല. റംസാൻ, ഈദുൽ ഫിത്തർ എന്നിവ ക്തിയോടെ ആചരിച്ചുവരുന്നു. കൂടാതെ ചന്ദന ുടം എന്ന നേർച്ചയും അവർ നടത്താറുണ്ട്. ിതിന് ആനയും മുത്തുകുടകളും കുരുത്തോല താരണങ്ങളും ഉപയോഗിക്കുന്നു.

**ൃചാരങ്ങളും അനുഷ്ഠാനങ്ങളും**

പഞ്ചായത്തിൽ ധാരാളം കാവുകളും അമ്പല ങ്ങളും ഉണ്ട്. സർപ്പ പ്രീതിയ്ക്കും സർപ്പദോഷപ ിഹാരത്തിനുമായി കന്നിമാസത്തിലെ ആയില്ല്യം ാളിൽ ബ്രാഹ്മണ പുരോഹിതരെകൊണ്ട് നാഗ ങ്ങൾക്ക് പഴവും പാലും നൽകി പാമ്പും കാവു ൾ ശുദ്ധീകരിക്കുന്ന ഒരു ചടങ്ങ് നിലവിലുണ്ട്. ർഷകരുടേയും സമൂഹത്തിന്റെയും ഐശ്വര്യ

ത്തിനായിട്ടുളളതും ഉണ്ട്. കർഷകർ നെല്ല് കൊയ്ത്ത് തുടങ്ങുന്നതിന് മുമ്പ് ആചാരപ്രകാരം ഒരു പിടിക തിർ ഭക്തിയോടുകൂടി സംഭരിച്ച് വെയ്ക്കുന്ന ചട ങ്ങാണിത്. ബ്രാഹ്മണസമൂഹം നടത്തിവരാറുള്ള ആചാരമാണ് ശാസ്ത്രപ്രീതി പൂജ. ഈ ദിനത്തിൽ സമൂഹസദ്യയും നടക്കാറുണ്ട്.

**കലാസാംസ്കാരിക സ്ഥാപനങ്ങൾ**

കലാസംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്ന ഒട്ടനവധി സംഘടനകൾ നിലവിലുണ്ട്. എങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നത് വിരലിലെണ്ണാ വുന്നവയാണ്. പഞ്ചായത്ത് സ്വന്തം സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് കൊടുത്ത T.V.സെറ്റ് ഉള്ള അഞ്ച് സാംസ്കാരിക നിലയങ്ങൾ പ്രവർത്തിച്ചുവരുന്നു. 1. ഞാറക്കുറ ഗിരിജൻ കോളനി 2. മുളയം ഹരി ജൻ കോളനി 3. കൊഴുക്കുള്ളി ഹരിജൻ കോളനി.

## പള്ളികൾ പെരുന്നാളുകൾ

| | |
|---|---|
| വലക്കാവ് പള്ളി | അടുത്തകാലത്ത് ജനപങ്കാളിത്തത്തോടെ പണിക ഴിപ്പിച്ചത്. ഊട്ട് വഴിവാട് പ്രധാനമാണ്. |
| ചേരുംകുഴി പള്ളി | ഏകദ്ദേശം 38 വർഷങ്ങൾക്കു മുമ്പ് കരിങ്കൽ കൊണ്ട് പണിതത്. |
| ചവറാം പാടം പള്ളി | പെന്തകൊസ്തുകാരുടെ ബ്രദറൻ ഹാൾ, താളി ക്കുണ്ട് ബ്രദറൻ ഹാൾ. |
| ചാലാംപാടംഇവാൻജലിക്കൽ പള്ളി | |
| C.S.I. പള്ളി, വലക്കാവ് | |
| മുളയം പള്ളി | |
| നടത്തറ തിരുഹൃദയ പള്ളി | പുതിയതായി പണിയിച്ചത് |
| | 1920–ൽ സ്ഥാപിതമായത്. നവമ്പർ മൂന്നാം ഞായ |
| നെല്ലികുന്ന് C.S.I. പള്ളി | റാഴ്ച്ച തിരുന്നാൾ കൊണ്ടാടും. |
| ബ്രദറൻ ഹാൾ (ബിയോൺ) | ന്യൂ ഇയർ ആഘോഷം നടത്തുന്നു. |
| സെൻ മേരീസ് ചർച്ച്, (മെഡോണ) | നവ: 17–ന് പെരുന്നാൾ ആഘോഷിക്കുന്നു. |
| എരവിമംഗലം പള്ളി | മകരമാസത്തിലെ അമ്പുപെരുന്നാൾ ആഘോഷി ച്ചുവരുന്നു. |

| ക്ഷേത്രങ്ങൾ | ഉത്സവങ്ങൾ/വിശേഷങ്ങൾ |
|---|---|
| ശ്രീകണ്ഠേശ്വര ക്ഷേത്രം I | വളരെ പഴക്കം ചെന്ന ക്ഷേത്രം. എടകുന്നിവാരിയത്തെ ദിവാൻ ശങ്കരവാര്യരുടെ കുടുംബക്കാരുടെ വകയാണ്. |
| അച്ചൻ കുന്ന് അമ്പലം II | പ്രസിദ്ധമായ പാലിയത്ത് തറവാട്ടുകാരുടെയാണ്. മകരമാസത്തിൽ പുരമാണ് വിശേഷദിനം. |
| മുളയം പനങ്ങാട്ടുകര അയ്യപ്പക്ഷേത്രം | പുതിയ ക്ഷേത്രം. കഴിഞ്ഞവർഷം മുതൽ ഉത്സവം ആഘോഷിച്ചു തുടങ്ങി. |
| പുറപ്പടിയം തേവർ ക്ഷേത്രം | കുട്ടനെല്ലൂർ പൂരത്തോടനുബന്ധിച്ചുള്ള പ്രധാന പൂരങ്ങളിൽ ഒന്നാണ്. പിറ്റേ ദിവസം ഉത്രം വിളക്ക് പ്രസിദ്ധമാണ്. |
| രുധിര മാല ക്ഷേത്രം,മുളയം | മകരമാസത്തിലെ വേല പ്രസിദ്ധമാണ് |
| കുട്ടാല വിഷ്ണുക്ഷേത്രം | മണലിപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്നു. |
| കൊഴുക്കുള്ളി സുബ്രഹ്മണ്യക്ഷേത്രം | മകരചൊവ്വാനാളിൽ ഷഷ്ഠി ആഘോഷിക്കുന്നു. |
| കൊഴുക്കുള്ളി രുധിരമാലക്ഷേത്രം | മീനഭരണനി നാളിൽ ഉത്സവം |
| കൊഴുക്കുള്ളി ശിവക്ഷേത്രം | പുതിയതായി സ്ഥാപിതമായി. |
| പോലൂക്കര വിഷ്ണുക്ഷേത്രം | മേടമാസത്തിൽ ഉത്രാടംനാളിൽ ഉത്സവം. കുട്ടനെല്ലൂർ ദേവസ്വത്തിൽ കീഴേടം മിഥുന മാസത്തിൽ അനിഴം നാളിൽ പ്രതിഷ്ഠ. |
| സുബ്രഹ്മണ്യക്ഷേത്രം | ഹരിജൻ കോളനിയിലുള്ളതാണ് ഈ ക്ഷേത്രം |
| നടത്തറ അവിലിശ്ശേരി ശിവക്ഷേത്രം | ശിവരാത്രി, തിരുവാതിര എന്നിവ ആഘോഷിക്കുന്നു. |
| എരവിമംഗലം ശ്രീ സുബ്രഹ്മണ്യക്ഷേത്രം | വൃശ്ചികമാസത്തിലെ ഷഷ്ഠി വളരെ പ്രസിദ്ധമാണ്. |
| വീമ്പ് അയപ്പക്ഷേത്രം | കുട്ടനെല്ലൂർ പൂരത്തിന്റെ പങ്കാളിയായിരുന്നു. |
| കുമരപുരം വിഷ്ണുക്ഷേത്രം | കുമരപുരം പാലസ് വക ക്ഷേത്രം. നാട്ടുകാർ ഏറ്റെടുത്ത് നടത്തിവരുന്നു. ഉത്സവം, ശിവരാത്രി, ഷഷ്ടി എന്നിവ ആഘോഷിക്കുന്നു. |
| പാതിരക്കാട്ട് വിഷ്ണുക്ഷേത്രം | മേടമാസത്തിൽ മകീരം നക്ഷത്രത്തിലാണ് പുരം ആഘോഷിക്കുന്നത്. |
| ശ്രീനാരായണ ഗുരുമന്ദിരം, മൈനർ റോഡ് | മൂന്നോണ നാളിലെ ചതയദിനാഘോഷം പ്രസിദ്ധമാണ്. |
| ശ്രീനാരായണ ഗുരുമന്ദിരം, നടത്തറ | ചതയനിനാഘോഷത്തോടനുബന്ധിച്ച് |
| കാച്ചേരി വിഷ്ണുക്ഷേത്രം | |
| വീമ്പിൽ തേരോത്ത് ശിവക്ഷേത്രം | ധനുമാസത്തിലെ തിരുവാതിര പ്രധാനം |
| തിരുമാതാംകുന്ന് ഭഗവതിക്ഷേത്രം | മകരമാസത്തിലെ ഭരണി ആഘോഷപൂർവ്വം കൊണ്ടാടുന്നു. |
| കൂറ്റനാൻ സുബ്രഹ്മണ്യഭഗവതിക്ഷേത്രം | മേടമാസത്തിലെ വിഷുവിനാണ് പ്രധാന ആഘോഷം |

## കലാസാംസ്കാരിക സംഘടനകൾ

| പേര് | അംഗങ്ങൾ | സംഗീത നാടകഅക്കാദമി സ്പോർട്ട് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ | സ്വന്തമായി കെട്ടിടം ഉണ്ടോ റേഡിയോ T.V. തുടങ്ങിയവ ഉണ്ടോ | മുഖ്യപ്രവർത്തനങ്ങൾ |
|---|---|---|---|---|
| ചേരും കുഴി ബ്രദേഴ്സ് | 25 | | | കായികമത്സരങ്ങൾ സംഘടിപ്പിക്കൽ |
| വോയ്സ് ഓഫ് അയ്യപ്പൻ കാവ് | 30 | | | കലാ-കായികമത്സരങ്ങൾ സംഘടിപ്പിക്കൽ |
| യുവജനകലാസമിതി കൂറ്റനാൽ | 50 | | റേഡിയോ ഉണ്ട് | കായിക മത്സരങ്ങൾ ജീവകാരുണ്യപ്രവർത്തനങ്ങൾ |
| റെഡ് സ്റ്റാർ മൂർക്കനിക്കര | 40 | | റേഡിയോ ഉണ്ട് | പൂക്കളമത്സരം, ചെസ്സ് മത്സരം എന്നിവ നടത്തുന്നു. വിദ്യാർത്ഥികൾക്ക് യൂണിഫോം നല്കുന്നു. |
| രചന ആർട്ട്സ് | 20 | | | കലാപരിപാടികൾ സംഘടിപ്പിക്കുന്നു. |
| 'സൗഹൃദ' മൂർക്കനിക്കര | 35 | | | കലാസാംസ്കാരിക പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ എന്നിവ നടത്തുന്നു. |
| പ്ലെയേഴ്സ് | 25 | | | സ്പോർട്ട്സ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. |
| അക്ഷയ കലാവേദി പോലൂക്കര | 30 | നെഹ്റു യുവജന കേന്ദ്രം | | സംഗീത-നൃത്തം, വാദ്യോപകരണക്ലാസ്സുകൾ. |
| പ്രിയദർശിനി കലാവേദി പൂച്ചട്ടി | 50 | | | കലാപരിപാടികൾ. ഡെക്കറേഷൻ. പ്രതിമാനിർമ്മാണം എന്നിവ നടത്തുന്നു. |
| സംഗീത സ്പോർട്ട് ക്ലബ്ബ് എരവിമംഗലം | 35 | സ്പോർട്ട്സ് കൗൺസിൽ അംഗം | | കായിമത്സരങ്ങൾ സംഘടിപ്പിക്കുന്നു. |
| സുബ്രഹ്മണ്യകലാസമിതി, എരവിമംഗലം | 25 | | T.V., റേഡിയോ ഉണ്ട്. | കലാപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. |
| ശ്രീമുരുക കലാസമിതി, എരവിമംഗലം | 18 | സംഗീത നാടക അക്കാദമി അംഗം | | കലാപ്രവർത്തനങ്ങൾ |
| യുവജന കലാകേന്ദ്രം, നെല്ലികുന്ന് | 73 | | | കായിക- കലാപ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ |
| ഭാരത് സ്പോർട്ട്സ് ക്ലബ്ബ്, എരവിമംഗലം | 45 | | | കലാകായിക മത്സരങ്ങൾ നടത്തുന്നു. സ്പോർട്ട്സ് പരിശീലനം നടത്തുന്നു. |

4. പൂച്ചട്ടി ഹരിജൻ കോളനി 5. കാച്ചേരി ഹരിജൻ കോളനി എന്നിവയാണ്. കൂടാതെ രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായ കലാ–സാംസ്കാരിക കായികസംഘടനകൾ 30– എണ്ണത്തോളം പ്രവർത്തിക്കുന്നുണ്ട്. (ഇവയുടെ വിവരങ്ങൾ പട്ടികയിൽ കൊടുക്കുന്നു.) കലാ–കായിക വളർച്ചയ്ക്കുവേണ്ടി കേരളോത്സവം, ഓണം സ്പോർട്ട്സ് എന്നീ മത്സരങ്ങൾ എല്ലാവർഷവും നടത്തിവരുന്നു. പ്രശസ്ത നടൻ ശ്രീ. ടി.ജി.രവിയേപ്പോലുള്ളവരുടെ സജീവസാന്നിദ്ധ്യം സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഉത്തേജനം നല്കുന്നുണ്ട്.

#### ഗ്രന്ഥശാലകൾ

1. മൂർക്കനിക്കര ഗ്രാമീണവായനശാല

ആയിരത്തിതൊള്ളായിരത്തിമുപ്പത്തിആറിൽ സ്ഥാപിച്ചതും ഗ്രന്ഥശാല സംഘമെമ്പർഷിപ്പ് ഗ്രാന്റും ഉള്ളതും റെജി: No. 1719 –ആയ മൂർക്കനിക്കര ഗ്രാമീണവായനശാല പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാലയാണ്. 3800 പുസ്തകങ്ങൾ ഉള്ളതും 150 മെമ്പർമാർ നിലവിലുള്ളതും കലാ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇന്നാട്ടിലെ ജനങ്ങൾക്ക് നേതൃത്വം നൽകുന്നതുമായ ഗ്രന്ഥശാല വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. T.V. റേഡിയോ ആനുകാലിക പ്രസിദ്ധീകരണങ്ങൾ നിലവിലുണ്ട്.

2. ഗ്രാമീണവായനശാല, എരവിമംഗലം

1952–ൽ സ്ഥാപിച്ചതും ഗ്രന്ഥശാല മെമ്പർഷിപ്പും ഗ്രാന്റും ഉള്ളതുമാണ് ഇരവിമംഗലം ഗ്രാമീണവായനശാല. മഹിളാസംഘം,ബാലവേദി, മറ്റുകലാകായികസംഘടനകൾ എന്നിവ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സൗകര്യമുള്ള നല്ലൊരു കെട്ടിടവും സ്റ്റേജും 40 സെന്റ് കളിസ്ഥലവും ഉണ്ട്. മൊത്തം 6124 പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും റേഡിയോയും ഉള്ള ഈ ഗ്രന്ഥശാല ജില്ലയിലെ പ്രമുഖ വായനശാലകളിൽ ഒന്നാണ്. 64 ആയുഷ്കാല അംഗങ്ങൾ അടക്കം ആകെ 364 മെമ്പർമാർ നിലവിലുണ്ട്. കലാസാംസ്കാരികരംഗത്ത് പഞ്ചായത്ത്–ജില്ലാതലങ്ങളിൽ നിരവധി അംഗീകാരം നേടിയ പാരമ്പര്യം ഈ സ്ഥാപനത്തിനുണ്ട്. B.M.A.C ഗ്രാമീണ കലാസമിതി എന്നിവ വായനശാല ആസ്പദമാക്കി പ്രവർത്തിച്ചിരുന്ന പ്രമുഖ സ്ഥാപനങ്ങളാണ്.

3. പഞ്ചായത്ത് വായനശാല

സർക്കാരിന്റെ 11 ഇന പരിപാടി അനുസരിച്ച് 1989–ൽ പഞ്ചായത്ത് പബ്ളിക്ക് ലൈബ്രറികം–റീഡിങ് റൂം എന്ന പേരിൽ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തനം പ്രവർത്തനം ആരംഭിച്ചു. T.V. റേഡിയോ എന്നിവയും 4000 പുസ്തങ്ങളും മറ്റ് ആനുകാലിക പ്രസദ്ധീകരമങ്ങളും ഉണ്ട് 30 ആയുഷ്കാലമെമ്പർമാർ അടക്കം 800 മെമ്പർമാർ നിലവിൽ ഉണ്ട്.

#### കായിക സ്ഥാപനങ്ങൾ

കരാട്ടേ, ജിംനേഷ്യം, കബഡി, ഖോഖോ തുടങ്ങിയവയിൽ പരിശീലനം നേടുന്നതിന് നിരവധി യുവാക്കൾക്ക് താല്പര്യമുള്ളതായി കാണുന്നുണ്ട്. എങ്കിലും കായികരംഗത്ത് പ്രോത്സാഹനം നൽകുന്ന സ്ഥാപനങ്ങൾ ഇല്ല. കായികമത്സരങ്ങളിലും രംഗത്തും എടുത്തുപറയേണ്ട വ്യക്തിത്വമുള്ള ചിലരെങ്കിലും ഉയർന്നുവന്നിട്ടുണ്ട് എന്നത് അഭിമാനത്തിന് വകനൽകുന്ന ഒന്നാണ്. നാഷണൽ ചാമ്പ്യൻ പവർലിഫ്റ്റിങ്–വെയിറ്റ് ലിഫ്റ്റിങ്, നാഷണൽ റഫറി ഫുട്ബോൾ, കബഡി, ഫുട്ബോൾ തുടങ്ങിയ കായികരംഗത്തും അംഗീകാരം നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് വക പൊതുകളിസ്ഥലവും പൂച്ചെട്ടിസ്കൂൾ കളിസ്ഥലവുമാണ് കായിക പ്രേമികൾക്ക് പ്രധാന ആശ്രയമായി നിലവിലുള്ളത്.

പത്രമാസികകളുടെ പ്രചാരം പ്രവണതകൾ

പഞ്ചായത്തിലെ ഏകദ്ദേശം 90% ജനങ്ങളും സാക്ഷരരാണ്. സ്വന്തമായി പത്രവും പ്രസിദ്ധീകരണവും വാങ്ങി വായിക്കുവാൻ കഴിവുള്ളവർ കുറവാണ്. വായനശാലകൾ സാംസ്കാരികസംഘടനകൾ, ഹോട്ടലുകൾ, സാംസ്കാരികനിലയങ്ങൾ എന്നീ സൗകര്യങ്ങളാണ് കൂടുതൽ പേരും ഉപയോഗപ്പെടുത്തുന്നത്. മിക്കവാറും എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും പത്രമാസികകളും പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

#### ഇലട്രോണിക്സ് മാധ്യമങ്ങൾ

പഞ്ചായത്തിലെ 30% വീടുകളിലും T.V. സ്വന്തമായുണ്ട്. 80% ജനങ്ങളും T.V. പ്രേക്ഷകരാണ്. 20% വീടുകളിൽ കേബിൾ T.V. ഉപയോഗപ്പെടുത്തുന്നു. 5കേബിൾ T.V. യൂണിറ്റുകളും 3. സിനിമാ തിയ്യേറ്ററുകളും പഞ്ചായത്തിലെ ജനങ്ങളുടെ വിനോദത്തിന് ഉതകുന്നു.

#### പൊതുപ്രശ്നങ്ങൾ

a. ഉപഭോഗ സംസ്കാരത്തിന്റെ സ്വാധീനവും മതപരവും രാഷ്ട്രീയവും വ്യക്തിപരവുമായ സങ്കുചിതത്വവും ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു.

b. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം പ്രത്യേകിച്ചും പ്രക്ഷേപണം ചെയ്യുന്ന പരിപാടികളിലെ അശ്ലീലത്തിന്റേയും അക്രമവാസനയുടേയും അതിപ്രസരം യുവതലമുറയെ കാര്യമായി സ്വാധീനിക്കുന്നു. ദൃശ്യാവിഷ്കരണത്തിന്റെ സ്വാധീനത കുട്ടികളേയും മുതിർന്നവരേയും അലസരാക്കുന്നു.

c. നിലവാരം കുറഞ്ഞ പ്രസിദ്ധീകരങ്ങളോടു കൂടുതലായുള്ള അഭിനിവേശം, വികലമായ സിനിമ ഇവയെല്ലാം ചേർന്ന് വരുത്തി വെയ്ക്കുന്ന മൂല്യ ചൂതി സാംസ്കാരിക മേഖലയ്ക്ക് ഭീഷണിയായിട്ടുണ്ട്. ഇതിനെതിരെ ഫലപ്രദമായി പ്രവർത്തിക്കാൻ സാംസ്കാരിക സംഘടനകൾക്കോ പ്രവർത്തകർക്കോ ബന്ധപ്പെട്ടവകുപ്പുകൾക്കോ കഴിയുന്നില്ല.

d. നാടകം, നൃത്തം, സംഗീതം, ചിത്രകല തുടങ്ങിയവയിൽ താലപര്യമുള്ളവർക്ക് കൂട്ടായി പരിശീലനം ലഭിക്കാനുള്ള അസൗകര്യം.

e. കായികരംഗം ആരോഗ്യത്തിനും കർമ്മശേഷിക്കും അത്യന്താപേക്ഷിതമാണ് എന്ന ബോധം ജനങ്ങളിൽ ഇനിയും ഉണ്ടായിട്ടില്ല. കായികരംഗത്ത് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്.

f. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനനിലവാരവും ലൈബ്രറിസൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടതുണ്ട്. ലൈബ്രറി പ്രവർത്തനം പേരിന് മാത്രം നടക്കുന്നുള്ളു.

g. വിദ്യാർത്ഥികളിൽ ദേശിയബോധം വളർത്താൻ സഹായിക്കുന്ന ദേശീയ നേതാക്കന്മാരുടെ കഥകളും ചരിത്രവും അടങ്ങുന്ന ലക്ഷക്കണക്കിന് പുസ്തകങ്ങൾ ഇൻഫർമേഷൻ-പബ്ളിക്ക് റിലേഷൻ വകുപ്പുകളിൽ കെട്ടിക്കിടക്കുന്നു.

h. സ്കൂളുകളിലെ കുട്ടികൾക്കായുള്ള സാഹിത്യസമാജം ഫാർമേഴ്സ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് തുടങ്ങിയവ പ്രവർത്തനം ഇല്ലാതെ രേഖകളിൽ മാത്രമായി കഴിയുന്നു.

**പരിഹാരങ്ങൾ**

a. സാംസ്കാരിക തകർച്ചക്കെതിരെ ബോധവൽക്കരണ ക്യാമ്പുകളും ക്ലാസുകളും സംഘടിപ്പിക്കുക.

b. സാമൂഹ്യ സാംസ്കാരിക വളർച്ചയ്ക്ക് സർക്കാരിൽനിന്നും മറ്റു ഏജൻസികളിൽ നിന്നും കിട്ടാൻ സാധ്യതയുള്ള മുഴുവൻ സഹായവും സംഭരിക്കുക. അവ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.

c. എല്ലാ വാർഡുകളിലും അനുയോജ്യമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.

d. പഞ്ചായത്ത് അതിർത്തിയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന കലാസാംസ്കാരികകായിക സംഘടനകൾക്ക് അംഗീകാരം നൽകുകയും അവയുടെ വളർച്ചയ്ക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

e. ഇലക്ട്രോണിക്ക് മാധ്യമരംഗത്തെ തരം താഴ്ന്ന സംപ്രേഷണ പ്രവണതയെ നിയമം മൂലം തടയുവാൻ വേണ്ടശ്രമം നടത്തുക.

f. മഹിളാ സംഘടനകളുടെ പ്രവർത്തനങ്ങൾ ശക്തമാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക.

g. കേരളോത്സവം ഓണം സ്പോർട്സ് എന്നിവ കാര്യക്ഷമമാക്കുക. അവാർഡുകൾ ഏർപ്പെടുത്തുക.

f. അവശ കലാകാരന്മാർക്ക് സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

I. വിദ്യാർത്ഥികൾക്കായി പഞ്ചായത്ത് തല മത്സരങ്ങൾ നടത്തുക. പഠിപ്പിൽ മുൻപന്തിയിൽ ഉള്ളവർക്ക് സ്കോളർഷിപ്പ് നൽകുക.

J. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക

K. യുവജനശക്തി സൃഷ്ടിപരമായ വികസന പ്രവർത്തങ്ങളിലേക്ക് തിരിച്ചുവിടുക. അവർക്ക് പഞ്ചായത്ത് തലത്തിൽ നേതൃത്വം നൽകുക.

L.നിലവിലുള്ള വായനശാലകളുടേയും സാംസ്കാരിക സംഘടനകളുടേയും പോരായ്മകൾ പരിഹരിക്കുകയും ഇവയെ പഞ്ചായത്ത് തലത്തിൽ ഏകോപിക്കുകയും വേണം.

M. പഞ്ചായത്ത് ലൈബ്രറിയിൽ സ്ഥിരം ലൈബ്രേറിയനെ നിയമിക്കുക. ●

# വനിതാക്ഷേമം

മനുസ്മൃതിയെ ആധാരമാക്കി എന്നോ ആരംഭിച്ച തർക്കങ്ങളും വ്യാഖ്യാനങ്ങളും വർത്തമാന യാഥാർത്ഥ്യങ്ങൾക്കുമുന്നിൽ എഴുന്നു നിൽക്കുന്നു. എന്നാൽ വനിതകളുടെ പദവിയും തുല്യതയും സാമൂഹ്യവികാസപ്രക്രിയയുടെ ആവേഗത്തെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളാണ്. 1991ലെ സെൻസസ് കണക്കുകൾ അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 31857 ൽ 16362 പേർ സ്ത്രീകളാണ്. പുരുഷ-സ്ത്രീലിംഗാനുപാതം സംസ്ഥാനം – 1000 – 1036. തൃശ്ശൂർ ജില്ല. 1000-1085 പഞ്ചായത്തിലെ ജനനനിരക്ക് സംസ്ഥാന ശരാശരിയായ 16 ൽ താഴെയാണ് എന്ന് അന്വേഷണങ്ങൾ വെളിവാക്കുന്നു.

പട്ടിക

| ഇനം | സ്ത്രീ | പുരുഷൻ |
|---|---|---|
| ജനസംഖ്യ | 16362 | 15495 |
| സാക്ഷരത | 8122 | 8222 |
| 06 വയസുവരെ പ്രായമുള്ള കുട്ടികൾ | 1361 | 1335 |
| തൊഴിൽ പങ്കാളിത്തം | 1600 | 1400 |

പഞ്ചായത്തിലെ സ്ത്രീകളുടെ സാമൂഹ്യസാമ്പത്തിക പദവിയെക്കുറിച്ചാകുമ്പോൾ സാമ്പത്തിക ചൂഷണം മുതൽ ലൈംഗിക ചൂഷണം വരെ നിരവധി പ്രശ്നങ്ങൾ ചർച്ചചെയ്യേണ്ടിവരും. പഞ്ചായത്തിലെ വിദ്യാർത്ഥികളിൽ സ്ത്രീ അനുപാതം ഉയർന്നതാണ്. സാക്ഷരത പുരുഷസാക്ഷരതയ്ക്കൊപ്പം വരുന്നില്ലെങ്കിലും ഭേദപ്പെട്ട ശതമാനം നില നിൽക്കുന്നു. കോളേജ് തലത്തിലും സ്ത്രീകൾക്കാണ് മുൻതൂക്കം. എന്നാൽ സാങ്കേതിക വിദ്യാഭ്യാസമേഖലയിൽ പ്രകടമായ പുരുഷ മുൻതൂക്കം ദൃശ്യമാണ്. എന്തൊക്കെ പറഞ്ഞാലും പഞ്ചായത്തിലെ വിദ്യാഭ്യാസ സംവിധാനത്തിൽ സ്ത്രീകൾ ആർജ്ജിച്ചിട്ടുള്ള മേൽക്കൈ ലിംഗപരമായ തുല്യതയുടെ തെളിവായി വിലയിരുത്താനാകില്ല.

തൊഴിൽ പങ്കാളിത്തത്തിന്റെ കാര്യത്തിൽ പുരുഷന്റെ പകുതി പോലും സ്ത്രീകൾ എത്തുന്നില്ല. എന്നാൽ പഞ്ചായത്തിലെ തൊഴിൽ ശാലകളിൽ 1000 പുരുഷന് 1140 സ്ത്രീ എന്ന അനുപാതം നിലവിലുണ്ട്. സ്ത്രീകളിൽ ഭൂരിപക്ഷവും സ്ത്രൈണ തൊഴിലുകൾ എന്നു വിശേഷിപ്പിക്കപ്പെടാവുന്ന മേഖലയിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അദ്ധ്യാപനമേഖലയിൽ ഇതു പ്രകടമാണ്. കർഷകതൊഴിലാളികൾ, അസംഘടിതമേഖലകളായ മണ്ണ് ഖനനം, നാടൻ ഇഷ്ടിക നിർമ്മാണം, കെട്ടിടം പണി, എന്നിവയിൽ സ്ത്രീകൾ നിർണ്ണായക തൊഴിൽ ശക്തിയാണ്. വേതനത്തിന്റെ കാര്യത്തിൽ സ്ത്രീകൾക്ക് പുരുഷന്റെ 60% കൂലിയെ ലഭിക്കുന്നുള്ളൂ.

കനേഷ്മാരികണക്കുകളിൽ "വീട്ടമ്മ" അല്ലെങ്കിൽ "തൊഴിൽ രഹിത" എന്നു രേഖപ്പെടുത്തിയിരിക്കുന്ന സ്ത്രീകൾ എന്തു ചെയ്യുന്നുവെന്ന് പരിശോധിക്കുമ്പോഴാണ് യഥാർത്ഥത്തിൽ എന്തു സംഭവിക്കുന്നുവെന്ന് നമുക്ക് ബോധ്യമാകുന്നത്. വലിയ അദ്ധ്വാനവും സമയവും വേണ്ടിവരുന്ന ഗൃഹജോലികൾ ഏതാണ്ട് പൂർണ്ണമായും (ഉദ്യാഗസ്ഥകളും) ചെയ്യുന്നത് സ്ത്രീകളാണ്. പഞ്ചായത്തിലെ 8000 ൽ പരം വീടുകളിൽ 750 ഓളം വീടുകൾ സ്ത്രീകളുടെ നിയന്ത്രണത്തിൽ കഴിയുന്നവയാണ്. വീട്ടമ്മമാരുടെ കാണാപ്പണികളുടെ ആഴവും, പരപ്പും അറിയാൻ വ്യവസ്ഥാപിത മാർഗങ്ങളില്ല. കൃഷി, അടുക്കളത്തോട്ടം, പശു, കറവമാടുകളുടെ പരിപാലനം എന്നിവയിൽ സ്ത്രീകളുടെ അവിഭാജ്യമായ സ്വാധീനം സമൂഹത്തിന്റെ കാഴ്ച്ചയ്ക്ക് അപ്പുറത്താണ്.

കെസ്സിന്റെ നേതൃത്വത്തിൽ നടത്തറ-മുളയം കൊഴുക്കുള്ളി വില്ലേജുകളിലായി മൂന്ന് മഹിളാ

സമാജങ്ങൾ പ്രവർത്തിക്കുന്നു. പഞ്ചായത്തു പ്രദേശത്ത് 8 മഹിളാ സമാജങ്ങളും 4 ബാലവാടികളും നിലവിലുണ്ട്. 1950 കളിൽ ആരംഭിച്ച മൂർക്കനിക്കര മഹിളാസമാജം ഈ രംഗത്തെ ആദ്യസംരംഭമാണ്. സാമൂഹ്യ പ്രവർത്തകയായ ശ്രീമതി, M.K. ഇച്ചിക്കുട്ടി ടീച്ചർ ഈ രംഗത്ത് ചെയ്ത സംഭാവനകൾ നിസ്തുലമാണ്. 1958 ൽ പഞ്ചായത്തിൽ ആദ്യമായി ഒരു മിഡ്‌വൈഫറി സെന്റർ പ്രവർത്തനം ആരംഭിക്കുകയുണ്ടായി. വനിതാസഹകരണസംഘം പോലുക്കര കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. DWCRA പദ്ധതിപ്രകാരം മൂർക്കനിക്കരയിൽ ഒരു വനിതാ കൈത്തറി യൂണിറ്റ് ഈയിടെ ആരംഭിക്കുകയുണ്ടായി. നടത്തറയിൽ ഇത്തരം ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ടൈലറിംഗ്, തുടങ്ങിയുള്ള മേഖലകളിൽ സ്ത്രീ നേതൃത്വം കാണാവുന്നതാണ്.

സ്ത്രീപീഢന, സ്ത്രീധനപീഢന സംഭവങ്ങൾ സാധാരണയായി പുറത്തുവരാറില്ല. രാഷ്ട്രീയ സ്ത്രീസംഘടനകൾ അല്ലാതെ സംഘടിത സ്ത്രീശക്തി പഞ്ചായത്ത് പ്രദേശത്ത് നിലവിലില്ല. സാമൂഹ്യ പ്രസ്ഥാനങ്ങളുടെ മുൻ നിരയിലേക്ക് വരുന്ന സ്ത്രീകളുടെ എണ്ണം ഇപ്പോഴും വിരളമാണ്. പഞ്ചായത്തീരാജ് സംവരണാനുകൂല്യങ്ങളുടെ അടിസ്ഥാനത്തിൽ നാളെകളിൽ സ്ത്രീമുന്നേറ്റം പ്രകടമാകുമെന്നു പ്രതീക്ഷിക്കാം.

**പ്രശ്നങ്ങൾ**

1) പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.

2) വനിതകളുടെ കൂട്ടായ തൊഴിൽസംരംഭങ്ങൾ വളർത്തിയെടുക്കുന്നതിൽ പ്രകടമാകുന്ന അശ്രദ്ധ

3) സ്ത്രീകളുടെ നേതൃത്വഗുണം പരിപോഷിപ്പിക്കുന്നതിനും നിലവിലുള്ള പദ്ധതികൾ പ്രയോഗികമാക്കുന്നതിനും നേതൃത്വമില്ലായ്മ.

4) വാർഡുതലത്തിൽ വേണ്ടത്ര മഹിളാസമാജങ്ങളോ, ബാലവാടികളോ ഇല്ല. വനിതാതൊഴിൽദാന പ്രസ്ഥാനങ്ങൾ ഇല്ല.

5) നിലവിലുള്ള മഹിളാസമാജങ്ങൾ ശോചനീയാവസ്ഥയിലാണ്. മാതൃശിശുസംരക്ഷണത്തിനു വേണ്ടതായ പോഷക ആഹാരമോ വൈദ്യ ശുശ്രൂഷയോ ലഭ്യമല്ല.

**നിർദ്ദേശങ്ങൾ**

1) പൊതുരംഗത്ത് വനിതകളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിന് ലക്ഷ്യബോധമുള്ള ബോധവൽക്കരണം

2) മഹിളാസംഘടനകൾ വാർഡുതലത്തിൽ രൂപീകരിച്ച് ശിശു, വൃദ്ധ സംരക്ഷണ യൂണിറ്റുകൾ ആരംഭിച്ച് അവയ്ക്ക് സാങ്കേതിക സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടാക്കുക

3) I.R.D.P. D.W.C.R.A എന്നീവകുപ്പുകളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തി പുനസംഘാടനം നടത്തുക

4) സ്ത്രീ വിരുദ്ധ സംസ്ക്കാരവ്യാപനത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക

5) സ്ത്രീധന പീഢനവും, സ്ത്രീപീഢനവും ഒഴിവാക്കുന്നതിന് കർക്കശമായ നിയമ, സാമൂഹ്യ ക്രമങ്ങൾ ഉണ്ടാക്കുക.

6) കക്ഷിരാഷ്ട്രീയ ഭേദമന്യേ സ്ത്രീകളുടെ പൊതുവേദി പഞ്ചായത്തുതലത്തിൽ രൂപപ്പെടുത്തുക.

# സഹകരണം

സേവനത്തിന്റെ പാതയിൽ നടത്തറ പഞ്ചായത്തിലെ ജനങ്ങൾക്ക് ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുള്ള സഹകരണസ്ഥാപനമാണ് നടത്തറ ഫാർമേഴസ് സർവ്വീസ് സഹകരണ ബാങ്ക്. 1954 ൽ നവംബർ മാസത്തിൽ വിവിധ സഹകരണ സംഘമായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനം 1978ൽ നടത്തറ ഫാർമേഴ്സ് സഹകരണബാങ്കായും 1983 ൽ നടത്തറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കായും ഉയർത്തപ്പെടുകയുണ്ടായി.ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ഒട്ടേറെ ഭാവനാസംമ്പന്നമായ നിക്ഷേപ പദ്ധതികൾ ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

കൊപ്ര സംഭരണം, കശുവണ്ടി സംഭരണം ഓണചന്തകൾ എന്നിവ സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് കാലാകാലങ്ങളിൽ നടത്തിവരുന്നുണ്ട്. 100 രൂപ പോലും വായ്പകൊടുക്കണമെങ്കിൽ മെമ്പർമാരിൽ നിന്നും അപേക്ഷവാങ്ങി ഭരണസമിതി പാസാക്കി ജില്ലാ സഹകരണ ബാങ്കിലേക്ക് അയച്ച് അവിടെനിന്നും വാങ്ങി മെമ്പർമാർക്ക് കൊടുത്തിരുന്ന കാലഘട്ടത്തിൽ നിന്നു മാറി ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വരെ ഒരു വ്യക്തിക്ക് വായ്പ കൊടുക്കുവാൻ ശേഷിയുള്ള ഒരു സ്ഥാപനമായി മാറിയിരിക്കുകയാണ്. ഹ്രസ്വകാലകാർഷിക വായ്പകൾ മധ്യകാല കാർഷിക വായ്പകൾ, കാർഷിക ദീർഘകാല വായ്പകൾ എന്നിവ നൽകിവരുന്ന ഈ സ്ഥാപനം ചെറുകിട കച്ചവടക്കാർക്കും വ്യവസായികൾക്കും വായ്പ നൽകുന്നുണ്ട്. പണ്ടം പണയം വായ്പ, ചിട്ടികൾ, എന്നിവ ബാങ്കിന്റെ മറ്റു പ്രവർത്തങ്ങളാണ്. ബാങ്കിൽ ഇന്ന് പൂച്ചെട്ടിയിലുള്ള ഹെഡ്ഡാഫീസിന് പുറമെ നടത്തറ, വലക്കാവ് എന്നിവിടങ്ങളിൽ ബ്രാഞ്ചുകളും മുളയം അയ്യപ്പൻകാവിൽ ഒരു എക്സ്റ്റൻഷൻ കൗണ്ടറും പ്രവർത്തിക്കുന്നുണ്ട്. കാർഷിക മേഖലയുടെ സംരക്ഷണത്തിന് ആവശ്യമായ വിത്ത് വളം കീടനാശിനി എന്നിവയുടെ വിൽപനയിൽ ബാങ്ക് മുഖ്യമായി പങ്ക് വഹിക്കുന്നു. ആയതിനുവേണ്ടി പൂച്ചട്ടി, വലക്കാവ്, ചേരുംകുഴി, കൂട്ടാല എന്നിവിടങ്ങളിൽ വളം ഡെപ്പോയും ബാങ്ക് നടത്തുന്നുണ്ട്. നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു കൺസ്യൂമർ സ്റ്റോർ വലക്കാവിൽ ബാങ്ക് നടത്തുന്നുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് സഹായകരമായവിധത്തിൽ മലബാർ സിമന്റിന്റെ എജൻസി എടുത്ത് സിമന്റ് വ്യാപാരം ബാങ്ക് നടത്തി വരുന്നു. സഹകരണ രംഗത്തെ ഒട്ടേറെ പ്രതിഭാശാലികൾ നേതൃത്വം നൽകിയ ഈ സ്ഥാപനം ഈ പഞ്ചായത്തിന്റെ സാംമ്പത്തിക മേഖലയെ നിയന്ത്രിക്കുന്ന ഒരു പ്രധാന ഘടകമാണ്.അതുപോലെതന്നെ നടത്തറ പഞ്ചായത്തിലെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് മൂർക്കനിക്കര സർവ്വീസ് സഹകരണ കോ-ഓപ്പറേറ്റീവ് ബാങ്ക്. കാർഷിക വായ്പാവിതരണം, ചെറുകിട കച്ചവടങ്ങൾക്കുള്ള വായ്പാവിതരണം, സ്വർണ്ണപണ്ടം പണയം, കുറികൾ, കൺസ്യൂമർ സ്റ്റോർ, വളം കീടനാശിനി എന്നിവയുടെ വിതരണവും നടത്തിവരുന്നു. ലോക്കർ സംവിധാനവും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ 5 ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി ചില്ലിംഗ് പ്ലാന്റുള്ള വലക്കാവ് ക്ഷീരവ്യവസായ സഹകരണസംഘം, ചേരുംകുഴി ക്ഷീരോൽപാദകസഹകരണസംഘം, അയ്യപ്പൻകാവ് ക്ഷീരോൽപാദക സഹകരണസംഘം, കൂട്ടാല ക്ഷീരോൽപാദകസഹകരണസംഘം എന്നിവ ഈ മേഖലയിലെ ക്ഷീരോൽപാദകരുടെ ആശാകേന്ദ്രമാണ്.

കാർഷികോൽപാദനത്തെ ലക്ഷ്യമാക്കി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്ന എരവിമംഗലം ലിഫ്റ്റ്ഇറിഗേഷൻ സഹകരണസംഘത്തിന്റെ പ്രവർത്തനവും കർഷകർക്ക് വളരെ ഉപകാരപ്രദമാണ്.

തൃശ്ശൂർ, പഴംപച്ചക്കറി സഹകരണസംഘത്തിന്റെ ഫാക്ടറി കം ഗോഡൗൺ, തൃശ്ശൂർ തലപ്പിള്ളി താലൂക്ക് ഗിരിജൻ സഹകരണ സംഘത്തിന്റെ ആസ്ഥാനം എന്നിവ നമ്മുടെ പഞ്ചായത്തിലാണ് എന്നുള്ളത് ശ്രദ്ധേയമാണ്. നടത്തറ ശ്രീനാരായണ പവർലൂം സഹകരണസംഘം, വനിതാസഹകരണസംഘം, തൃശ്ശൂർ താലൂക്ക് ടെക്നിക്കൽ ട്രെയിന്റ് സഹകരണസംഘം, കല്ലോര തൊഴിലാളി സഹകരണസംഘം എന്നിവ സഹകരണ സ്ഥാപനങ്ങളാണ്.

**നിർദ്ദേശങ്ങൾ**

1. നടത്തറ ഫാർമേഴ്സ് സഹകരണ ബാങ്കിന്റെ ഒരു ബ്രാഞ്ച് ചേരുംകുഴി പ്രദേശത്ത് ആരംഭിച്ച് അവിടത്തെ ജനങ്ങൾക്ക് സേവനയോഗ്യമാക്കുക.

2. ഓരോ വാർഡിലും വാർഡ്തല കൺസ്യൂമർ സംഘങ്ങൾ റെജിസ്റ്റർ ചെയ്ത് വിലനിലവാരം നിയന്ത്രിക്കുകയും ഉപഭോഗവസ്തുക്കളുടെ വിതരണം വിപുലപ്പെടുത്തുകയും ചെയ്യുക.

3. 6-ാം വാർഡിലെ പ്രവൃത്തനമില്ലാതെ കിടക്കുന്ന മുള കൈത്തൊഴിൽ സഹകരണസംഘത്തിന് മൂലധനം നല്കി ഇതിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.

4. നടത്തറയിലെ കളിമൺപാത്രവ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

5. സുലഭമായി ലഭിക്കുന്ന പഴങ്ങളും പച്ചക്കറികളും വാങ്ങി സംസ്കരിച്ച് വ്യത്യസ്തരൂപത്തിൽ ഭക്ഷ്യോൽപന്നങ്ങൾ ഉണ്ടാക്കുന്ന തൃശ്ശൂർ പഴം പച്ചക്കറി മാർക്കറ്റിങ് സഹകരണ സംഘത്തിന്റെ (സുധ പ്രോഡക്ട്സ്) പ്രവർത്തനം നടത്തറ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്തുക.

6. തേങ്ങയുടെ വിലയിടിവ് തടഞ്ഞുനിർത്തി, കേരകർഷകരെ രക്ഷിക്കുന്നതിനുവേണ്ടി കേരസംഭരണസംസ്കരണ-വിപണന സംഘം രുപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്.

7. വളരെയധികം തൊഴിലാളികൾ വരുന്ന കരിങ്കൽ തൊഴിൽ മേഖലയിൽ തൊഴിലാളികളുടെ ഉന്നമനത്തിനായി സഹകരണമേഖലയിൽ കരിങ്കൽ ക്വാറി സ്ഥാപിക്കണം

സഹകരണാടിസ്ഥാനത്തിൽ ആയുർവ്വേദ ആശുപത്രി രുപീകരിച്ച് പ്രവർത്തനം ആരംഭിക്കുക.

നെൽകർഷകരെ സഹായിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ ഒരു നെല്ല് സംഭരണ സഹകരണ സംഘം രുപീകരിക്കേണ്ടതാണ്. ●



# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

**മുഖവുര**

നടത്തറ ഗ്രാമ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 4.2% മാത്രമാകുന്നു. എന്നാലും സാംസ്കാരികരംഗത്തും, പരമ്പരാഗത കൈതൊഴിൽരംഗത്തും അവരുടെതായ സംഭാവനകൾ പഞ്ചായത്തിന്റെ വളർച്ചക്ക് ഉപയുക്തമായിട്ടുണ്ട്. പണ്ടുമുതൽക്ക് തന്നെ ഗ്രാമവാസികൾ ചികിൽസക്ക് വേണ്ടി പെരുമണ്ണാൻ സമുദായക്കാരുടെ പാരമ്പര്യചികിത്സ ഉപയോഗപ്പെടുത്തിയിരുന്നു. ഇന്നും ഒരു പരിധിവരെ ഇവരുടെ സേവനം ഗ്രാമീണർ ഉപയോഗപ്പെടുത്തുന്നുണ്ട്. മുളകൊണ്ടുള്ള കുട്ടകൾ, വട്ടി, പനമ്പ്, മുറം മുതലായവയിലുള്ള പറയസമുദായത്തിന്റെ വൈദഗ്ദ്യം എടുത്ത് പറയത്തക്കതാണ്. കലാകായികരംഗത്ത് ഇവർ അനേകം പ്രതിഭകളെ ഈ പഞ്ചായത്തിന് സംഭാവന ചെയ്തിട്ടുണ്ട്. പൂതംകളി, തെയ്യം, കാളക്കളി എന്നിവ ഇവരുടെ തനതായ ഭക്തിനിറഞ്ഞ പരമ്പരാഗതകലാരൂപങ്ങളാണ്. പട്ടിതജാതി പട്ടികവർഗ്ഗക്ഷേമപദ്ധതികൾ നിരവധി ഉണ്ടെങ്കിലും നാളിത് വരെ ഭൂരിപക്ഷം ജനവിഭാഗങ്ങളും ഇന്നും ദാരിദ്ര്യരേഖക്ക് താഴെയാണെന്ന് സർവ്വേ കാണിക്കുന്നു.

1995 ലെ ആരോഗ്യവകുപ്പ് (P.H.C) കണക്കനുസരിച്ച് മൊത്തം ജനസംഖ്യ 34682 ആണ്. ഇതിൽ പട്ടികജാതിയിൽപ്പെട്ടവർ 1301 ഉം പട്ടികവർഗ്ഗത്തിൽപ്പെട്ടവർ 160 ഉം ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 4.2% മാത്രമാണ്. താഴെ കൊടുക്കുന്ന പട്ടികയിൽ പട്ടികജാതി പട്ടികവർഗ്ഗപുരുഷന്മാരുടെയും സ്ത്രീകളുടെയും കണക്ക് വിവരിക്കുന്നു.

| പുരുഷൻ/സ്ത്രീ | SC | ST | ആകെ |
|---|---|---|---|
| പുരുഷന്മാർ | 642 | 74 | 716 |
| സ്ത്രീകൾ | 659 | 86 | 745 |
| മൊത്തം | 1301 | 160 | 1461 |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 485 പട്ടികജാതി പട്ടികവർഗ്ഗകുംടുംബങ്ങൾ താമസിച്ച് വരുന്നു.

**നിലവിലുള്ള പട്ടികജാതികോളനികൾ**

I മുരുക്കും കുണ്ട്കോളനി
II മുളയം കോളനി (IHDP)
III മൂർഖൻക്കുന്ന് കോളനി
IV കൊഴുക്കുള്ളി തോക്കാട്ടുക്കര കോളനി (IHDP)
V പൂച്ചെട്ടി കോളനി
VI കച്ചേരി കോളനി (IHDP)
VII പല്ലൻ കോളനി
VIII കൊഴുക്കുള്ളി നാല്സെന്റ് കോളനി

**നിലവിലുള്ള ST കോളനികൾ**

I. ഞാറക്കുറ ST കോളനി
II. പയ്യനം ST കോളനി

കൂടാതെ താഴെ പറയുന്ന കോളനികളായ

1. മൂർക്കനിക്കര കോളനി.
2. കൊഴുക്കുള്ളി നാല്സെന്റ് കോളനി PLOT-1.
3. PLOT-2
4. എരവിമംഗലം ലക്ഷംവീട് കോളനി
5. പൂച്ചെട്ടി ലക്ഷംവീട് കോളനി
6. എരവിമംഗലം നാല്സെന്റ് കോളനി
7. കാച്ചേരി ലക്ഷംവീട് കോളനി

എന്നിവയിൽ 40% ത്തിലേറെ പട്ടികജാതി കുടുംബങ്ങൾ താമസിച്ച് വരുന്നു. മേൽപറഞ്ഞ ഭൂരിഭാഗകോളനികൾക്ക് IHDP കോളനികളായി അംഗീകരിക്കുന്നതിനുള്ള യോഗ്യത ഉണ്ടെങ്കിലും, അംഗീകരിക്കാത്തതിനാൽ അംഗീകൃതകോളനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

നടത്തറ ഗ്രാമപഞ്ചായത്തിലെ അംഗീകൃതകോളനികളും അംഗീകരിക്കാത്ത കോളനികളും മറ്റുള്ളവയും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**നടത്തറ ഗ്രാമപഞ്ചായത്തിലെ SC/ST കോളനികളും വീടുകളും (EX)**

| വാർഡ് | കോളനികൾ | SC | ST |
|---|---|---|---|
| 1. | മുരുക്കുംക്കുണ്ട് (SC) പയ്യനം (ST) ഞാറക്കുറ ST | 41 | 36 |
| 2. | മുളയം കോളനി | 56. | – |
| 3. | കോളനി ഇല്ല | 5 | 1 |
| 4. | മൂർഖൻക്കുന്ന് കോളനി | 26 | 2 |
| 5. | കൊഴക്കുള്ളി പട്ടികജാതി കോളനി<br>കൊഴുക്കുള്ളി നാല്സെന്റ് കോളനി<br>PLOT-1 PLOT-2 | 100 | |
| 6. | പൂച്ചെട്ടി പട്ടികജാതി കോളനി | 43 | |
| 8. | പല്ലൻ കോളനി | 30 | |
| 9. | കോളനി ഇല്ല | 16 | |
| 10. | ലക്ഷംവീട് കോളനി ,നാല്സെന്റ് കോളനി | 36 | |
| 11. | കോളനി | ഇല്ല. | 15 |
| 12. | ലക്ഷംവീട് കോളനി | 20 | |

ഒന്നാം വാർഡിലെ പട്ടികവർഗ്ഗകുടുംബങ്ങളിൽ 75%വും ദാരിദ്യരേഖക്ക് മുകളിലാണ്.

കോളനികളുടെ ഇന്നത്തെ സ്ഥിതികണക്കിലെടുക്കുമ്പോൾ പ്രാഥമികസൗകര്യങ്ങൾ ഒരു പരിധി വരെ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കോളനികളിൽ ഇവ ആവശ്യത്തിന് വേണ്ടുന്നവിധം എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിൽ പ്രാധാന്യം കുടിവെള്ളത്തിനാണ്. സാനിറ്റേഷൻ, വൈദ്യുതി എന്നിവ തൊട്ടുപിറകെ നിൽക്കുന്നു. ഭൂരിഭാഗം കോളനികളിൽ ഒന്നോ രണ്ടോ പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. ഇത് കോളനികളിൽ ഓവുചാലുകളുടെ അപര്യാപ്തമൂലം മലിനജലം കെട്ടികിടന്ന് പരിസരമലീനികരണം ഉണ്ടാക്കുന്ന അവസ്ഥ ഇല്ലാതാക്കുവാൻ വേണ്ടത്ര ഓവുചാലുകൾ നിർമ്മിക്കുകയും മതിയായ ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. വൈദ്യുതികണക്ഷൻ ഭൂരിഭാഗം കുടുംബങ്ങൾക്കും നൽകിയിട്ടുണ്ടെങ്കിലും കോളനിവൈദ്യുതവൽക്കരണപദ്ധതിപ്രകാരം എല്ലാ കോളനികളേയും വൈദ്യുതവൽക്കരിച്ച് മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കേണ്ടതാണ്.

സർക്കാർ പദ്ധതികളുടെ ഗുണഫലമായി കുറച്ച് കുടുംബങ്ങൾമാത്രം സാമ്പത്തികമായും വിദ്യാഭ്യാസപരമായും പുരോഗതി പ്രാപിച്ചിട്ടുണ്ട്. പണ്ടുകാലത്തെ അപേക്ഷിച്ച് ഈ വിഭാഗത്തിന് മറ്റ് ജനവിഭാഗങ്ങളുമായുള്ള കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി സമൂഹത്തിന്റെ മുഖ്യധാരയിൽ ചെന്ന് ചേരുവാൻ ബാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്കൂളിൽ പോകാത്തവരായി ആരും തന്നെയില്ല. ലോവർപ്രൈമറി പഠനം കഴിഞ്ഞു പഠനം നിർത്തുന്നവർ ഏറെയുണ്ടുതാനും. ഇതിന്റെ കാരണങ്ങളിൽ മുഖ്യം സാമ്പത്തിക പരാധീനതതന്നെയാണ്. ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ സ്വകാര്യട്യൂഷ്യൻ ഒരു അവിഭാജ്യഘടകമായതിനാൽ അതിന്റെ ഗുണഫലം ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ഇതിന്റേയും പിന്നിൽ സാമ്പത്തികവശമാണുള്ളത്. ഇവരിൽ നിരക്ഷരർ കുറവാണെങ്കിലും ഉയർന്ന നിലയിൽ എത്തിയിട്ടുള്ളവർ തുലോം കുറവാണ്. സാസ്കാരികമായും സാമൂഹ്യപരമായും ഈ വിഭാഗത്തിൽപ്പെട്ട ജനതയെ ഇന്നത്തെ നിലവിലുള്ള പ്രത്യേകകോളനി എന്ന വ്യവസ്ഥമാറ്റി സമൂഹത്തിന്റെ മറ്റു വിഭാഗക്കാർ താമസിക്കുന്ന ജനങ്ങളുടെ ഇടയിൽ വളരുവാൻ സഹചര്യങ്ങൾ സൃഷ്ടിച്ച് കൊടുക്കുന്നതായാൽ തീർച്ചയായും അന്യം നിന്ന് പോകുന്ന പല നല്ല സാംസ്കാരങ്ങൾ വളരുവാനും ചില സാംസ്കാരികവൈകൃതങ്ങൾ പരിവർത്തനത്തിന് വിധേയമാകുന്നതിനും സാദ്ധ്യതയുണ്ട്. ഇത് രണ്ടുകൂട്ടർക്കും ഉപകാരപ്രദമായിരിക്കും എന്നാണു വിശ്വാസം.

നടത്തറ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന SC/ST വിദ്യാർത്ഥികളുടെ എണ്ണം താഴെ

കാണുന്ന കോളത്തിൽ വിവരിക്കുന്നു.

നടത്തറ പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന SC/ST വിദ്യാർത്ഥികളുടെ എണ്ണം 1996.

| ക്രമനമ്പർ | സ്ക്കൂൾവിഭാഗം | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ. |
|---|---|---|---|---|
| 1. | എൽ.പി. വിഭാഗം | 114 | 124 | 218 |
| 2. | യു.പി. വിഭാഗം | 96 | 85 | 181 |
| 3. | ഹൈസ്ക്കൂൾ വിഭാഗം | 44 | 59 | 103 |
| | ആകെ | 254 | 268 | 502 |

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽപ്പെട്ട അധികംപേരും കർഷകതൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിലാളികളും, കൈതൊഴിലുകാരും മറ്റു അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നവരുമാണ്. ഇവരുടെ രൂക്ഷമായ തൊഴിലില്ലായ്മ ഇവരെ ദാരിദ്യരേഖക്ക് മുകളിൽ കൊണ്ടുവരുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. ഈ വിഭാഗത്തിലെ കുടുംബങ്ങളിലെ സാമ്പത്തികാസൂത്രണത്തെക്കുറിച്ചുള്ള അജ്ഞത ദാരിദ്യത്തിൽനിന്ന് കരകയറുന്നതിനെ പ്രതികൂലമായി ബാധിക്കുന്നു.

ഇവരുടെ പുരോഗതിലക്ഷ്യമാക്കിക്കൊണ്ട് സർക്കാർ പലപദ്ധതികളും നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഭവനനിർമ്മാണപദ്ധതി, തൊഴിൽപദ്ധതി എന്നിവ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. ഇതിനുള്ള പ്രധാനകാരണം പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും ഇതിനെപറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവവുമാണ്. നേടിയടുത്ത ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾ വ്യാപകമായി ദുരുപയോഗംചെയ്യുന്നതായും കാണുന്നുണ്ട്. ഭവനനിർമ്മാണരംഗത്ത് J.R.Y. I.A.Y. M.W.S പദ്ധതികൾ പ്രകാരം ഭവനങ്ങൾ അനുവദിച്ചിട്ടുണ്ട്. ഇനിയും 98 വീടുകൾ അനുവദിക്കേണ്ടതുണ്ട്. ഏകദേശം 100 കുടുംബങ്ങൾ ഭവനരഹിതരായി പുറംമ്പോക്കുകളിൽ താമസിക്കുന്നു. സ്വന്തമായി ഭൂമിയുള്ളവർക്ക് മതിയായരേഖകൾ ഇല്ലാത്തകാരണം സർക്കാർ ഭവനപദ്ധതികളിൽ നിന്നുള്ള ആനുകൂല്യങ്ങൾ കിട്ടാതെ പോകുന്നു. I.R.D.P പദ്ധതിപ്രകാരം സാമ്പത്തികസഹായം ലഭിച്ചവരുടെ എണ്ണം താഴെ പട്ടികയിൽ വിവരിക്കുന്നു.

നടത്തറ പഞ്ചായത്ത് I.R.D.P. സർവ്വേ പ്രകാരം ദാരിദ്യേരേഖയ്ക്ക് താഴെയുള്ള SC/ST ക്കാരുടെ വിവരം. 1996.

| വാർഡ് നമ്പർ | SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചവർ | സഹായം ലഭിച്ചത് വഴി ദാരദ്ര്യ മുകളിലെ ത്തിയവർ | ഇനിയും സഹായം ലഭിക്കേ ണ്ടവർ |
|---|---|---|---|---|
| I. | 23. | 14 | 3 | 9 |
| II. | 21 | 12 | 2 | 9 |
| III. | 11 | 10 | 3 | 1 |
| IV. | 12 | 5 | 2 | 7 |
| V. | 33 | 30 | 5 | 3 |
| VI. | 35 | 35 | 6 | 6 |
| VII. | 20 | 12 | 8 | 8 |
| VIII. | 13 | 5 | 2 | 8 |
| IX. | 5 | 4 | 3 | 1 |
| X. | 29 | 14 | 9 | 15 |
| XI. | 3 | 3 | 2 | 0 |
| XII. | 2 | – | – | 2 |

**നിർദ്ദേശങ്ങളും സാധ്യതകളും**

1. പഞ്ചായത്തിലെ എല്ലാവാർഡുകളിലെയും പട്ടികജാതികോളനികളിൽ വെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടികളുണ്ടാവണം. ഞാറക്കുറ ഗിരിജൻകോളനി, പയ്യനം ഗിരിജൻകോളനി. മുരുക്കംകുണ്ട് പട്ടികജാതികോളനി എന്നിവിടങ്ങളിൽ രൂക്ഷമായ കുടിനീർക്ഷാമം അനുഭവപ്പെടുന്നുണ്ട്.

2. മുരുക്കുംകുണ്ട് പട്ടികജാതി കോളനിയിലേക്കുള്ള ചേരുംകുഴി, മുരുക്കംകുണ്ട് കോളനിറോഡ് ഗതാഗതയോഗ്യമാക്കണം.

3. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്ത പട്ടികജാതി/വർഗ്ഗ വിഭാഗക്കാർക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

4. പഞ്ചായത്തിലെ ഭൂരിഭാഗം പട്ടികജാതിക്കാർക്കും സാനിറ്റേഷൻ സൗകര്യമില്ലാത്തതിനാൽ വിവിധ സ്കീമുകളിൽ അനുവദിക്കുന്ന ലാട്രിൻ ഇവർക്ക് ലഭ്യമാക്കണം. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിനും സമയബന്ധിതമായ നടപടികളുണ്ടാവണം.

5. പട്ടികജാതിക്കാർക്ക് പരമ്പരാഗത കൈതൊഴിലുകൾ ചെയ്യുന്നതിനുള്ള സഹായം ചെയ്തുകൊ

ടുക്കണം. വീട് ഇല്ലാത്ത പട്ടികജാതിക്കാർക്ക് വിവിധ ഭവനനിർമ്മാണപദ്ധതികളിലുൾപ്പെടുത്തി വീടുകൾ നല്കുന്നതിനുള്ള നീക്കങ്ങളുണ്ടാവണം.

6. സാമ്പത്തികബുദ്ധിമുട്ടുകൾ കാരണം സ്കൂളുകളിൽ പോകുവാൻ വിഷമിക്കുന്ന പട്ടികാതി വിദ്യാർത്ഥികളുടെ പഠനം തുടങ്ങുന്നതിനുള്ള സഹായങ്ങൾ ചെയ്യണം. പട്ടികജാതി സങ്കേതങ്ങളെ കേന്ദ്രീകരിച്ച് എല്ലാവാർഡുകളിലും സാക്ഷരതാ പരിശീലനകേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

7. 6-ാംവാർഡിൽ പട്ടികജാതി കോളനിയിൽ നിലവിലുള്ള ശ്മശാനത്തിന് മതിൽകെട്ടി സംരക്ഷിക്കണം. ഇവിടെ നിലവിലുള്ള കുളം വൃത്തിയാക്കി കല്പടവുകൾ കെട്ടിയാൽ വളരെയേറെ ആളുകൾക്ക്

കുളിക്കുന്നതിനുള്ള സൗകര്യം കിട്ടും. ഇവിടെയുള്ള മുള-കൈതൊഴിൽ സഹകരണസംഘം പുനരുജ്ജീവിപ്പിക്കണം

8.സ്ത്രീകളുടെ ക്ഷേമത്തിന് പ്രത്യേകം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

9. ഈ പഞ്ചായത്തിലെ 7-ാംവാർഡിൽ 14 വർഷങ്ങളായി ഗവൺമെന്റ് പതിച്ചുകൊടുത്ത് താമസക്കാരില്ലാതെ ഉപയോഗശൂന്യമായി കിടക്കുന്ന മിച്ചഭൂമി അർഹതപ്പെട്ടവർക്ക് പതിച്ച് കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

10. ശുചിത്വത്തെക്കുറിച്ചും ആരോഗ്യപരിപാലനത്തെക്കുറിച്ചും ബോധവാന്മാരാക്കുന്നതിനുവേണ്ടിയുള്ള ക്ലാസ്സുകൾ പട്ടികജാതി സങ്കേതങ്ങളെ കേന്ദ്രീകരിച്ച് നടത്തണം.

11. കാച്ചേരി IHDP കോളനിയിൽ വീടുകളിലെ മലിനജലം മറ്റുള്ളവർക്ക് ശല്യമാകാത്ത തരത്തിൽ ഒഴുകിപോകുന്നതിനുള്ള ചാലുകൾ നിർമ്മിക്കണം. ഇവിടെ T.V സെന്ററിനെ തൊട്ടുകിടക്കുന്ന കുളം താഴ്ത്തി ശുദ്ധീകരിച്ചാൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും വളരെ പ്രയോജനമുണ്ടാകും.

12. കാച്ചേരി സെന്റർ കേന്ദ്രീകരിച്ച് ഒരു റേഷൻകട തുടങ്ങണം.

13. ഓലമേഞ്ഞ വീടുകൾ ഓടാക്കുന്നതിനും അറ്റകുറ്റപണികൾ ആവശ്യമുള്ള വീടുകൾക്ക് അവ ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുണ്ടാവണം.

14. വനിതകൾക്കുവേണ്ടി സഹകരണാടിസ്ഥാനത്തിൽ ചെറുകിടവ്യവസായ യുണിറ്റുകൾ സ്ഥാപിക്കുകയും കുടിൽവ്യവസായങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണം. ഇങ്ങനെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിക്കുന്നതാണ്.

15. T.V. നിലയങ്ങളോടനുബന്ധിച്ച് റോളിംഗ് അടിസ്ഥാനത്തിൽ പുസ്തകങ്ങൾ ലഭ്യമാക്കുന്ന വായനശാല ആരംഭിക്കുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തുക.

16. പഞ്ചായത്തിലെ 8-ാംവാർഡിലെ പട്ടികജാതികോളനിയിലെ മെറ്റൽറോഡ് ടാർ ചെയ്യുന്നതിനുള്ള നീക്കങ്ങൾ ഊർജ്ജിതപ്പെടുത്തുക.

17. ഈ കോളനിയിൽ വാടകസ്ഥലത്ത് സ്ഥിതിചെയ്യുന്ന ബാലവാടിക്ക് വേണ്ട സൗകര്യങ്ങൾ ചെയ്യുകയും ഇവിടെ ടീച്ചറുടെ സഹായത്തിനായി ഒരു ആയയെ നിയമിക്കുകയും ചെയ്യുക.

18. പട്ടികജാതി/ വർഗ്ഗക്കാരുടെ ക്ഷേമം മുൻനിർത്തി 7-ാംവാർഡിലും പബ്ലിക് ടെലഫോൺ ബൂത്തുകൾ ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടാവണം.

19. പുറമ്പോക്കിൽ താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലവും താമസിക്കുന്നതിന് വീടും ലഭ്യമാക്കണം.

20. കലാ-കായിക മത്സരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ നടത്തണം.

21. കാർഷിക പെൻഷൻ, വികലാംഗപെൻഷൻ, തൊഴിലില്ലായ്മവേതനം എന്നിവ പട്ടികജാതിക്കാർക്ക് യഥാസമയം ലഭ്യമാക്കണം.

22. പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരുടെ വയറിംഗ് കഴിഞ്ഞവീടുകൾക്ക് വൈദ്യുതി കണക്ഷൻ എത്രയും പെട്ടെന്ന് ലഭിക്കുന്നതിനുള്ള നടപടികളുണ്ടാവണം.

23. 7-ാംവാർഡിലെ മിച്ചഭൂമിയിൽ കിടക്കുന്ന പഞ്ചായത്തിന്റെ സ്ഥലത്തിൽ ഒരു ബാലവാടിയും പ്രാഥമികആരോഗ്യകേന്ദ്രവും സ്ഥാപിക്കണം.

24. പരമ്പരാഗതകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യണം.

25. മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങൾ പട്ടികജാതി/വർഗ്ഗക്കാർക്ക് ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാകണം.

26. ബോധവൽക്കരണക്ലാസ്സുകൾ ഇടക്കിടെ സംഘടിപ്പിക്കണം. ഇവർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങളും ആസ്തികളും കൈമാറ്റം നടത്താതിരിക്കുന്നതിനുള്ള നിയമനടപടികൾ ഉണ്ടാകണം.

# വിഭവസമാഹരണം

പ്രാകൃതകാലത്തിന്റെ കൈമാറ്റ(ബൾട്ടർ) രീതിയിൽ തുടങ്ങുന്ന ചരിത്രവും; വർത്തമാനത്തിന്റെ ഊഹകച്ചവടഓഹരിവിപണിവരെയുള്ള വികാസവും– മാനവരാശിയുടെ ചരിത്രം കൂടിയാണ്. നാണയത്തിന്റെ നാൾതുടങ്ങി വിലയും വിലയിടിവും (നാണയത്തിന്റെഉൾപ്പെടെ) നിത്യപ്രതിഭാസങ്ങളായി.

ഗ്രാമങ്ങളുടെ സമഗ്രവികസനത്തിന് വിപുലവും വിശാലവുമായ വിഭവസമാഹരണം അത്യന്താപേക്ഷിതമാണ്. സംസ്ഥാനതലത്തിലുള്ള സാധാരണ ഗ്രാന്റുകളും സ്പെഷൽഗ്രാന്റുകളും സമയാസമയങ്ങളിൽ വാങ്ങിച്ചെടുക്കുന്ന കാര്യത്തിൽ ജാഗ്രതപുലർത്തുന്നതോടൊപ്പം തനതായ ധനാഗമമാർഗ്ഗങ്ങളെകുറിച്ചുകൂടി ഗൗരവപൂർവ്വം ആലോചിക്കേണ്ടിയിരിക്കുന്നു. ഈ അടുത്തുവരെ സുസ്ഥിര വരുമാനമാർഗ്ഗങ്ങൾ വിപുലമല്ലാതിരുന്നിട്ടുകൂടി പഞ്ചായത്ത് സ്പെഷൻഗ്രേഡ് വിഭാഗത്തിൽപെടുന്നു. പഞ്ചായത്തിന്റെ സാമ്പത്തികസ്ഥിതി വിശകലനം ചെയ്യുന്നതിന് താഴെ കൊടുക്കുന്ന പട്ടിക പ്രയോജനീഭവിക്കും.

1991 അടിസ്ഥാമാക്കി 1995–96 ൽ എത്തുമ്പോൾ വരുമാനവർദ്ധനവും 43.53% ആണെന്നു കാണാം. തനതുവരുമാനത്തിൽ നികുതിയിനത്തിലും നികുതിയേതര ഇനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നടത്തറയിലും പൂച്ചട്ടിയിലും പണിതീർന്ന് പ്രവർത്തമാരംഭിച്ച ഷോപിംഗ് കോംപ്ലക്സുകൾ പഞ്ചായത്തിന് മുതൽക്കൂട്ടാണ്. വരുമാനവർദ്ധന

**വരവ് സംബന്ധിച്ച വിവരം.**

| ഇനം | സമാഹരിച്ച തുക (രൂപയിൽ) | | | | |
|---|---|---|---|---|---|
| | 1991–92 | 92–23 | 93–94 | 94–95 | 95–96 |
| കെട്ടിട നികുതി | 276591.00 | 291967.00 | 405745.00 | 439232.00 | 501367.75 |
| തൊഴിൽ നികുതി | 86600.00 | 91875.00 | 109930.00 | 147680. 00 | 19875.00 |
| സർവീസ് ചാർജ്ജ് | – | – | – | – | – |
| വാഹനനികുതി | – | – | – | – | – |
| വിനോദനികുതി | 5006400.00 | 58005.00 | 71101.00 | 65797.00 | 67092.00 |
| അഡി: വിനോദനികുതി | 33063.00 | 38642.00 | 43592.00 | 42987.00 | 41750.00 |
| പ്രദർശനനികുതി. | 3020.00 | 3221.00 | 4576.00 | 6379.00 | 6442.00 |
| പ്രദർശനനികുതി സർചാർജ്ജ് | 755.00 | 805.00 | 1144.00 | 1594.00 | 67092.00 |
| ലൈസൻസ്ഫീസ് | 37697.00 | 52273.00 | 52196.00 | 475360.00 | 41750.00 |
| വസ്തുകൈമാറ്റനികുതി | 136554.00 | 227473.00 | 1490430.00 | 436944.00 | 76725.00 |
| സർക്കാർ ഗ്രാന്റുകൾ അല്ലാത്ത മറ്റുവരവുകൾ | 21341.00 | 29689.00 | 17694.00 | 125564 | 361165.00 |
| ഡെപ്പോസിറ്റ് | 43012.00 | 70121.00 | 4665.00 | 421610.00 | 119832.00 |
| മറ്റുള്ളവ | 520479.98 | 776237.51 | 753338.00 | 5988475.00 | 1293642.00 |
| ആകെ. | 1209176.92 | 1277199.51 | 1954357.00 | 2761782.00 | 1277492.75 |

വിലെ ഗണ്യമായ ഒരു ഭാഗം സർക്കാരിൽനിന്നും ലഭിച്ച സ്പെഷൽഗ്രാന്റുകൾകൊണ്ട് ഉണ്ടായതാണ്. ഫ്ളഡ്, ഡ്രോട്ട്, തുടങ്ങിയുള്ള ദുരിദ്വാശ്വാസഗ്രാന്റുകൾ പിടിച്ചുവാങ്ങുന്നതിൽ ഭരണസമിതി കാട്ടിയിട്ടുള്ള ശുഷ്കാന്തി ശ്രദ്ധേയമാണ്.

**1995-96 ലെ കണക്കനുസരിച്ച് ഉപാധിരഹിതഫണ്ട് JRY എന്നീവിഭാഗത്തിന് അനുവദിച്ച ഫണ്ടിന്റെ വിവരം താഴെ ചേർക്കുന്നു.**

| V.R.M Rs. | M.I. Rs. | V.T.C. Rs. | അടിസ്ഥാനനികുതി. 25% | 75% | special Grand Rs. | J.R.Y Rs. | U.T.F Rs | Total |
|---|---|---|---|---|---|---|---|---|
| 26952.00 | 5750.00 | 259547.00 | – | 27889.00 | 249079.00 | 388303.00 | 329450.00 | 1286967.00 |

മുകളിൽ കാണിച്ചിരിക്കുന്ന പട്ടികയനുസരിച്ച് J.R.Y ഇനത്തിൽ 30.17% വും ഉപാധിരഹിതഫണ്ട് ഇനത്തിൽ 25,59 % നമുക്ക് ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് 199-96 സാമ്പത്തികവർഷത്തിൽ പഞ്ചായത്തീരാജ്നിയമം പ്രകാരം മറ്റുവകുപ്പുകളിൽനിന്നും അനുവദിച്ചതുക താഴെ പട്ടികയിൽ ചേർക്കുന്നു.

| വകുപ്പ്. | അനുവദിച്ച തുക. |
|---|---|
| മൃഗസംരക്ഷണം. | 2400.00 |
| ആരോഗ്യം, | 68483.00 |
| കൃഷി | 1119350.00 |
| S.C. ക്ഷേമം | 22430.00 |
| മറ്റുള്ളവ (ഡയറി) | 300.00 |
| ആകെ | 1211963 |

പദ്ധതിവിഹിതം എന്നരീതിയിൽ അനുവദിക്കപ്പെട്ട ഈ തുക അതാതുമേഖലകളിൽ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിന് സ്വാശ്രയപഞ്ചായത്ത് (S.R.V) പദ്ധതിപ്രകാരവും, എം.പി.മാരുടെ പ്രാദേശികവികസനഫണ്ടുപ്രകാരവും ലഭിച്ച തുകയും കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടിന്റെ ഇത്രയുംവരെ വരവിനെ സംസന്ധിച്ചാണ് നാം ചർച്ച ചെയ്തത്. 1991-1996 വർഷകാലത്തെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.(പട്ടിക അടുത്ത പേജിൽ)

1991 നെ ആധാരമാക്കി 95-96 ൽ എത്തുമ്പോൾ ചെലവിനത്തിൽ 37.20% വർദ്ധിക്കുന്നതായി കാണാവുന്നതാണ്.

പഞ്ചായത്തിലെ മൊത്തവരുമാനത്തിന്റെ 21.83% ത്തോളം ഭരണചെലവുകൾക്കാണ് ഉപയോഗിക്കുന്നത്. ജീവനക്കാരുടെ ശമ്പളം അലവൻസുകൾ തുടങ്ങി പഞ്ചായത്തിന്റെ പരിധിയിൽ നിയന്ത്രിക്കാവുന്നതല്ല ഈ മേഖലയിലെ ചിലവ് എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1995-96 ലെ മൊത്തം ചിലവിൽ 25.74% ആണ് പൊതുമരാമത്തിനാൽ വിനിയോഗിച്ചത്. കോൺട്രാക്ടർ, നോമിനി. ജനകീയകമ്മറ്റി തുടങ്ങിയ വ്യത്യസ്ഥരീതികൾ പൊതുമരാമത്ത് പണികൾ നടത്തുന്നതിലേക്കായി കഴിഞ്ഞ പത്തുവർഷക്കാലത്തിനിടയിൽ അവലംബിച്ചീട്ടുണ്ട്. എന്നാൽ ഏതുസംവിധാനത്തിലും പ്രത്യക്ഷമായോ പരോക്ഷമായോ സ്വകാര്യകോൺട്രാക്ടർമാർ ഇടപെട്ടിരുന്നു എന്നതാണ് പരമാർത്ഥം. ഈ മേഖലയിൽ ഉണ്ടെന്നുപറയപ്പെടുന്ന അഴിമതിയും പൊതുനഷ്ടവും കണക്കിലെടുത്ത് പൊതുനഷ്ടം ഇല്ലാകാത്തുന്നതിനുള്ള മോണിട്ടറിംഗ് ഏജൻസിയായി സുതാര്യമാകുന്നതോടെ സോഷ്യൻ ഓഡിറ്റിംഗ് ഏജൻസിയായി ഗ്രാമസഭകൾക്ക് വളരാവുന്നതാണ്, പൊതുമരാമത്തുപണികൾ സുതാര്യമാകുന്നതോടെ സോഷ്യൻ ഓഡിറ്റിംഗിനെകുറിച്ചുള്ള നവാവബോധം ജനങ്ങളിൽ പ്രചരിക്കുമെന്നു കരുതാവുന്നതാണ്. മാർക്കറ്റ് നിർമ്മാണത്തിന് എടുത്ത R.D.B കടം തിരിച്ചടവിനത്തിൽ 110520/- രൂപ ബാദ്ധ്യതയാണ്. പ്രത്യക്ഷഉല്പാദനമേഖലയിലേക്ക് പഞ്ചായത്ത് നേരിട്ടിറങ്ങുന്നതിനുള്ള സാദ്ധ്യതകൾ ആരായണം.

പഞ്ചായത്തുകൾക്കുള്ള ധനകാര്യഅവകാശങ്ങളെകുറിച്ച് പുനരവലോകനം അനിവാര്യമാണ്. പഞ്ചായത്തുകൾ സാധാരണയായി പിരിച്ചെടുക്കാറുള്ള കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, ലൈസൻസിഫീ, എന്നിവയ്ക്കു പുറമെ പുതിയതായി ഏതൊക്കെ നികുതി ചുമത്താമെന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ 201-ാംവകുപ്പും ചൂണ്ടികാണിക്കുന്നു. വിവിധസേവനങ്ങൾക്കുള്ള

| ഇനം | 1991–92 | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|---|
| ഭരണം | 367734.00 | 378877.00 | 390397.00 | 515491.00 | 69472.00 |
| പൊതുമരാമത്ത്. | 276184.00 | 595347.00 | 970676.00 | 644108.00 | 38904.00 |
| വിദ്യാഭ്യാസം. | 33056.00 | 17531.00 | 32889.00 | 31255.00 | 38904.00 |
| ജലവിതരണം | 36840.00 | 50565.00 | 31062.00 | 63333.00 | 109446.00 |
| പൊതുജനാരോഗ്യം | 15206.00 | 29009.00 | 45562.00 | 41624.00 | 72431.00 |
| തെരുവു വിളക്കുകൾ | 133654.00 | 208934.00 | 176685.00 | 229693.00 | 183998.00 |
| മറ്റുള്ളവ | 107559.85 | 93999.30 | 167048.00 | 1073818.00 | 961950.00 |
| ആകെ.970232.85 | 1374262.30 | 1614319.00 | 2599322.00 | 2599322.00 | 2607578.00 |

സേവന നികുതി, സെന്റിന് 30രൂപ പ്രകാരമുള്ള ഭൂപരിവർത്തന നികുതി ഭൂമിക്ക് വിലയുടെ 100 ന് 1 രൂപ നിരക്കിൽ പിരിച്ചെടുക്കാവുന്ന ഉപഭൂനികുതി എന്നിവ ഈ വിഭാഗത്തിൻ വരുന്നു. ഇവയുടെ സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. കെട്ടിടനികുതിക്കുപുറമെ പിരിക്കുന്ന ലൈബ്രറിസെസ് 5% അശാസ്ത്രീയമായതിനാൽ നിറുത്തൽചെയ്ത് വെള്ളം, വെളിച്ചം, റോഡ് സർചാർജ്ജ് ആയി 10% ഏർപ്പെടുത്താവുന്നതാണ്. അടിസ്ഥാന നികുതി ഗ്രാന്റ് ഇനത്തിൽ 95–96/27889 രൂപവരുമാനമാണ് പഞ്ചായത്തിന് ലഭിച്ചത്. പഞ്ചായത്തുകൾക്കുള്ള ഗാരന്റുകളും നികുതിവിഹിതവും കാലതാമസമില്ലാതെ സ്വാഭാവികമായ രീതിയിൽ ലഭിക്കാനുള്ള നിയമനടപടികൾ ഉണ്ടാകണം. ഗവൺമെന്റിന്റെ ഭരണഘടനാപരമായ ബാദ്ധ്യതയായി ഇതു മാറണം. ത്രിതല പഞ്ചായത്ത് സംവിധാനം സംസ്ഥാനത്ത് ശക്തമായി നിലവിൽ വന്നതുകൊണ്ട് സ്വതന്ത്രമായ ഫിനാൻസ് കമ്മീഷൻ(പഞ്ചായത്തുകൾക്കുമാത്രം) എന്ന നിർദ്ദേശത്തിനും പ്രസക്തിയുണ്ട്.

പ്രവാസിഭാരതീയരുടെ വ്യാപകമായി ഗൾഫ് മേഖലയുടെ സംഭാവന പഞ്ചായത്ത് സമ്പദ്വ്യവസ്ഥയിൽ ഗണനീയമാണ്. ഇത്തരക്കാരുടെ സംഭാവനയെകുറിച്ച് പഞ്ചായത്ത് തലത്തിൽ കൃത്യമായ സ്ഥിതിവിവരകണക്കുകൾ ലഭ്യമല്ല. ജനകീയപങ്കാളിത്തത്തോടുകൂടി നിർമ്മാണപ്രവർത്തനങ്ങൾക്ക് ധാരാളം മാതൃകകൾ നിലവിലുണ്ട്. 12– ാം വാർഡിലെ മെർലിൻ ഗാർഡൻ റോഡ്, ഉത്തമദൃഷ്ടാന്തം.

പഴയ ബ്ലേഡുകമ്പനികളുടെ പുനരവതാരങ്ങൾ പഞ്ചായത്തിൽ വ്യാപകമാണ്. 40% മുതൽ 120 % ൽ അധികം പലിശ കൈപറ്റുന്ന ഇവരിലേക്ക് സാധാരണക്കാരൻ കടന്നുകയറി പോകുന്നത് വ്യവസ്ഥകൾ ലളിതമാണ് എന്നതുകൊണ്ടാണ്. നിക്ഷേപസമാഹരണത്തിന് ഒരുപാട് പുതിയ രീതികൾ ഇവർ അവലംബിക്കുന്നു, വ്യക്തിഗതബാങ്കുകൾ തഴച്ചുവളരുന്നതും ലളിതമായ ഇടപാടുവ്യവസ്ഥകൾ കൊണ്ടാണ്. ഇടപാടുകൾ ഗോപ്യമാണ് എന്നതുകൊണ്ടുതന്നെ ഈ മേഖലയിൽ ക്രയവിക്രയം ചെയ്യപ്പെടുന്ന തുകയുടെ യഥാർത്ഥവലിപ്പം കണക്കാക്കുക എളുപ്പമല്ല. ഇത്തരത്തിലുള്ള മേഖലയിലെ സമ്പത്തിനെ എങ്ങനെ ഉല്പാദനമേഖലയിലേക്ക് കൊണ്ടുവരാമെന്നത് പഞ്ചായത്ത് തലത്തിലുള്ള ചർച്ചകൊണ്ട് സാർത്ഥകമല്ല.

**നിലവിലുള്ള ബാങ്കുകൾ**

പഞ്ചായത്തുപ്രദേശത്തെ ഏറ്റവും പ്രമുഖ ധനകാര്യബാങ്ക് നടത്തറ ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്കാണ്. പഞ്ചായത്തിലെ 1,2,5,6,7,9,10 ,11,12 എന്നീ വാർഡുകൾ പാർമേഴ്സ്ബാങ്കിന്റെ പ്രവർത്തനമേഖലയാണ്. തൃശ്ശൂർ ജില്ലയിലെ തന്നെ ഗണനീയമായ സാമ്പത്തികസ്ഥാപനമാണിത്. പഞ്ചായത്തിലെ 3,4 വാർഡുകൾ പ്രവർത്തന ഏരിയയായ മൂർക്കനിക്കര ബാങ്കും 8–ാംവാർഡ് പ്രവർത്തന ഏരിയയായ മുസ്പെറ്റ് ബാങ്കും സഹകരണരംഗത്തെ സാമ്പത്തികസംരംഭങ്ങളാണ്. പഞ്ചായത്തിന്റെ പൊതുവികാസം ലാക്കാകുന്നതും നാടിന്റെ ഹൃദയസ്പന്ദനം തൊട്ടറിയുന്നതുമായ സാമ്പത്തീകാസൂത്രണം കാലികപ്രസക്തി മനസ്സിലാക്കി സഹകരണസാമ്പത്തികസ്ഥാപനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

**നടത്തറപഞ്ചായത്തിൽ സേവനം ലഭിക്കുന്ന പ്രമുഖബാങ്കുകൾ**

സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാൻവൻകൂർ, തൃശ്ശൂർബ്രാഞ്ച്, പഞ്ചാബ് നാഷണൽ ബാങ്ക്, മൂർക്കനിക്കര ബ്രാഞ്ച്, ഫെഡറൽബാങ്ക്, തൃശ്ശൂർബ്രാഞ്ച്, കൊച്ചിൻഭൂവികസനബാങ്ക്, തൃശ്ശൂർബ്രാഞ്ച്.

**പ്രശ്നങ്ങൾ**

1. നികുതി പിരിച്ചെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ –നികുതി ചോർച്ചയും നികുതിവെട്ടിപ്പും

2. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സ്വയം തൊഴിലിനും മറ്റു വ്യവസായ സംരംഭത്തിനും വായ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ

3) പഞ്ചായത്തുകളിലെ പൊതുമരാമത്തുപണികളിൽ സ്വകാര്യ കോൺട്രാക്ടർമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഇടനിലക്കാരും ഉണ്ടാക്കുന്ന ക്രമാതീത ലാഭം

4) അറ്റകുറ്റപണികൾക്കും പുതിയ പണികൾക്കും ഉള്ള ഫണ്ടിന്റെ അഭാവം

5) ഉയർന്നുകൊണ്ടിരിക്കുന്ന പദ്ധതിയിതര ചിലവുകൾ

**നിർദ്ദേശങ്ങൾ**

1) സേവനനികുതി, ഭൂപരിവർത്തനനികുതി, ഉപഭൂമിനികുതി തുടങ്ങിയവയുടെ സാധ്യതകൾ ആരായുക. വെള്ളം റോഡ്, വെളിച്ചം എന്നിവയ്ക്ക് കെട്ടിട നികുതിയുടെ 10% സർച്ചാർജ്ജ് ഏർപ്പെടുത്താവുന്നതാണ്.

12) നിർമ്മാണപ്രവർത്തനങ്ങളിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുക. റോഡുനിർമ്മാണം തുടങ്ങിയവയിൽ 20% മെങ്കിലും പ്രാദേശികവിഹിതം പൊതുജനങ്ങളിൽ നിന്നും സംഭാവനയായി സമാഹരിക്കുക.

3) ചിലവുകുറയ്ക്കുന്നതിനുള്ള സാധ്യതകൾ ആരായുക

4) വിദേശമലയാളികളിൽനിന്നും ഉൽപാദന മേഖലയിൽ നിക്ഷേപിക്കാവുന്ന വിധത്തിൽ വിഭവസമാഹരണത്തിനുള്ള പദ്ധതി രൂപപ്പെടുത്തുക. വിദഗ്ദരും പഞ്ചായത്തു ഭരണസമിതിയും ഗൾഫ് മലയാളികളും ഉൾപ്പെടുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപപ്പെടുത്താവുന്നതാണ്. പഞ്ചായത്ത് ഒരു ലെയ്സൻ ഓഫീസ്സായി ഇതിനുവേണ്ടി പ്രവർത്തിക്കണം.

5) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് അവ കൂടി ഉൾപ്പെടുന്ന തരത്തിലുള്ള പഞ്ചായത്തുതല വികസനസമിതി രൂപീകരിക്കുക. ഈ സമിതിയുടെ നേതൃത്വത്തിൽ ധനകാര്യസ്ഥാപനങ്ങൾക്കും നിക്ഷേപകർക്കും സ്വീകാര്യമായ തരത്തിലുള്ള സ്കീമുകൾ തയ്യാറാക്കുക.

6. പ്രാദേശികതലത്തിൽ വികസനപ്രവർത്തനം നടത്തുമ്പോൾ പ്രദേശിവിഭവസമാഹരണം-ധനം-മനുഷ്യവിഭവം എന്നിവ ഉറപ്പാക്കുക. ഇക്കാര്യത്തിൽ മൂർത്തമായ നിർദ്ദേശങ്ങൾ ആവിഷ്കരിക്കുക മനുഷ്യദ്ധ്വാസംവിധാനം ഇതിന്റെ ഭാഗമായി നിർബന്ധമായും ഉണ്ടാകണം.

7. പഞ്ചായത്തിന്റെ സ്ഥിരവരുമാനം വർദ്ധിപ്പിക്കുന്നതിനേ പ്രധാനസെന്ററുകളിൽ ഭൂമിവാങ്ങി, മാർക്കറ്റ്, ഷോപ്പിംഗ്കോംപ്ലക്സ് എന്നിവ നിർമ്മിച്ച് വാടയ്ക്ക് കൊടുക്കുക.

8. വ്യവസായ തുടങ്ങുന്നതിന് തല്പരരായവരെ പ്രത്യേകിച്ച് വ്ദേശമലയാളികളെ സംഘടിപ്പിച്ച് വ്യവസായ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുക.

9. പഞ്ചായത്ത് അടിസ്ഥാനത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരുടെ സംഘടിതപ്രവർത്തനമേഖല രൂപീകരിക്കുക. വിവിധതരത്തിലുള്ള സേവനം ചെയ്യുന്നതിന് താല്പര്യമുള്ള യുവജനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. ●

---

***വിഭവസമൃദ്ധി അപ്രാപ്യമായ സ്വപ്നമാണ്. അതുകൊണ്ടുതന്നെ ഈ ചർച്ചയും അപൂർണ്ണമാണ്. പൂർണ്ണതതേടിയുള്ള അന്വേഷണം ചക്രവാളം തേടിയുള്ള യാത്രയും. പക്ഷെ നാം കല്പാന്തത്തോളം യാത്ര തുടരും.............. തുടരും..............***

---



## പിൻകുറിപ്പ്

വിഷയങ്ങളെക്കുറിച്ചുള്ള സംക്ഷിപ്ത അവലോകനം ഇവിടെ പൂർത്തിയാകുന്നു. വികസന രേഖയെ അടിസ്ഥാനമാക്കി നടക്കാനിരിക്കുന്ന ഗ്രൂപ്പ് തലചർച്ചയിൽനിന്നും– ഊതി കാച്ചിപൊന്നെടുത്ത്– സ്കീമുകളും പ്ലാനുകളുമാക്കി മാറ്റുക എന്ന വൈദഗ്ധ്യം ആവശ്യപ്പെടുന്ന ജോലി ടാസ്ക്ഫോഴ്സ് നിറവേറ്റും.

പണിപുരയിൽ ഒത്തിരിവെട്ടത്തിന്റെ ചൂരും ചുണയുമായ ഏവർക്കും നന്ദി..........നന്ദി.................

**പത്രാധിപസമിതി–**

ഗ്രാമവികസനരേഖ–96

നടത്തറഗ്രാമപഞ്ചായത്ത്.







